2024 NOVEMBER 23

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: ayalee.com | Phone: 917 324 4907; 917 662 1122



# പ്രിയങ്ക ഗാന്ധി: വയനാട്ടിൽ നിന്ന് ഒരു ദേശീയ നേതാവ്

## കേരളത്തിൽ അട്ടിമറിയില്ല; പക്ഷേ....
## മഹാരാഷ്ട്ര കൈവിട്ടു; ജാർഖണ്ഡ് പിടിച്ചു



## ആരോഗ്യരംഗത്ത് പുതിയ ദിശാബോധവുമായി 'നൈന'യുടെ സമ്മേളനം


PRIDE
diamond collection
Discover a brilliant new world -
with our enchanting world of
unsurpassed diamond jewellery.
Each design is a work of art,
made even more special by the
stones that adorn it.
Joyalukkas
World's favourite jeweller
USA • UK • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • SINGAPORE • MALAYSIA • INDIA




# പ്രിയങ്ക ഗാന്ധി: വയനാട്ടിൽ നിന്ന് ഒരു ദേശീയ നേതാവ്

**പി എസ് ജോസഫ്**

മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പിലുണ്ടായ കടുത്ത തിരിച്ചടിക്ക് ഇടയിലും വയനാട്ടിൽ പ്രിയങ്കാ ഗാന്ധിക്ക് ലഭിച്ച കൂറ്റൻ ജനവിധി നാളത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൻറെ വലിയ സൂചനയാണ് . മഹാരാഷ്ട്ര കൈ വിട്ടെങ്കിലും ജാർഖണ്ടും കർണാടകയും തിരിച്ചു പിടിക്കാൻ കഴിഞ്ഞുവെന്നത് കോൺഗ്രസ് നേതൃത്വം നൽകുന്ന ഇന്ത്യ മുന്നണിക്ക് ആശ്വാസജയമാണ് .എങ്കിലും ഏറ്റവും വലിയ തിളക്കം പ്രിയങ്കയുടെ വിജയത്തിന് തന്നെ . എക്കാലത്തെയും കുറഞ്ഞ പോളിംഗ് മാത്രമാണ് വയനാട്ടിൽ ഉണ്ടായതെങ്കിലും അവർ 612020 വോട്ടു നേടി .നാലു ലക്ഷത്തിലേറെ(404619 ) ഭൂരിപക്ഷം നേടി .എൽ ഡി എഫിന്റെ സത്യൻ മൊകേരിക്ക് നേടാനായത് 209906 വോട്ട് മാത്രം ബി ജെ പിയുടെ നവ്യ ഹരിദാസ് ആകട്ടെ 109202 വോട്ടുകളും .വോട്ടിംഗ് കുറഞ്ഞത് പ്രതിപക്ഷ വോട്ടുകളെയാണ് ബാധിച്ചത് എന്ന് വ്യക്തം. ഇനി ലോകസഭയിൽ സഹോദരൻ രാഹുൽ ഗാന്ധിക്കൊപ്പം അവരും ബി ജെ പി സർക്കാരിനെതിരെ ആഞ്ഞടിക്കാൻ ഉണ്ടാകും എന്നത് കോൺഗ്രസ്സിന്റെ പ്രതീക്ഷകൾ വർദ്ധിപ്പിക്കുന്നു പക്ഷെ തുടർച്ചയായി നിയമസഭകളിലേക്ക് ഉണ്ടാകുന്ന പരാജയങ്ങളും കാൽ ചുവട്ടിലെ മണ്ണ് ഒലിച്ചു പോകുന്നതും എന്ത് കൊണ്ടാണെന്ന് പ്രിയങ്ക കൂടി നേതൃത്വം നൽകുന്ന കോൺഗ്രസ് ആൽമ പരിശോധന നടത്തേണ്ട നേരം കൂടിയാണ് ഇത് .പാലക്കാട് നിയമസഭാ മണ്ഡലത്തിൽ കോൺഗ്രസ്സിനു ബി ജെ പി യെ വീണ്ടും തോല്പിക്കാനും എൽ ഡി എഫിനെ മൂന്നാം സ്ഥാനത്തു തന്നെ നില നിർത്താനും കഴിഞ്ഞുവെന്നത് കേരളത്തിൽ പാർട്ടിയുടെ വേരുകൾ ശക്തമാണ് എന്ന സൂചന നൽകുന്നു .വർഗീയമായ ആക്രമണത്തെ മറികടന്നു കൊണ്ടാണ് വടകരയിൽ എന്നത് പോലെ ഇവിടെയും വിജയിച്ചത് എന്നത് കോൺഗ്രസ്സിന്റെയും സ്ഥാനാർഥിയായ രാഹുൽ മാങ്കൂട്ടത്തിലിന്റെയും ശക്തി വിളിച്ചറിയിക്കുന്നു.തങ്ങളുടെ കോട്ടയായ ചേലക്കര സംരക്ഷിക്കാൻ കഴിഞ്ഞു എന്നതിൽ എൽ ഡി എഫിന് ആശ്വസിക്കാം .പക്ഷെ കാലത്തിന്റെ ചുവരെഴെത്തുകൾ സി പി എം നേതൃത്വം നൽകുന്ന എൽ ഡി എഫിനെ തുറിച്ചു നോക്കുകയാണ് എന്ന യാഥാർത്ഥ്യം വിസ്മരിച്ചു കൂടാ..

നവംബർ ഏഴിന് തിരികെ പോകുമെന്ന് പ്രഖ്യാപിച്ചിരുന്ന പ്രിയങ്ക വിജയം അനായാസമല്ല എന്ന തോന്നലിൽ അവസാന നിമിഷം വരെ വയനാട്ടിൽ പ്രചാരണം തുടർന്നു .മണ്ഡലത്തിലെ വിദൂര ഗ്രാമങ്ങളിൽ പോലും അവർ എത്തി .അവസാനനിമിഷത്തിൽ സഹോദരൻ രാഹുൽ ഗാന്ധി പ്രിയങ്കക്കൊപ്പം വോട്ടർമാരെ നേരിൽ കണ്ടു പ്രിയങ്കക്ക് വേണ്ടി വോട്ടു തേടി .മണ്ഡലത്തിൽ വോട്ടിംഗ് ശതമാനം വല്ലാതെ കുറഞ്ഞുവെങ്കിലും കോൺഗ്രസ്സിനു തങ്ങളുടെ സ്ഥിരം വോട്ടുകൾ ഉറപ്പിക്കാൻ അത് വഴിയൊരുക്കി .

എങ്കിലും വലിയ ആശങ്കകൾ പ്രചാരണത്തെ വലയം ചെയ്തിരുന്നു . രാഹുൽ ഗാന്ധി പോലും നേടാത്ത അഞ്ചു ലക്ഷം ഭൂരിപക്ഷം നേടും എന്ന ആഹ്വാനം അനവസരത്തിലുള്ളതും യാഥാർത്ഥ്യത്തിനു നിരക്കാത്തതുമായിരുന്നു .ഉരുൾ പൊട്ടൽ മൂലമുണ്ടായ വോട്ടർമാരുടെ താൽപര്യക്കുറവും ഉപതെരഞ്ഞെടുപ്പ് അടിച്ചേല്പിച്ചതു കൊണ്ടുണ്ടായ വിരോധവുമെല്ലാം പ്രിയങ്കയുടെ ഭൂരിപക്ഷത്തെ ബാധിക്കാവുന്ന ഘടകങ്ങൾ ആയിരുന്നു .കോൺഗ്രസ്സിന്റെ തുറപ്പ് ശീട്ട് എന്ന് കരുതപ്പെട്ടിരുന്ന ഒരു നേതാവിനെ ഷോ കേസ് ചെയ്യുമ്പോൾ ഒഴിവാക്കാമായിരുന്ന പാളിച്ചകൾ .ഇതിനു പുറമെയായിരുന്നു ഭർത്താവ് റോബർട്ട് വാദ്രയെ പോലുള്ളവർ ഇനി പ്രിയങ്കയെ അനുഗമിക്കും എന്ന ഭീതിയും .പക്ഷെ ആദ്യാവസാനം പ്രിയങ്ക വയനാട്ടിൽ താരമായി തുടർന്നു .അവർ ആരെയും വെറുപ്പിച്ചില്ല

**“ഞാൻ ഒരു പോരാളിയാണ് .നിങ്ങൾക്ക് വേണ്ടി ഞാൻ അന്തിമ നിമിഷം വരെ പോരാടും ’,ആകർഷകമായ ഇംഗ്ലീഷിൽ തികഞ്ഞ ആല്മാർഥതയോടെ വെളുത്ത വസ്ത്രത്തിൽ സുസ്മേര വദനയായി പ്രിയങ്ക ഗാന്ധി വയനാട്ടിലെ പ്രചാരണ യോഗങ്ങളിൽ ആവർത്തിച്ചു …”മുപ്പത്തിയഞ്ചു വർഷമായി മറ്റുള്ളവർക്ക് വേണ്ടി മാത്രമേ താൻ വോട്ട് ചോദിച്ചിട്ടുള്ളൂ എന്നവർ ഓർമിപ്പിക്കുന്നു .ഇത് തെരഞ്ഞെടുപ്പു ഗോദയിലെ തൻറെ അരങ്ങേറ്റം ആണെന്ന് തെല്ലു നാണത്തോടെ അവർ പറയുന്നു**



.സഹോദരൻ രാഹുലിനെ പോലെ സ്വാഭാവികതയോടെ ജനകൂട്ടങ്ങളുമായി ഇടപഴകാൻ കഴിഞ്ഞില്ലെങ്കിലും വോട്ടർമാരിൽ നാടിൻറെ വികാരം ഉൾക്കൊള്ളുന്ന സ്ഥാനാർഥി എന്ന പ്രതിഛായ ഉണർത്താൻ അവർക്ക് കഴിഞ്ഞു

‘‘ഞാൻ ഒരു പോരാളിയാണ് .നിങ്ങൾക്ക് വേണ്ടി ഞാൻ അന്തിമ നിമിഷം വരെ പോരാടും ’,ആകർഷകമായ ഇംഗ്ലീഷിൽ തികഞ്ഞ ആല്മാർഥതയോടെ വെളുത്ത വസ്ത്രത്തിൽ സുസ്മേര വദനയായി പ്രിയങ്ക ഗാന്ധി വയനാട്ടിലെ പ്രചാരണ യോഗങ്ങളിൽ ആവർത്തിച്ചു …’’മുപ്പത്തിയഞ്ചു വർഷമായി മറ്റുള്ളവർക്ക് വേണ്ടി മാത്രമേ താൻ വോട്ട് ചോദിച്ചിട്ടുള്ളൂ എന്നവർ ഓർമിപ്പിക്കുന്നു .ഇത് തെരഞ്ഞെടുപ്പു ഗോദയിലെ തൻറെ അരങ്ങേറ്റം ആണെന്ന് തെല്ലു നാണത്തോടെ അവർ പറയുന്നു ..പ്രിയങ്കക്ക് പറയാനുള്ളത് വയനാടിനു വേണ്ടി തൻറെ സഹോദരൻ രാഹുൽ ഗാന്ധി ചെയ്ത കാര്യങ്ങളാണ്. അവിടെ ഒരു മെഡിക്കൽ കോളേജ് ശക്തമായി പ്രവർത്തിക്കേണ്ടതിനെ പറ്റിയാണ് . വയനാടിനെ ലോക ടൂറിസ്റ്റ് ഭൂപടത്തിൽ പ്രതിഷ്ഠിക്കും . അവിടത്തെ ഉത്പന്നങ്ങൾക്ക് ആഗോള വിപണി ഉണ്ടാക്കും എന്നവർ ഉറപ്പു നൽകുന്നു .വിദ്യാഭ്യാസവും തൊഴിലും ആദിവാസികൾക്ക് മെച്ചപ്പെട്ട അവസരങ്ങളും സൃഷ്ടിക്കുമെന്നു അവർ വാഗ്ദാനം ചെയ്യുന്നു .ദുരന്തത്തിനിരയായ വയനാട്ടിനു സഹായം പ്രഖ്യാപിക്കാത്ത മോദിയെ കുറ്റപ്പെടുത്തുന്നു. വോട്ടർമാർ വളരെ നിശബ്ദരായി അവരുടെ ഓരോ വാക്കും ശ്രവിക്കുന്നു.സ്ത്രീകളുടെ ഒരു വലിയ നിര ശ്രോതാക്കൾ ആയുണ്ട് .അവരുടെ അവകാശങ്ങൾക്കും പ്രതിനിധ്യത്തിനും വേണ്ടി താൻ യത്നിക്കുമെന്നും അവർ പറയുന്നുണ്ട് . പൊതുവേ യു ഡി എഫ് മണ്ഡലമായ ഇവിടെ അവർക്കനുകൂലമാണ് എല്ലാം എന്ന വിശ്വാസം എങ്ങും പ്രകടമായിരുന്നു .താൻ അവർക്കൊപ്പം എക്കാലവും ഉണ്ടാകുമെന്നും പ്രിയങ്ക ഓർമ്മിപ്പിക്കുന്നു .





രാഹുൽപ്രചാരണത്തിന് ഇറങ്ങാത്ത വിദൂരരഗ്രാമങ്ങളിൽപോലും അവർ പ്രചാരണത്തിനെത്തി എന്നു ഒരു വയനാട് സ്വദേശി ചൂണ്ടിക്കാട്ടി .ഒരു വോട്ടും പാഴാക്കരുതെന്ന് അവർ നിശ്ചയിച്ചുറപ്പിച്ചത് പോലെ .അവസാന ദിവസം കാരപ്പാറ ഡാമിലെ സഫാരി പാർക്കിലും എത്തി അവർ സാധാരണ വോട്ടർമാരുടെ കൂടെ കുറെ സമയം ചെലവഴിച്ചു .വയനാടുമായുള്ള തൻറെ സൌഹൃദവും ബന്ധവും തുടരുമെന്ന സൂച്ചനകളോടെ

സി പി ഐ നോമിനിയും എൽ ഡി എഫ് സ്ഥാനാർഥിയുമായ സത്യൻ മൊകേരി അവർക്കെതിരെ ശക്തമായ പ്രചാരണത്തിന് ശ്രമിച്ചുവെങ്കിലും ആ ആവേശം താഴെ തട്ടിൽ പ്രകടമായിരുന്നില്ല . നവ്യ ഹരി ദാസിനെയാണ് ബി ജെ പി സ്ഥാനാർഥിയാക്കിയത് . രാഹുലിനെതിരെ മാറ്റുരച്ച കെ സുരേന്ദ്രനെ പോലെയുള്ള ഒരു നേതാവിന് മുന്നിൽ അവർ അത്ര തിളങ്ങിയില്ല .ശോഭ സുരേന്ദ്രനും നടി ഖുശ്ബുവിനും പകരം അവർക്ക് നറുക്ക് വീഴുകയായിരന്നു .

പ്രിയങ്ക ഗാന്ധി ആദ്യമായി തെരഞ്ഞെടുപ്പു ഗോദയിലേക്ക് ഇറങ്ങുമ്പോൾ സഹോദരൻ രാഹുൽ ഗാന്ധി പോലും നേരിട്ടിട്ടില്ലാത്ത ചോദ്യങ്ങളാണ് അവരുടെ സ്ഥാനാർഥിത്വത്തെ പിന്തുടരുന്നത് .ഒരിക്കൽ കൂടി കേരളത്തിൽ നിന്ന് നെഹ്‌റു ഗാന്ധി കുടുംബത്തിലെ ഒരാൾ മത്സരിക്കുമ്പോൾ ആ രാഷ്ട്രീയ പൈതൃകം ഉയർത്തുന്ന രാഷ്ട്രീയവും സൈദ്ധാന്തികവുമായ ചോദ്യങ്ങൾ അവരെ വലയം ചെയ്യുന്നു . പ്രിയങ്കയുടെ വരവ് സൈദ്ധാന്തികമായി വലിയ ഒരു ആക്രമണത്തിന് വഴി മരുന്നിടുന്നു എന്ന് വ്യക്തം .ബി ജെ പിയുടെ അക്രമാസക്തമായ ഹിന്ദുത്വ അജണ്ട കോൺഗ്രസ്സിൽ നിന്ന് സ്വീകരിച്ചതാണ് എന്ന് 84 ലെ സിഖുകാർക്കെതിരെയുള്ള ആക്രമണം മുന്നിൽ നിർത്തി ഹര്തോഷ് സിംഗ് ബാൽ വാദിക്കുന്നു . വാക്ക് കൊണ്ടു ക്ഷമ പറഞ്ഞത് കൊണ്ടോ മൻ മോഹൻസിംഗിനെ പ്രധാനമന്ത്രിയാക്കിയത് കൊണ്ടോ ആ പാരമ്പര്യം ഇല്ലാതാകുന്നില്ല എന്നദ്ദേഹം പറഞ്ഞു ഇതിനെ നിരാകരിച്ചു കൊണ്ടു പൈതൃകത്തിലെ പിഴവുകൾ ഏറ്റുപറഞ്ഞു പ്രിയങ്കക്ക് സൈദ്ധാന്തികമായി മുന്നേറാനാകുമോ എന്നാണ് ഒരു ചോദ്യം

വയനാട്ടിലെ പ്രചാരണത്തിൽ പുറത്തു നിന്നുള്ള ഈ കോളിളക്കങ്ങൾ ഒന്നും പ്രിയങ്കയെ സ്പർശിച്ചില്ല അവരുടെ പ്രചാരണത്തിനു തടിച്ചു കൂടിയ ജനക്കൂട്ടം ഒരു ഉദാഹരണം മാത്രം .പത്രിക നൽകിയ നാൾ മുതൽ വലിയൊരു ജനക്കൂട്ടം അവരെ പിന്തുടർന്നു ..പ്രാദേശിക രാഷ്ട്രീയത്തിൽ അവർ പരിചിതയല്ല. എങ്കിലും രാഹുലിനു വേണ്ടി പ്രചാരണം നടത്തിയ ഈ സ്ഥാനാർഥി വലിയ ഹിറ്റാണ് . .

.ഒരു പക്ഷെ കോൺഗ്രസ് രാഷ്ട്രീയത്തിൻറെ ഊടും പാവും നിശ്ചയിക്കുന്ന തെരഞ്ഞെടുപ്പു മണ്ഡലമാകും വയനാട് . സോണിയ ഗാന്ധി കഴിഞ്ഞാൽ കോൺഗ്രസ്സിൻറെ പരമോന്നത നേതാവായ



രാഹുൽ ഗാന്ധിയെ ഏറ്റവും നിർണ്ണായകമായ വേളയിൽ രക്ഷിച്ച തെരഞ്ഞെടുപ്പു മണ്ഡലമാണ് വയനാട് .ഒരു പക്ഷെ ദക്ഷിണേന്ത്യയിലെ കോൺഗ്രസിൻറെ കുതിപ്പിനും താല്പര്യത്തിനും പിന്നിൽ വയനാടുമായുള്ള ബന്ധം ഉണ്ട് . താൻ പ്രതിനിധാനം ചെയ്ത വയനാട് മണ്ഡലം സഹോദരി പ്രിയങ്കാ ഗാന്ധിക്ക് നൽകിയപ്പോൾ അത് ഉയർത്തിയ രാഷ്ട്രീയ ചോദ്യങ്ങൾ നിരവധിയാണ് .വയനാട്ടിൽ പ്രിയങ്കയുടെ വിജയം ഉറപ്പായിരുന്നു എങ്കിലും ആ ചോദ്യങ്ങൾ പ്രിയങ്കയുടെ വിശാലമായ രാഷ്ട്രീയ അരങ്ങേറ്റ വേളയിൽ തന്നെ ഉന്നയിക്കപ്പെറ്റു .. അവർ എ ഐ സി സി ജനറൽസെക്രട്ടറി എന്ന നിലയിലും കോൺഗ്രസ് പ്രഥമ കുടുംബത്തിലെ അംഗമെന്ന നിലയിലും കോൺഗ്രസ് രാഷ്ട്രീയത്തിൽ വലിയ സ്ഥാനം വഹിക്കുന്ന വ്യക്തിയാണ് പക്ഷെ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിലേക്കുള്ള അവരുടെ അരങ്ങേറ്റം വയനാട് വഴിയാകുമ്പോൾ ആ ചോദ്യങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്

വാജ് പേയി സർക്കാർ അധികാരത്തിൽ എത്തുകയും ബി ജെപി സർക്കാർ തുടരുകയും ചെയ്യും എന്ന നില നിൽക്കുമ്പോഴാണ് തകർന്നു കിടന്നിരുന്ന കോൺഗ്രസ്സിനു പുതു ജീവൻ നൽകാൻ സോണിയ ഗാന്ധി പ്രിയങ്കയോടൊപ്പം ഒരു വിമാനത്തിൽ സാദാ യാത്രികർ ആയി ശ്രീ പെരംപദൂരിൽ എത്തി രാഷ്ട്രീയത്തിലേക്ക് ഇറങ്ങുന്നുവെന്നു സൂചന നൽകിയത് . അതൊരു വലിയ രാഷ്ട്രീയ നിമിഷമായിരുന്നു പ്രിയങ്കയും രാഷ്ട്രീയത്തിൽ ഇറങ്ങുമെന്ന സൂചനകൾ ഉണ്ടായി പക്ഷെ കുടുംബം മുന്നിൽ എന്ന ചിന്തയിൽ ആകാം സോണിയ പ്രിയങ്കയെക്കാൾ രാഹുലിനെ മുന്നോട്ടു കൊണ്ടു വരാനാണ് യത്നിച്ചത് . .രാഷ്ട്രീയത്തോട് ആഭിമുഖ്യം കുറവായിട്ടും രാഹുൽ നിരന്തരം തൻറെ റോളിൽ മെല്ലെ മെല്ലെ വിജയിക്കുന്നതാണ് നാം കണ്ടത് പക്ഷെ അത് ഇനിയും ഫലവത്താകേണ്ടിയിരിക്കുന്നു .പ്രിയങ്കയെ ഒരു തുരുപ്പു ശീട്ടായി കൊണ്ടു വരാനാണ് കോൺഗ്രസ് കരുതിയിരുന്നതെങ്കിൽ പോലും അവിടെ കണക്കു കൂട്ടലുകൾ പിഴച്ചു . മോദിയും പരിവാരവും ശക്തി സമാഹരിച്ചപ്പോഴാണ് പ്രിയങ്കയെ മനസ്സില്ലാ മനസ്സോടെ കോൺഗ്രസ് രംഗത്ത് ഇറക്കിയത് .ഒരു കാലത്ത് അനായാസമായി നേതൃ നിരയിലേക്ക് കടന്നു വരുമായിരുന്ന അവർ പുതിയ റോളിൽ പരമാവധി തൻറെ ഭാഗം നിറവേറ്റിയെങ്കിലും അതൊന്നും വോട്ടർമാരെ തൃപ്തരാക്കിയില്ല എന്ന് യുപിയിലും മധ്യപ്രദേശിലും നടന്ന തെരഞ്ഞെടുപ്പുകൾ തെളിയിച്ചു . പ്രിയങ്കയെ വേണ്ട നേരത്ത് മത്സരരംഗത്ത് ഇറക്കുന്നതിൽ ഉണ്ടായ കാലതാമസം കോൺഗ്രസ്സിനു ദോഷകരമായി ഭവിച്ചു . കുടുംബത്തെ പിന്തുണയ്ക്കുന്ന കോൺഗ്രസ് വോട്ടർമാർക്ക് അത്തരമൊരു നീക്കം അഭികാമ്യമാകുമായിരുന്നു രാഹുൽ പിച്ച വെച്ചു പഠിച്ചതിനു ശേഷം അദ്ദേഹത്തിനു ഭീഷണി ആകാത്ത വിധം വർഷങ്ങൾക്കു ശേഷമാണ് പ്രിയങ്ക തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് വരുന്നത് ..

പക്ഷെ ദേശീയ രാഷ്ട്രീയത്തിൽ ഒരു കൊടുങ്കാറ്റായി മാറേണ്ട ഒരു നേതാവിന് പറ്റിയ ഇടമാണോ വയനാട് ?രാഹുൽ അഭിമുഖീകരിച്ചതിലും വലിയ ആക്രമണം ഇവിടെ പ്രിയങ്ക നേരിടേണ്ടി വരും .വയനാടിന്റെ വോട്ടർ പ്രതിനിധ്യ സ്വഭാവമാണ് അവരുടെ വിജയം ഉറപ്പാക്കുന്നതെങ്കിലും അത് തന്നെയാണ് അവരെ കുടുതൽ പ്രതിരോധനിരയിൽ നിർത്തുന്നതും .

ഒരു ദേശീയ നേതാവ് വയനാട് പോലെയുള്ള ഒരു ന്യൂനപക്ഷ പട്ടിക വർഗ കർഷക പരിസ്ഥിതിലോലമായ കാനന മേഖലയിൽ മത്സരിച്ചു വിജയിച്ചു എന്നത് ആ മണ്ഡലത്തിനു വലിയ അനുഗ്രഹമാകേണ്ടതാണ് .എന്നാൽ അഞ്ചു വർഷം വയനാട് എം പി യായിട്ടു രാഹുലിന് അവിടെ എന്തെങ്കിലും ഇടപെടൽ നടത്താനായോ ?നിരവധി ഫോട്ടോ അവസരങ്ങൾ സമ്മാനിക്കുന്ന ഈ മണ്ഡലത്തിൽ അതിനപ്പുറം ഒരു ലോകമുണ്ടെന്നു അദേഹം അറിഞ്ഞുവോ?അവിടെ ഒരു സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് മാത്രമല്ല പ്രധാന പ്രശ്നം .?ദേശീയ രാഷ്ട്രീയത്തിൽ മുഴുകുന്ന നേതാവാണ് ആണെങ്കിലും സ്ഥിരമായി ഗാന്ധി പൈതൃകമാക്കാൻ പോകുന്ന ഈ മണ്ഡലത്തെ പറ്റി രാഹുലും പ്രിയങ്കയും ചില കാര്യങ്ങൾ എങ്കിലും അറിയണം

കോഴിക്കോടും മലപ്പുറത്തും വയനാട്ടിലുമായി മൂന്ന് ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന ഈ മണ്ഡലം കേരളത്തിന്റെ ഒരു പരിച്ഛേദമാണ് അതിലുപരി 66 ശതമാനം ന്യൂനപക്ഷങ്ങൾ വോട്ടർമാർ ആയുള്ള മണ്ഡലമാണ് ഇത്. അതാണ്, യു ഡി എഫിൻറെ ഈ വോട്ട് ബാങ്ക് ആണ് വയനാട്ടിലെ കോൺഗ്രസ് വിജയത്തിന് പിന്നിൽ .അതാകട്ടെ ഒരു പരിധി വരെ മുസ്ലിം ലീഗ് യു ഡി എഫ് ഘടക കക്ഷി ആണെന്നതിനെ ആശ്രയിച്ചിരിക്കുന്നു .അതെ പോലെ ക്രിസ്ത്യൻ കുടിയേറ്റക്കാരുടെ വോട്ടും .ഏറെ ചൂഷണത്തിന് വിധേയരായ ആദിവാസികളും ഈ മണ്ഡലത്തിലെ പ്രധാന വോട്ടർമാരാണ് ആ നിലക്ക് വളരെ മർമ്മ പ്രധാനമായ മണ്ഡലമാണിത് . .ഇവരെ എല്ലാം ഒപ്പം കൊണ്ടു നടക്കാൻ കോൺഗ്രസ് നേതൃത്വത്തിന് എക്കാലവും കഴിയുമോ? ഇപ്പോൾ തന്നെ ക്രൈസ്തവ അണികളിൽ വിള്ളൽ കണ്ടു തുടങ്ങിയിരിക്കുന്നു.

പഴയപോലെ കൃഷി ഇന്നിവിടെ ഒരു വരുമാന മാർഗമല്ല . കർഷകർക്ക് പകരം പാറമടക്കാരും റിസോർട്ട് മാഫിയയും വയനാട് സ്വന്തമാക്കിയിരിക്കുന്നു .ഇതിനു പുറമെയാണ് വന്യമൃഗ ജീവി ശല്യം സാധാരണ മനുഷ്യരെ ബാധിക്കുന്നത് . .കൃഷിയും യും കർഷകരും വയനാട്ടിൽ അന്യം നിൽകുന്ന വിധമാണ് മൃഗശല്യം .കേന്ദ്രത്തിൽ അധികാരമില്ലെങ്കിലും സംസ്ഥാനത്ത് അധികാരമുള്ള രണ്ടു മുന്നണികളാണ് ഇവിടെ പ്രധാന പ്രതിയോഗികൾ എന്ന നിലക്ക് ഇവിടത്തെ കർഷകരുടെ അവസ്ഥക്ക് ഇരു വിഭാഗവും ഉത്തരം പറയേണ്ടതുണ്ട് കർഷകർക്ക്, ആദിവാസികൾക്ക് എന്താണ് ഗാന്ധി കുടുംബത്തിനു വാഗ്ദാനം ചെയാനുള്ളത് ?

അതിലും വലിയ പ്രശ്നമാണ് പരിസ്ഥിതിയും ദുരന്ത ബാധിതരുടെ പുനരധിവാസവും . .മുണ്ടക്കൈയും ചൂരൽ മലയും സജീവ

**അവസാന നിമിഷം ഒരു വിഭാഗം വർഗീയതയെ ആശ്രയിക്കാനുള്ള ശ്രമം പോലുമുണ്ടായി . എൽ ഡി എഫ് വീണ്ടും അങ്ങനെയുള്ള അക്രമങ്ങൾ തുടരും എന്ന് വ്യക്തം .അവസാന നിമിഷത്തിൽ കോൺഗ്രസ്സിന്റെ കൈവിട്ടാണ് ഡോ പി സരിൻ ഇവിടെ എൽ ഡി എഫ് സ്ഥാനാർഥിയായത് എന്നോർക്കണം.അദ്ദേഹം മൂന്നാം സ്ഥാനത്തു തന്നെ തുടർന്നു ആയിരം വോട്ടു പോലും കുടുതലായി പിടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല . അതെ പോലെ ബി ജെ പിയിൽ നിന്ന് സന്ദീപ് വാരിയരെ അവസാന നിമിഷം കോൺഗ്രസ് പാളയത്തിൽ കൊണ്ടു വന്നത് കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായോ എന്നും വ്യക്തമല്ല .**

മായി നിൽക്കുന്ന ഈ മണ്ഡലത്തിൽ അവരുടെ കണ്ണീർ ഒപ്പുക എളുപ്പമല്ല . ഇവിടെ പാരിസ്ഥിതിക ദുരന്തങ്ങൾ തടയാൻ എന്ത് നടപടികൾ അവർ സ്വീകരിച്ചു ?ഇനി എന്ത് ചെയ്യാൻ പോകുന്നു ?കുറെ വീടുകൾ കെട്ടി കൊടുത്തത് കൊണ്ടോ താൽക്കാലിക ആശ്വാസം നൽകിയത് കൊണ്ടോ ഈ മേഖലയിലെ പ്രശ്നങ്ങൾ അവസാനിക്കില്ല. ഇപ്പോൾ പുനരധിവാസം തന്നെ വലിയ പ്രശ്നമായി ഉയർന്നിരിക്കുന്നു .പ്രിയങ്കയുടെ മണ്ഡലം എന്ന നിലയിൽ വയനാടിനോടുള്ള അവഗണന കൂടാനാണ് സാധ്യത അതിനെ മറി കടക്കാൻ പ്രിയങ്കക്ക് കഴിയുമോ? ഇതിനെല്ലാം പുറമേ ദേശീയ നേതാവ് ആണെങ്കിലും ഒരു പ്രാദേശിക നേതാവിനെ പോലെ , വയനാട് എം പി യെ പോലെ ,പ്രിയങ്ക പ്രവർത്തിക്കേണ്ടതുണ്ട് . അതായത് ഇവിടംഅവർ തൻറെ രാഷ്ട്രീയ വേദിയായി മാറ്റണം . ഇടക്ക് വന്നു മത്സരിച്ചു പോകുന്ന ഒരു വിനോദ യാത്രിക ആവരുത് അവർ. പുതിയ എം പിയായി ഈ മണ്ഡലത്തിൽ തുടരണമെങ്കിൽ സ്ഥായിയായി ഈ മണ്ഡലവുമായി പ്രിയങ്കക്ക് ബന്ധം വേണം .അതാകട്ടെ കേരളത്തിലെ തരം താണ രാഷ്ട്രീയ യുദ്ധങ്ങളിൽ പങ്കെടുക്കാതെ വേണം താനും .




ചേലക്കരയിൽ യു ആർ പ്രദീപിന്റെ 12201 വോട്ടു ഭൂരിപക്ഷം നേടിയുള്ള വിജയം ഒരു പാഠമാണ് ആ മണ്ഡലം സംശുദ്ധതയോടെ തൻറെയൊപ്പം നിലനിർത്തിയ മുൻമന്ത്രി കെ രാധാകൃഷ്ണന്റെ മികവാണ് ഇവിടെ എൽ ഡി എഫിനെ തുണച്ചത് .ജനങ്ങളുമായുള്ള ബന്ധം നഷ്ടപ്പെടാതെ സൂക്ഷിച്ച യു ആർ പ്രദീപിന്റെ മിടുക്കും .രമ്യ ഹരിദാസ് മികച്ച സ്ഥാനാർഥി ആയിട്ടു പോലും ,എൽ ഡി എഫ് വിരുദ്ധ വികാരം ഉണ്ടായിട്ടു പോലും സ്ഥാനാർഥിയെ അത് ബാധിച്ചില്ല .ഇതു വയനാടിനു മാത്രമുള്ള മാതൃക അല്ല കോൺഗ്രസ്സും സംഖ്യകക്ഷികളും പഠിക്കേണ്ട പാഠം

അല്ലെങ്കിൽ എങ്ങനെയാണ് പാലക്കാട് ബി ജെപിയുടെ സി കൃഷ്ണകുമാർ രണ്ടാമത് എത്തുന്നത്?ചെറിയ ഒരു പാളിച്ച വന്നിരുന്നെങ്കിൽ പോലും ഇവിടെ കോൺഗ്രസ്സിനു കാലിടറുമായിരുന്നു .രാഹുൽ ഇവിടെ 58389 വോട്ടു നേടി 18840 വോട്ടിൻറെ ചരിത്ര ഭൂരിപക്ഷം നേടി എം എൽ എ യായി ..ടീം വർക്കും സ്ഥാനാർഥിയുടെ മികവും ഇവിടെ ഗുണം ചെയ്തു .അവസാന നിമിഷം ഒരു വിഭാഗം വർഗീയതയെ ആശ്രയിക്കാനുള്ള ശ്രമം പോലുമുണ്ടായി . എൽ ഡി എഫ് വീണ്ടും അങ്ങനെയുള്ള അക്രമങ്ങൾ തുടരും എന്ന് വ്യക്തം .അവസാന നിമിഷത്തിൽ കോൺഗ്രസ്സിന്റെ കൈവിട്ടാണ് ഡോ പി സരിൻ ഇവിടെ എൽ ഡി എഫ് സ്ഥാനാർഥിയായത് എന്നോർക്കണം.അദ്ദേഹം മൂന്നാം സ്ഥാനത്തു തന്നെ തുടർന്നു ആയിരം വോട്ടു പോലും കുടുതലായി പിടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല . അതെ പോലെ ബി ജെ പിയിൽ നിന്ന് സന്ദീപ് വാരിയരെ അവസാന നിമിഷം കോൺഗ്രസ് പാളയത്തിൽ കൊണ്ടു വന്നത് കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായോ എന്നും വ്യക്തമല്ല .

വയനാട്ടിൽ ബി ജെപിയുടെ നവ്യ ഹരിദാസ് പുതു മുഖമാണ് എങ്കിലും ദീർഘകാല ലക്ഷ്യത്തോടെയാണ് പാർട്ടി അവരെ നിർത്തിയിരിക്കുന്നതെന്ന് വ്യക്തം .ആ നിലക്ക് പ്രിയങ്കക്ക് ഇനിയുള്ളത് നീണ്ടു നിൽക്കുന്ന വലിയ യുദ്ധമാണ്. ഇന്നത്തെ വിജയത്തോടെ ആ യുദ്ധമണ്ഡലം കുറച്ചു കൂടി വലുതാകുമെന്ന് മാത്രം .ദേശീയ നേതാവ് എന്ന നിലയിൽ തിളങ്ങുമ്പോൾ തന്നെ ഒരു വയനാട് എംപി യായി പ്രിയങ്കക്ക് എത്ര മികവോടെ പ്രവർത്തിക്കാനാകും എന്നതാണ് ഈ തെരഞ്ഞെടുപ്പ് ഉയർത്തുന്ന ചോദ്യം .




India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th
2025
GOKULAM
PARK
Convention Center
KOCHI
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
PLATINUM
MAIN SPONSOR
India Press Club of North America
IPCNA
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar
(Samuel Easo)
National President
Shijo Poulose
National Secretary
Vishakh Cherian
National Treasurer
Sunil Thymattam
Advisory Board
Chairman
Anil Kumar Aranmula
National
Vice President
Asha Mathew
Joint Secretary
Roy Mulakunnam
Joint Treasurer
Sunil Tristar
1-917-662-1122
Shijo Poulose
1-201-238-9654
Vishakh Cherian
1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com



# വയനാട്ടിലും പാലക്കാട്ടും യു.ഡി.എഫ് തരംഗം, ചേലക്കരയിൽ ഇടത് തുടിപ്പ്

**എ.എസ് ശ്രീകുമാർ**

രാഷ്ട്രീയ കേരളം ഉറ്റുനോക്കിയ ഉപതിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ചതു തന്നെയാണ് സംഭവിച്ചത്. വയനാട്ടിൽ പ്രിയങ്കാ ഗാന്ധിയുടെ വിജയം സുനിശ്ചിതമായിരുന്നു. ഭൂരിപക്ഷത്തിന്റെ കാര്യത്തിൽ മാത്രമേ സംശയമുണ്ടായിരുന്നുള്ളു. സി.പി.എമ്മിന്റെ ഉരുക്കുകോട്ടയായ ചേലക്കര അവർ നിലനിർത്തുമെന്ന് ഉറപ്പായിരുന്നു. പാലക്കാട്ടെ വാശിയേറിയ പോരിൽ രാഹുൽ മാങ്കൂട്ടത്തിലിന് അടിപതറില്ലെന്ന കണക്കുകൂട്ടലും പിഴച്ചില്ല.




രാഷ്ട്രീയ നേതാക്കൾക്ക് ഈ തിരഞ്ഞെടുപ്പ് ചില പാഠങ്ങൾ നൽകുന്നുണ്ട്. കോൺഗ്രസിന്റെ യുവ നേതാവ് ഡോ. പി സരിൻ പാർട്ടി മാറി ഇടതു ക്യാമ്പിലെത്തിയതും ബി.ജെ.പിയുടെ സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന സന്ദീപ് വാര്യർ കോൺഗ്രസിലേയ്ക്ക് ചേക്കേറിയതും ഈ ഉപതിരഞ്ഞെടുപ്പിൽ അശേഷം ഏശിയില്ല. കാരണം ഒട്ടും ആശയപരമായിരുന്നില്ല ഇവരുടെ മറുകണ്ടം ചാടലും മലക്കം മറിച്ചിലുകളും.

പാലക്കാട്ട് രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചതിൽ കോൺഗ്രസിനോട് ഇടഞ്ഞ് സി.പി.എം സ്വതന്ത്രനായി മൽസരിച്ച ഡോ. പി സരിന്റെ ഉള്ളിൽ സ്ഥാനാർത്ഥി മോഹമായിരുന്നു. കളം മാറുന്നതിന് തൊട്ടുമുമ്പുവരെ കോൺഗ്രസിനെ നിശിതമായി വിമർശിച്ചിരുന്ന സന്ദീപ് വാര്യരുടെ മനസിലും ചില കോൺഗ്രസ് സ്ഥാനമോഹങ്ങളുണ്ട്. ഇത്തരം സ്വാർത്ഥ മോഹങ്ങൾ തിരിച്ചറിഞ്ഞാണ് സമ്മതി ദായകർ വോട്ടുകുത്തിയത്.

രാഹുൽ ഗാന്ധിയുടെ മണ്ഡലമായ വയനാട് അദ്ദേഹത്തിന്റെ സഹോദരി പ്രിയങ്ക റെക്കോഡ് ഭൂരിപക്ഷത്തിൽ നിലനിർത്തിയതും കോൺഗ്രസിന്റെ സിറ്റിങ് എം.എൽ.എ ആയിരുന്ന ഷാഫി പറമ്പിലിന്റെ പിൻഗാമിയായി പാലക്കാട്ട് രാഹുൽമാങ്കൂട്ടത്തിൽ ഭംഗിയായി വിജയിച്ചതും തങ്ങളുടെ തട്ടകമായ ചേലക്കരയിൽ കെ രാധാകൃഷ്ണന്റെ ബാറ്റൺ ഏറ്റുവാങ്ങി യു. ആർ പ്രദീപ് നിയമസഭയിലേയ്ക്ക് പോകുന്നതും സംസ്ഥാന സർക്കാരിന്റെ ഭരണ നേട്ടത്തിന്റെയോ കോട്ടത്തിന്റെയോ അക്കൗണ്ടിൽ എങ്ങനെ ചേർക്കപ്പെടുമെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

തിരഞ്ഞെടുപ്പിലെ കന്നിയങ്കത്തിൽ വയനാട് ലോക്സഭാ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർഥിയായി 4,04,619 വോട്ടുകളുടെ കൂറ്റൻ ഭൂരിപക്ഷത്തിൽ വിജയിച്ച് 52-ാം വയസിൽ പാർലമെന്ററി രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ് പ്രിയങ്കാ ഗാന്ധി. 2019-2024 കാലയളവിൽ വയനാട് ലോക്സഭാ സീറ്റിൽ നിന്നുള്ള എം.പിയായിരുന്ന രാഹുൽ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സി.പി.ഐയിലെ ആനി രാജയ്ക്കെതിരെ 3,64,422 വോട്ടുകളുടെ ഭൂരിപക്ഷം നേടിയാണ് മണ്ഡലം നിലനിർത്തിയതെങ്കിൽ സി.പി.എമ്മിന്റെ സത്യൻ മൊകേരിക്കെതിരെ പ്രിയങ്കയുടെ ഭൂരിപക്ഷം 2019-ൽ രാഹുൽ ഗാന്ധി നേടിയതിനേക്കാൾ മുകളിലായി. രൂപീകരണ കാലം മുതൽ യു.ഡി.എഫിന്റെ ഉറച്ചകോട്ടയാണ് വയനാട്.

ഡൽഹി മോഡേൺ സ്കൂളിൽ നിന്നും കോൺവെന്റ് ഓഫ് ജീസസ് ആൻഡ് മേരിയിൽ നിന്നും പ്രിയങ്ക സ്കൂൾ പഠനം നടത്തി. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഡൽഹി യൂണിവേഴ്സിറ്റിയിലെ ജീസസ് ആൻഡ് മേരി കോളേജിൽ നിന്ന് സൈക്കോളജിയിൽ ബിരുദം നേടി. 2010-ൽ സൈക്കോളജിയിലെ പഠനം പൂർത്തിയാക്കിയ പ്രിയങ്ക പിന്നീട് ബുദ്ധമത പഠനങ്ങളിൽ മാസ്റ്റർ ബിരുദം നേടിയിട്ടുണ്ട്.

രാഹുൽ ഗാന്ധിയുടെ മണ്ഡലമായ റായ്ബറേലിയിലും, അമ്മ സോണിയ ഗാന്ധിയുടെ മണ്ഡലമായ അമേതിയിലും പൊതുജനങ്ങളുമായി ഇടപെടൽ നടത്താറുള്ള പ്രിയങ്ക, മുൻകാലങ്ങളിൽ പൊതുവേ കോൺഗ്രസ് രാഷ്ട്രീയത്തിൽ ഔദ്യോഗിക സ്ഥാനങ്ങളൊന്നും വഹിക്കാതെ പലപ്പോഴും തിരഞ്ഞെടുപ്പ് വേദികളിലെ പ്രചാരകയായി മാത്രമേ പ്രത്യക്ഷപെടാറുണ്ടായിരുന്നുള്ളൂ. 2019 ജനുവരി 23-ന് രാഷ്ട്രീയത്തിലെത്തിയ പ്രിയങ്ക ഉത്തർപ്രദേശിന്റെ ചുമതലയുള്ള കോൺഗ്രസ് ജനറൽ സെക്രട്ടറിയായി നിയമിതയായി.

2004-ലെ പൊതുതിരഞ്ഞെടുപ്പിൽ പ്രിയങ്ക സോണിയയുടെ കാമ്പയിൻ മാനേജറും രാഹുൽ ഗാന്ധിയുടെ പ്രചാരണ പരിപാടികളുടെ നിരീക്ഷകയും ആയിരുന്നു. ഭർത്താവ് റോബർട്ട് വദ്രയുടെ പിന്തുണ പ്രിയങ്കയ്ക്കുണ്ട്. മകൻ റെയ്ഹാൻ, മകൾ മിറായ. പ്രിയങ്ക ഗാന്ധി ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിരുന്നു. ബുദ്ധമത തത്ത്വചിന്ത പിന്തുടരുന്ന പ്രിയങ്ക എസ്.എൻ ഗോയങ്കയാൽ പഠിപ്പിക്കപ്പെട്ട വിപാസന ധ്യാന രീതിയാണ് പിന്തുടർന്നിരുന്നത്.

തുടർച്ചയായി ആറുതവണയും ഇടതുമുന്നണി സ്ഥാനാർഥിയെ വിജയിപ്പിച്ച ചേലക്കരയിൽ സി.പി.എമ്മിന്റെ യു.ആർ പ്രദീപ് 12,201 വോട്ടുകൾക്കാണ് കോൺഗ്രസിലെ രമ്യാ ഹരിദാസിനെ പരാജയപ്പെടുത്തി ഇടതിന്റെ തുടിപ്പ് പ്രകടമാക്കിയത്. എന്നാൽ 2021-ൽ കെ രാധാകൃഷ്ണൻ നേടിയ ഭൂരിപക്ഷത്തിന്റെ പകുതിയുടെ അടുത്തുപോലും പ്രദീപിന് എത്താൻ കഴിഞ്ഞില്ല. ഇത് തീർച്ചയായും പിണറായി സർക്കാരിന്റെ ഭരണവിരുദ്ധ വികാരത്തിന്റെ പ്രതിഫലനവും 2026-ൽ നടക്കാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ടെസ്റ്റ് ഡോസുമാണെന്ന കാര്യത്തിൽ തർക്കമില്ല.

2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാന മന്ത്രിയായിരിക്കെ മത്സരിച്ച കെ രാധാകൃഷ്ണൻ ആലത്തൂരിലെ സിറ്റിംഗ് എം.പിയായ രമ്യ ഹരിദാസിനെ പരാജയപ്പെടുത്തിയാണ് ആദ്യമായി ലോക്സഭാംഗമായത്. ഇടതുമുന്നണിക്കും സി.പി.എമ്മിനും കൂടി കേരളത്തിൽ നിന്ന് കിട്ടിയ ഒരേയൊരു സീറ്റ് ആലത്തൂരായിരുന്നു. 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ആലത്തൂർ മണ്ഡലത്തിൽ നിന്ന് വിജയിച്ച രമ്യാ ഹരിദാസിന് ചേലക്കരയിൽ 23,695 വോട്ട് ലീഡുണ്ടായിരുന്നു. അത് 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കെ രാധാകൃഷ്ണൻ മറികടക്കുകയും 39,400 വോട്ടിന്റെ വൻ ഭൂരിപക്ഷത്തിൽ ചേലക്കരയിൽ വിജയിക്കുകയും ചെയ്തു. പക്ഷേ, ആലത്തൂർ ലോക്സഭാ മണ്ഡലത്തിൽപ്പെട്ട ചേലക്കരയിൽ കെ രാധാകൃഷ്ണന് 2024-ൽ നേടാനായത് വെറും 5173 വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു.

നിലവിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായ യു.ആർ പ്രദീപ് ദേശമംഗലം കൊണ്ടയൂർ പല്ലൂർ തെക്കേപുരയ്ക്കൽ പരേതരായ രാമന്റെയും ശാന്തയുടെയും മകനായി 1973 ഓഗസ്റ്റ് 22-ന് ജനിച്ചു. ജനിച്ചതും വളർന്നതും ചെന്നൈയിലാണ്. പ്ലസ്ടു വരെ ചെന്നൈ ഡിഫൻസ് സ്കൂളിൽ പഠനം. മദ്രാസ് സർവകലാശാലയിൽനിന്നു ബി.ബി.എയും കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും നേടി. പിന്നീട് കംപ്യൂട്ടർ സ്ഥാപനത്തിൽ ജോലി. പഠനകാലത്ത് എസ്.എഫ്.ഐ അംഗമായിരുന്ന പ്രദീപ് 1998-ൽഡി.വൈ.എഫ്.ഐയിൽ അംഗമായി. 2000 മുതൽ സിപിഎം അംഗംമാണ്. ദേശമംഗലം പഞ്ചായത്ത് പ്രസിഡന്റായും വൈസ് പ്രസിഡന്റായും ഭരണസമിതി അംഗമായും പ്രവർത്തിച്ചു.

2009 മുതൽ 2011 വരെ ദേശമംഗലം സഹകരണ ബാങ്ക് പ്രസിഡന്റ്. പിന്നീട് ബാങ്ക് ഡയറക്ടറുമായി. സി.പി.എം ദേശമംഗലം ലോക്കൽ കമ്മിറ്റി സെക്രട്ടറി, ഏരിയ സെക്രട്ടറി, ചേലക്കര ഏരിയ കമ്മിറ്റി അംഗം, പട്ടികജാതി ക്ഷേമസമിതി (പി.കെ.എസ്) ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

നിലവിൽ സി.പി.എം ദേശമംഗലം ലോക്കൽ കമ്മിറ്റി സെക്രട്ടറി, വള്ളത്തോൾ നഗർ ഏരിയ കമ്മിറ്റി അംഗം, കർഷകത്തൊഴിലാളി യൂണിയൻ ജില്ലാ കമ്മിറ്റി അംഗം, പി.കെ.എസ് സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2016-ലെ കന്നി മൽസരത്തിൽ കോൺഗ്രസിലെ കെ.എ തുളസിയെയാണ് പ്രദീപ് പരാജയപ്പെടുത്തിയത്. എന്നാൽ 2021-ലെ തിരഞ്ഞെടുപ്പിൽ കെ രാധാകൃഷ്ണനു വേണ്ടി സീറ്റു വിട്ടു നൽകി. ഭാര്യ: പ്രവിഷ. കീർത്തന, കാർത്തിക് എന്നിവർ മക്കൾ.

പാലക്കാട്ട് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ 18,840 വോട്ടുകൾക്കാണ് സി.പി.എം സ്വതന്ത്ര വേഷം കെട്ടിയാടിയ ഡോ. പി സരിനെ മലർത്തിയടിച്ചത്. കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് കനത്ത ഭൂരിപക്ഷമാണ് രാഹുൽ നേടിയത്. സരിന്റെ വിട്ടുപോകൽ കോൺഗ്രസിനെ ബാധിച്ചില്ലെന്ന് ചുരുക്കം. 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് കനത്ത പോരാട്ടം നടന്ന മണ്ഡലമാണ് പാലക്കാട്. വോട്ടെണ്ണൽ തുടങ്ങി അവസാന മണിക്കൂറുകൾ വരെ ബി.ജെ.പി സ്ഥാനാർത്ഥിയായ മെട്രോമാൻ ഇ ശ്രീധരനാണ് ലീഡ് ചെയ്തതിരുന്നത്.

ഒരുഘട്ടത്തിൽ ബി.ജെ.പി പാലക്കാട് പിടിച്ചു എന്നു തോന്നിച്ചിടത്ത് നിന്നാണ് 3859 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ഷാഫി പറമ്പിൽ വിജയിച്ചത്. 2016-ൽ ഷാഫി പറമ്പിലിന് 17,000-ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷമുണ്ടായിരുന്നു. ഇത്തവണ ചേലക്കരയിൽ പതിനായിരത്തോളം വോട്ട് ബി.ജെ.പി വർധിപ്പിച്ചെങ്കിൽ പാലക്കാട്ട് അവർ തകർന്നിടിയുകയായിരുന്നു. കഴിഞ്ഞ രണ്ടു തിരഞ്ഞെടുപ്പുകളിലും രണ്ടാം സ്ഥാനത്തെത്തിയ പി.ജെ.പി ഇക്കുറി ഇവിടെ ദയനീയമായി മൂന്നാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടു.

ഇന്ത്യൻ കരസേനാ ഓഫീസറായിരുന്ന എസ്. രാജേന്ദ്ര കുറുപ്പിന്റേയും ബീനയുടേയും ഇളയ മകനായി 1989 നവംബർ 12 പത്തനംതിട്ട ജില്ലയിലെ അടൂരിൽ ജനനം. രജനി അദ്ദേഹത്തിന്റെ മൂത്ത സഹോദരിയാണ്. അടൂർ തപോവൻ സ്കൂൾ, പന്തളം സെന്റ് ജോൺസ് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ രാഹുൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്ന് ബിരുദവും ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. നിലവിൽ കോട്ടയം എം.ജി.യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി ചെയ്ത് കൊണ്ടിരിക്കുന്നു.

കോളേജ് വിദ്യാർഥിയായിരിക്കെ 2006-ൽ കെ.എസ്.യു അംഗമായതോടെയാണ് രാഹുലിന്റെ രാഷ്ട്രീയ ജീവിതം തുടങ്ങുന്നത്. കോൺഗ്രസിന്റെ വിദ്യാർഥി-യുവജന സംഘടനകളിൽ പ്രവർത്തിച്ച് സംസ്ഥാനത്ത് കോൺഗ്രസിന്റെ പ്രധാന വക്താവായി ഉയർന്ന രാഹുൽ 2023-ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്ന ഷാഫി പറമ്പിൽ സ്ഥാനമൊഴിഞ്ഞപ്പോൾ സംഘടനയുടെ സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഷാഫി പറമ്പിൽ ലോക്സഭാംഗമായതിനെ തുടർന്ന് ഒഴിവിലാണ് പാലക്കാട്ട് മൽസരിച്ചത്. സംസ്ഥാന കോൺഗ്രസ് രാഷ്ട്രീയത്തിന്റെ വിവിധ തലങ്ങളിൽ രാഹുൽ പ്രവർത്തിച്ചിട്ടുണ്ട്.

**ഒരുഘട്ടത്തിൽ ബി.ജെ.പി പാലക്കാട് പിടിച്ചു എന്നു തോന്നിച്ചിടത്ത് നിന്നാണ് 3859 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ഷാഫി പറമ്പിൽ വിജയിച്ചത്. 2016-ൽ ഷാഫി പറമ്പിലിന് 17,000-ത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷമുണ്ടായിരുന്നു. ഇത്തവണ ചേലക്കരയിൽ പതിനായിരത്തോളം വോട്ട് ബി.ജെ.പി വർധിപ്പിച്ചെങ്കിൽ പാലക്കാട്ട് അവർ തകർന്നിടിയുകയായിരുന്നു. കഴിഞ്ഞ രണ്ടു തിരഞ്ഞെടുപ്പുകളിലും രണ്ടാം സ്ഥാനത്തെത്തിയ പി.ജെ.പി ഇക്കുറി ഇവിടെ ദയനീയമായി മൂന്നാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടു.**


MALABAR
GOLD & DIAMONDS
Malabar
With you
In all your
Celebrations
Assured Gold
Coins on
Diamond & Precious
Gem Jewellery
*T&C Apply

# മഹാരാഷ്ട്ര കൈവിട്ടു; ജാർഖണ്ഡ് പിടിച്ചു; ദേശീയ തലത്തിൽ ചലനങ്ങൾ

**പി.പി. മാത്യു**

കഴിഞ്ഞ ലോക് സഭാ തിരഞ്ഞെടുപ്പ് കാട്ടിയ ജനാധിപത്യത്തിന്റെ കരുത്തു ആവർത്തിക്കുന്ന തിരഞ്ഞടുപ്പുകളാണ് ഇന്ത്യ വീണ്ടും കണ്ടതെന്ന നിഗമനം ഏറെക്കുറെ പൂർണമായും ശരിയാണെന്നാണ് വെള്ളിയാഴ്ച്ച ഫലപ്രഖ്യാപനം പൂർത്തിയാകുമ്പോൾ കാണുന്ന ചിത്രം. കേന്ദ്ര ഭരണം കൈയാളുന്ന ബി ജെ പിയും മുഖ്യപ്രതിപക്ഷമായ കോൺഗ്രസും ഈ തിരഞ്ഞെടുപ്പുകളിൽ നേട്ടങ്ങളുണ്ടാക്കിയത് ഭരണമികവും വികസന നേട്ടങ്ങളും കൊണ്ടാണെന്ന വാദത്തിനു പ്രസക്തിയേറുമ്പോൾ അത് നമ്മുടെ ജനാധിപത്യത്തിന്റെ ഭദ്രതയിൽ വിശ്വാസം വർധിപ്പിക്കുന്നു.

ഇന്ത്യയുടെ ഏറ്റവും സമ്പന്നമായ, സാമ്പത്തിക സിരാകേന്ദ്രമായ, മഹാരാഷ്ട്രയിൽ ഭാരതീയ ജനതാ പാർട്ടി മണ്ണിന്റെ മക്കളുടെ സ്വന്തം ശിവ് സേനയെ പിളർത്തിയുണ്ടാക്കിയ മഹായുധി സഖ്യം ചരിത്ര വിജയമാണ് നേടിയത്: 288ൽ 233 സീറ്റ്. കോൺഗ്രസ് നയിക്കുന്ന ഇന്ത്യാ സഖ്യം വെറും 50ൽ ഒതുങ്ങി.

### തരംഗമല്ല സുനാമിയാണ്

യഥാർഥ ശിവ് സേന ഇപ്പോൾ മുഖ്യമന്ത്രി ഏക്‌നാഥ് ഷിൻഡെ നയിക്കുന്ന വിഭാഗം തന്നെയെന്നതും ജനം അംഗീകരിച്ചു. തരംഗമല്ല സുനാമിയാണ് വന്നതെന്നു മറ്റേ ശിവ് സേനയെ നയിക്കുന്ന മുൻ മുഖ്യമന്ത്രി ഉദ്ധവ് താക്കറെയ്ക്കു പറയേണ്ടി വന്നത് എൻ ഡി എ നേടിയ വിജയത്തെ കുറിച്ചു നൽകാവുന്ന ഏറ്റവും കൃത്യമായ നിർവചനമാണ്.

മഹാരാഷ്ട്ര സൽഭരണത്തിനും വികസനത്തിനും അംഗീകാരം നൽകിയെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പറയുമ്പോൾ ജാർഖണ്ഡ്, കർണാടക, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെങ്കിലും അതേ വ്യാഖ്യാനത്തിനു പ്രസക്തിയുണ്ടെന്നു കോൺഗ്രസിനും അവകാശപ്പെടാം. ജാർഖണ്ഡിൽ കോൺഗ്രസ് ഭാഗമായ ഇന്ത്യ മുന്നണി നേടിയത് 81ൽ 57 സീറ്റ്. മുഖ്യമന്ത്രിയെ അഴിമതിക്കുറ്റം ചുമത്തി ജയിലിൽ അടച്ച സംസ്ഥാനത്തു ജാർഖണ്ഡ് മുക്തി മോർച്ച നയിച്ച





**പാലക്കാട്ടെ ജനവിധിയും സി പി എമ്മിനും അവർ നയിക്കുന്ന ഭരണത്തിനും എതിരാണ്. കേരളത്തിന്റെ മണ്ണിൽ ബി ജെ പി കരുത്തു നേടുന്നത് കോൺഗ്രസിനെ തളർത്തിയാണെന്ന വാദമോ വർഗീയ കക്ഷികളുടെ സഹായം കൊണ്ടു കോൺഗ്രസ് ജയിച്ചെന്ന ഗോവിന്ദ സിദ്ധാന്തവുമൊക്കെ ചിരിക്കാൻ മാത്രം വക നൽകുന്നതാണ്.**

ഇന്ത്യ സഖ്യത്തിനു അവകാശപ്പെടാവുന്നത് സൽഭരണവും വികസനവും തന്നെ. സമഗ്രാധിപത്യം കൊതിക്കുന്ന ശക്തികൾ കൈക്കൊള്ളുന്ന അടിച്ചമർത്തൽ ശ്രമങ്ങളൊന്നും ജനത്തിനു വിഷയമല്ല എന്നതു കൂടി കൺ തുറന്നു കാണുമ്പോഴാണ് ജനാധിപത്യം കരുത്തോടെ തന്നെ നിലനിൽക്കുന്നു എന്നു മടി കൂടാതെ പറയാൻ കഴിയുന്നത്.

എൻ ഡി എ ഭരിക്കുന്ന ബിഹാറിൽ നാലു നിയമസഭാ ഉപതെരഞ്ഞെടുപ്പുകളും ഭരണ എൻ ഡി എ സഖ്യം ജയിച്ചു. അവിടെയും മോദി പറഞ്ഞ മാനദണ്ഡങ്ങൾ ശരിയായി എന്നു തറപ്പിച്ചു പറയാം. നിതീഷ് സർക്കാരിനെതിരേ ഒരു ജനവികാരവും ഈ വോട്ടെടുപ്പിൽ കണ്ടില്ല.

കർണാടകത്തിലെ മൂന്ന് നിയമസഭാ ഉപതെരഞ്ഞെടുപ്പുകളും കോൺഗ്രസ് ജയിച്ചു. ബിജെപി ക്കു കരുത്തുള്ള മണ്ണിൽ കോൺഗ്രസിന്റെ വിജയത്തിനു ജനക്ഷേമം തന്നെയാണ് ഉയർത്തിപ്പിടിക്കുന്നത്.

പഞ്ചാബിലെ നാലു നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിൽ മൂന്നും ജയിച്ചതിനുള്ള ക്രെഡിറ്റ് ഭരണ ആം ആദ്മി പാർട്ടി അതിന്റെ നേതാവ് അരവിന്ദ് കെജ്‌രിവാളിനു നൽകുന്നു. 117 അംഗ സഭയിൽ ഇതോടെ 95 സീറ്റിൽ എത്തിയ എ എ പിയുടെ മുഖ്യമന്ത്രി ഭഗവന്ത് മാൻ ഭരണമികവ് കാട്ടിയെന്നും പാർട്ടി ചൂണ്ടിക്കാട്ടുന്നു.

### കേരളത്തിൽ ഭരണവിരുദ്ധ തരംഗം

ഈ ഭരണനേട്ടങ്ങളുടെ അവകാശവാദങ്ങൾക്കിടയിലാണ് കേരളത്തിൽ അതിശക്തമായ ഭരണവിരുദ്ധ വികാരം പ്രകടമായത്. നാലു ലക്ഷത്തിലധികം വോട്ട് നേടി വയനാട് ലോക് സഭാ മണ്ഡലത്തിൽ പാർട്ടിയുടെ പ്രിയങ്കരിയായ പ്രിയങ്ക ഗാന്ധി സി പി എം സ്ഥാനാർഥി സത്യൻ മൊകേരിയെ തോല്പിച്ചപ്പോൾ പാലക്കാട്ട് യുവപോരാളി രാഹുൽ മാങ്കൂട്ടത്തിലിന്റെ വിജയം സി പി എമ്മിനെ മൂന്നാം സ്ഥാനത്തേക്കു പിന്തള്ളിയാണ്. ചേലക്കര നിയമസഭാ മണ്ഡലം നിലനിർത്തിയെന്നതിൽ സി പി എമ്മിന് അത്രയേറെ പുളകമണിയാനൊന്നും ഇല്ല താനും. കാരണം കെ. രാധാകൃഷ്ണൻ കഴിഞ്ഞ തവണ നേടിയ ഭൂരിപക്ഷം ഏതാണ്ട് 40,000 ആയിരുന്നെങ്കിൽ ഇക്കുറി സി ആർ പ്രദീപിനു കിട്ടിയ ഭൂരിപക്ഷം 12,000ത്തിനടുത്താണ്.

പ്രിയങ്കയുടെ വിജയം അമ്പരപ്പൊന്നും സൃഷ്ടിക്കുന്നില്ല. കാരണം വയനാട് കോൺഗ്രസിന്റെ കോട്ടയാണ്. രാഹുൽ ഗാന്ധി കഴിഞ്ഞ തവണ നേടിയ ഭൂരിപക്ഷം ഇതേക്കാൾ അല്പം കൂടുതലായിരുന്നു എന്ന വാദം അപഹാസ്യവുമാണ്. കാരണം, ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നിന്റെ വേദന വിട്ടുമാറാതെ നാട്ടിലാണ് പോളിങ് കുറഞ്ഞു പോയതും ഭൂരിപക്ഷം മെലിഞ്ഞതും.

സോണിയ ഗാന്ധി അനാരോഗ്യം മൂലം രാജ്യസഭയിലേക്കു മാറിയപ്പോൾ രാഹുലിന്റെ കരങ്ങൾക്ക് കരുത്തു കൂട്ടാൻ പ്രിയങ്ക എത്തുന്നു എന്നതിൽ കോൺഗ്രസിന് ഏറെ ആഹ്ളാദിക്കാം. ഇന്ത്യ കണ്ട ഏറ്റവും ബുദ്ധിമതിയായ പ്രധാനമന്ത്രി ആയിരുന്ന ഇന്ദിരയുടെ രൂപഭാവങ്ങൾ പകർന്നു കിട്ടിയ പ്രിയങ്കയെ കാത്തിരിക്കുന്ന രാഷ്ട്രീയ ഭാവി എന്തെന്ന് കണ്ടുതന്നെ അറിയണം.

രാഹുൽ മികച്ച ഭൂരിപക്ഷത്തോടെ ജയിച്ചു കയറിയ പാലക്കാട്ട് കോൺഗ്രസ് സീറ്റ് നൽകാത്തതിൽ പ്രതിഷേധിച്ച പി. സരിൻ സി പി എമ്മിനു നാണക്കേട് മറയ്ക്കാനൊരു ഒലിവില പോലും നൽകിയില്ല താനും.

ബി ജെ പി രണ്ടാം സ്ഥാനം നിലനിർത്തുമ്പോൾ ഇ. ശ്രീധരൻ എന്ന മഹാപ്രതിഭ ആയിരുന്നില്ല ഇക്കുറി സ്ഥാനാർഥി എന്നോർക്കുക കൂടി വേണം. കൃഷ്ണകുമാർ നേടിയത് ബി ജെ പിയുടെ കരുത്തു കാട്ടുന്ന വോട്ടുകൾ തന്നെയാണ്. സന്ദീപ് വാരിയർ ബി ജെ പി വിട്ടു കോൺഗ്രസിൽ ചേർന്നതു കൊണ്ടും വലിയ വ്യത്യാസമൊന്നും ഉണ്ടായെന്നു കാണുന്നില്ല.

മറയ്ക്കാനൊന്നുമില്ല: പാലക്കാട്ടെ ജനവിധിയും സി പി എമ്മിനും അവർ നയിക്കുന്ന ഭരണത്തിനും എതിരാണ്. കേരളത്തിന്റെ മണ്ണിൽ ബി ജെ പി കരുത്തു നേടുന്നത് കോൺഗ്രസിനെ തളർത്തിയാണെന്ന വാദമോ വർഗീയ കക്ഷികളുടെ സഹായം കൊണ്ടു കോൺഗ്രസ് ജയിച്ചെന്ന ഗോവിന്ദ സിദ്ധാന്തവുമൊക്കെ ചിരിക്കാൻ മാത്രം വക നൽകുന്നതാണ്.

ചേലക്കരയുടെ ഉന്മേഷത്തിൽ ആഘോഷിക്കുമ്പോഴും അവിടെ ഉണ്ടായ തിരിച്ചടി ഉൾപ്പെടെ കണക്കിലെടുത്തു വിലയിരുത്തന്നതാണ് സി പി എമ്മിനു നല്ലത്. പ്രധാനമന്ത്രി പറഞ്ഞതിൽ പ്രസക്തി ഉണ്ടെന്നു ചിന്തിക്കാൻ രാഷ്ട്രീയമൊന്നു മാറ്റി വച്ച് ചിന്തിക്കയുമാവാം.

# ആരോഗ്യരംഗത്ത് പുതിയ ദിശാബോധവുമായി 'നൈന'യുടെ സമ്മേളനം



ന്യൂയോർക്ക്: നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്കയുടെ (നൈന) ഒമ്പതാമത് ദ്വൈവാർഷിക കോൺഫറൻസ് ന്യൂയോർക്കിലെ ആൽബനിയിൽ നടന്നു. നൈന പ്രസിഡന്റ് സുജ തോമസിന്റെ 'സിനർജി ഇൻ ആക്ഷൻ: ഇന്നൊവേഷൻ, ടെക്നോളജി, കോ-ഓപ്പറേഷൻ ' എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് പരിപാടി സംഘടിപ്പിച്ചത്. നഴ്സിംഗ്, ഹെൽത്ത് കെയർ മേഖലകളിലുള്ളവർക്ക് പ്രചോദനം, സംയോജനം, നവീകരണം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കാൻ ഈ ഒത്തുചേരൽ സഹായകമായി. ദേശീയ കൺവീനർ താര ഷാജൻ, ചാപ്റ്റർ കൺവീനർ ഡോ. അമ്പിളി നായർ എന്നിവരുടെ ശ്രമഫലമായി രാജ്യത്തുടനീളമുള്ള 250-ലധികം നഴ്സുമാരെയും ആരോഗ്യപരിപാലന വിദഗ്ധരെയും ഒരുമിച്ച് കൊണ്ടുവരാൻ സാധിച്ചു.

ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ സമന്വയിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണ വെല്ലുവിളികൾ പരിഹരിക്കുന്ന മാർഗങ്ങൾ നവീകരിക്കുന്നതിനുമുള്ള ഒരു ഫോറമായി ഇത് പ്രവർത്തിച്ചു. വാഷിംഗ്ടൺ ഡിസിയിലെ നഴ്സിംഗ് സർവീസസ് ഓഫീസിലെ എവിഡൻസ് ബേസ്ഡ് പ്രാക്ടീസ് അസോസിയേറ്റ് ഡയറക്ടർ കോളിൻ വാൽഷ്-ഇർവിൻ മുഖ്യ പ്രഭാഷണം നടത്തി. പിറ്റേന്ന് എഎൻഎ ചീഫ് നഴ്സിംഗ് ഓഫീസർ ഡെബ്ബി ഹാറ്റ്മേക്കർ സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഇന്നത്തെ ലോകത്തിൽ നഴ്സിങ്ങിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം ബ്രേക്ക്ഔട്ട് സെഷനുകൾ, വർക്ക്ഷോപ്പുകൾ എന്നിവയും കോൺഫറൻസിന്റെ ഭാഗമായി നടന്നു. ടെലിമെഡിസിൻ മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വരെ രോഗിപരിചരണരംഗത്ത് പുതിയ മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ചും കോൺഫറൻസ് ഉൾക്കാഴ്ച പകർന്നു. രോഗികളുടെ ആവശ്യങ്ങൾ പ്രവചിക്കുന്നതിനും പരിചരണ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എങ്ങനെ സഹായിക്കുമെന്നും വേദിയിൽ ചർച്ചചെയ്തു. ടെക്നോളജി ആരോഗ്യസംരക്ഷണത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതിനും ഉൾക്കൊള്ളുന്നതിനുമായി ഈ സെഷൻ ഉപകാരപ്രദമായി. ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്സ് , റിമോട്ട് പേഷ്യന്റ് മോണിറ്ററിംഗ് തുടങ്ങിയ സാങ്കേതികവിദ്യകളുടെ പ്രയോ



ജനങ്ങളും ചർച്ചചെയ്തു.




ആരോഗ്യ സംരക്ഷണത്തിന് വിവിധ മേഖലകളിൽ (നഴ്സുമാർ ഡോക്ടർമാർ, തെറാപ്പിസ്റ്റുകൾ, മറ്റ് ആരോഗ്യപരിപാലന വിദഗ്ധർ) ടീം വർക്ക് ആവശ്യമാണെന്നും സെഷൻ ഇൻറർ ഡിസിപ്ലിനറി കോ-ഓപ്പറേഷന്റെ മൂല്യവും ഊന്നിപ്പറഞ്ഞു. കേസ് സ്റ്റഡീസ് പങ്കുവെക്കുന്നതിലൂടെ, ടീം വർക്ക് എങ്ങനെ മികച്ച രോഗനിർണയത്തിലേക്കും ചികിത്സയിലേക്കും നയിക്കുമെന്നും സെഷനിൽ പറഞ്ഞു.

ഈ വർഷത്തെ സമ്മേളനത്തിൽ പങ്കെടുത്തവർ പുതിയ കഴിവുകൾ, ആശയങ്ങൾ, പുതിയ ലക്ഷ്യബോധം എന്നിവയോടെയാണ് വേദി വിട്ടത്. നഴ്സിംഗ്, ഹെൽത്ത്കെയർ എന്നിവയിലെ വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒന്നിലധികം സെഷനുകളിൽ പങ്കെടുക്കാൻ ഏവർക്കും അവസരം ലഭിച്ചു









നൈനയുടെ 9-ാമത് കോൺഫറൻസിൽ, 2025-26 കാലയളവിലെ പുതിയ ഭാരവാഹികൾക്കുള്ള പ്രവേശന ചടങ്ങിന്റെ ഭാഗമായി നഴ്സുമാരുടെ നൃത്തപ്രകടനങ്ങൾ ഉൾപ്പെടുത്തിയുള്ള ഗാലാ നൈറ്റും സംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് ബോർഡിലെയും നാഷണൽ കമ്മിറ്റിയിലെയും വരാനിരിക്കുന്ന ടേമിലേക്കുള്ള അംഗങ്ങളെ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

നൈനയുടെ 9-ാമത് കോൺഫറൻസിൽ, വിദ്യാ കംഗരാജ് അവാർഡുകളും സ്കോളർഷിപ്പും പ്രഖ്യാപിച്ചു.

ബിരുദ വിദ്യാർത്ഥികൾക്ക് 11 സ്കോളർഷിപ്പുകളും ഒരു ഡോക്ടറൽ വിദ്യാർത്ഥിക്ക് 1000 ഡോളറും നൽകി

അവാർഡ് ജേതാക്കൾ:

ലെഗസി ഓഫ് കെയറിംഗ് അവാർഡ്: സാന്ദ്ര ഇമ്മാനുവൽ

നൈറ്റിംഗേൽ അവാർഡ്: ബ്രിഡ്ജറ്റ് വിൻസെന്റ്

അഡ്വാൻസ്ഡ് പ്രാക്ടീസ് രജിസ്റ്റർഡ് നഴ്സ് അവാർഡ്: ആൻ ലൂക്കോസ്

ഔട്ട്സ്റ്റാൻഡിങ് അക്കാദമിക് പെർഫോമൻസ് അവാർഡ്: ആന്റോ പോൾ

മി ക ച്ച ചാപ്ടറായി അരിസോണ ചാപ്ടർ ആദരിക്കപ്പെട്ടു



അടുത്ത ഭാരവാഹികൾ: നിയുക്ത പ്രസിഡന്റ്: ഉമാ വേണുഗോപാൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്: ലിഫി ചെറിയാൻ, വൈസ് പ്രസിഡന്റ്: താരാ ഷാജൻ, ട്രഷറർ: ഡോ. ഷീല സാജൻ, സെക്രട്ടറി: ഡോ. മുനീറ വെൽസ്.








www.nainausa.org


www.nainausa.org


ZOLL






India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th, 2025
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
GOKULAM PARK
Convention Center
KOCHI
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# പയനീയർ ക്ലബ്ബ്: ജോണി സക്കറിയ പ്രസിഡന്റ് ; വറുഗീസ് എബ്രഹാം സെക്രട്ടറി




ന്യൂയോർക്ക് : അമേരിക്കയിലെ ആദ്യകാല മലയാളികളുടെ സംഘടനയായ പയനീർ ക്ലബ് ഓഫ് കേരളൈറ്റ്സ് ഇൻ നോർത്ത് അമേരിക്കയുടെ വാർഷിക ജനറൽ ബോഡി യോഗവും തിരഞ്ഞെടുപ്പും നടന്നു. ന്യൂയോർക്കിലെ എൽമോണ്ടിലുള്ള കേരള സെന്ററായിരുന്നു വേദി.

സെക്രട്ടറി വറുഗീസ് എബ്രഹാം അംഗങ്ങളെ സ്വാഗതം ചെയ്തു. പ്രസിഡന്റ് ജോണി സക്കറിയയുടെ അദ്ധ്യക്ഷ പ്രസംഗത്തിൽ, ക്ലബ്ബിന്റെ വളർച്ചയ്ക്ക് ഏവരും നൽകിയ പിന്തുണയ്ക്കും സഹകരണത്തിനും നന്ദി പറഞ്ഞു. നിലവിൽ സംഘടനയിൽ 215-ലധികം അംഗങ്ങളുണ്ട്. കഴിഞ്ഞ വർഷം സംഘടനയുടെ ആദ്യകാല അംഗങ്ങൾക്കായി നിരവധി പ്രോഗ്രാമുകൾ നടത്തിയിരുന്നു. ന്യൂയോർക്ക് സിറ്റി മ്യൂസിക് ഹാൾ ക്രിസ്മസ് ഷോ, കാസിനോ ട്രിപ്പുകൾ, ന്യൂയോർക്കിലെ തിയേറ്ററിലെ കഥകളി, അക്ഷരധാം ക്ഷേത്ര സന്ദർശനം , മാതൃദിന ആഘോഷങ്ങൾ, പിതൃദിന ആഘോഷങ്ങൾ, ഓണാഘോഷം, ഇന്ത്യയുടെ സ്വാതന്ത്ര്യദിനാഘോഷങ്ങൾ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിച്ചത്. 7 പയനിയർമാരെ ആദരിക്കുകയും ചെയ്തു.

സെക്രട്ടറി വറുഗീസ് എബ്രഹാം (രാജു) വിശദമായ റിപ്പോർട്ട് വായിക്കുകയും റിപ്പോർട്ട് ബുക്ക്ലെറ്റ് അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. അംഗങ്ങളും സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും വയനാട് ദുരിതാശ്വാസ നിധിയിലേക്ക് ●23,583/ സംഭാവന നൽകി. പ്രസിഡന്റ് ജോണി സക്കറിയ നേരിട്ട് (ഇടനിലക്കാർ ഇല്ലാതെ) ആ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും നിർദ്ധനരും അർഹരുമായവർക്ക് വീട് പുനർനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കായി ഫണ്ട് വിതരണം ചെയ്യുകയും ചെയ്തു.

തിരഞ്ഞെടുപ്പ് കമ്മീഷണർ ജോർജ്ജ് എബ്രഹാം ഇലക്ഷന് മേൽനോട്ടം വഹിച്ചു. 2025-26 വർഷത്തേക്കുള്ള ഭാരവാഹികളായി താഴെപ്പറയുന്നവരെ ഐകകണ്ഠേന തിരഞ്ഞെടുത്തു. പ്രസിഡന്റ് ജോണി സക്കറിയ, വൈസ് പ്രസിഡന്റ് തോമസ് തോമസ് പാലാത്ര, സെക്രട്ടറി വറുഗീസ് എബ്രഹാം (രാജു), ജോയിന്റ് സെക്രട്ടറി ലോന എബ്രഹാം, ട്രഷറർ ജോൺ ജോസഫ്, പിആർഒ വി എം ചാക്കോ, ഓഡിറ്റർ മാത്യു സിറിയക്, നിർവാഹക സമിതി അംഗങ്ങളായി സ ്കറിയ അഗസ്റ്റിൻ, ഉഷാ ജോർജ്, കെ.ജെ. ഗ്രിഗറി, അഡ്വ. വിനോദ് കെയർകെ, ലിസ മണ്ണിക്കരോട്ട്, കൂമ്പംപാടം മാത്യു, മേരിക്കുട്ടി മൈക്കിൾ, ഗ്രേസ് മോഹൻ, തോമസ് പോൾ.

തിരഞ്ഞെടുക്കപ്പെട്ടവർക്ക് ജോർജ്ജ് എബ്രഹാം സത്യവാചകം ചൊല്ലിക്കൊടുത്തു. ലോന എബ്രഹാം മുൻകാല ഭാരവാഹികൾക്കും ഇലക്ഷൻ കമ്മീഷണർക്കും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി.






PIONEER CLUB OF KERALITES




PIONEER


PIONEER CLUB OF KERALITES




PIONEER CLUB OF KERALITES
IN NORTH AMERICA INC.
PIONEER

# കോഴക്കേസിൽ അദാനി; ആർക്കൊക്കെ പണം കിട്ടി?




emalayalee.com

ലോകത്തെ ഏറ്റവും സമ്പന്നരിൽ ഒരാളായ അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ മേൽ ന്യൂ യോർക്ക് ബ്രൂക്ലിൻ ഫെഡറൽ കോടതിയിൽ വൻകിട അഴിമതി -തട്ടിപ്പു കുറ്റങ്ങൾ ചുമത്തിയതിനു പിന്നാലെ കമ്പനിയുടെ ഓഹരികൾ ഇടിയുകയും 200 ബില്യണോളം മൂല്യം നഷ്ടപ്പെടുകയും ചെയ്തത് അദ്ദേഹത്തെ ശക്തമായി പിന്തുണയ്ക്കുന്ന രാഷ്ട്രീയ ശക്തികൾക്കു കനത്ത തിരിച്ചടിയായി.

ന്യൂ യോർക്ക് കോടതി അദ്ദേഹത്തിനെതിരെ അറസ്റ് വാറന്റ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇന്ത്യയിൽ ശക്തമായ രാഷ്ട്രീയ ബന്ധങ്ങളുള്ള ശതകോടീശ്വരനെതിരെ യുഎസ് ജസ്റ്റിസ് ഡിപ്പാർട്മെന്റും സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമീഷനും നടത്തിയ നീക്കത്തെ കുറിച്ച് അറിവുണ്ടെന്നു വൈറ്റ് ഹൗസ് പറഞ്ഞു.

സൗരോർജ കരാറുകൾ ഉറപ്പിക്കാനും യു.എസിലെ നിക്ഷേപകരെ കബളിപ്പിക്കാനുമുള്ള പ്രതിച്ഛായ സൃഷ്ടിക്കാൻ ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകിയെന്നുള്ള യു.എസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമീഷന്റെ കണ്ടെത്തലിന് പിന്നാലെ ആണ് അദാനി ഗ്രൂപ്പിന് കനത്ത തിരിച്ചടി നേരിടേണ്ടി വരുന്നത്.

ഇന്ത്യൻ പാർലമെന്റ് ശൈത്യകാല സമ്മേളനത്തിനു നവംബർ 25നു തുടക്കം കുറിക്കുമ്പോൾ അദാനി വിവാദം ചൂടു പറക്കുമെന്നുറപ്പായി. ഇന്ത്യയിൽ ക്രിമിനൽ കുറ്റം ചെയ്തെന്നു ആരോപിക്കുന്ന യു.എസിലെ കേസിന്റെ പശ്ചാത്തലത്തിൽ അദാനിയെ അറസ്റ്റ് ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു. 'അദ്ദേഹത്തെ അറസ്റ്റ് ചെയ്യുക, ജയിലിൽ അടയ്ക്കുക,' രാഹുൽ മാധ്യമങ്ങളോടു പറഞ്ഞു. 'അദ്ദേഹം അമേരിക്കയുടെയും ഇന്ത്യയുടേയും നിയമങ്ങൾ ലംഘിച്ചെന്നു ഇപ്പോൾ വ്യക്തമാവുന്നു.

'അഴിമതി ആരോപിക്കപ്പെട്ടാൽ എവിടെ ആയാലും അന്വേഷണം നടത്തണം. അത് അദാനിയിൽ നിന്നാണ് ആരംഭിക്കേണ്ടത്. അദ്ദേഹത്തെ അറസ്റ്റ് ചെയ്താൽ മാത്രമേ അതിനു വിശ്വസനീയത ഉണ്ടാവൂ. അതു കൊണ്ട് അങ്ങിനെ തന്നെ തുടങ്ങട്ടെ.

'ഒടുവിൽ നരേന്ദ്ര മോദിയുടെ പേരും പുറത്തു വരും. കാരണം ബി ജെ പിയുടെ പണപ്പിരിവ് മുഴുവൻ അദ്ദേഹത്തിന്റെ കൈയിലാണ്. അദാനി ഈ രാജ്യത്തെ തട്ടിക്കൊണ്ടു പോയിരിക്കയാണ്. ഇന്ത്യ അയാളുടെ കൈപ്പിടിയിലാണ്.'

അദാനിയെ മോദി സംരക്ഷിക്കുന്നത് അഴിമതിയിലുള്ള പങ്കാളിത്തം മൂലമാണെന്നു രാഹുൽ ആരോപിച്ചു. ഇന്ത്യയിൽ അദാനിയും മോദിയും ഒറ്റക്കെട്ടാണ്, അതു കൊണ്ട് സുരക്ഷിതരുമാണ്. 'പ്രധാനമന്ത്രി 100% ഈ വ്യക്തിക്കു പ്രതിരോധം തീർക്കുന്നു. ഇതൊക്കെ തെളിവുള്ള കാര്യങ്ങളാണ്. പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ഈ കാര്യം ഉന്നയിക്കേണ്ടത് എന്റെ ചുമതലയാണ്.'

# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

**രാജ്യത്തെ പ്രധാന വിമാനത്താവളത്തിന്റെ നിയന്ത്രണം അദാനി ഗ്രൂപ്പിന് കൈമാറാനുള്ള തീരുമാനവും പവർ ട്രാൻസ്മിഷൻ ലൈനുകൾ നിർമിക്കുന്നതിനായി കഴിഞ്ഞ മാസം ഊർജ മന്ത്രാലയം അദാനി ഗ്രൂപ്പുമായി ഒപ്പു വച്ച 736 മില്യൺ ഡോളറിന്റെ (62,16,77,12,000 രൂപ) 30 വർഷത്തേക്കുള്ള പൊതു–സ്വകാര്യ പങ്കാളിത്ത കരാറും റദ്ദാക്കാൻ നിർദേശം നൽകിയതായാണ് പ്രസിഡന്റ് വ്യക്തമാക്കിയത്.**



അദാനി ഗ്രൂപ്പ് മേധാവിയുൾപ്പെടെ ഏഴുപേർക്കെതിരെയാണ് കുറ്റാരോപണമുയർന്നത്. **$265** മില്യൺ (2237 കോടി രൂപ) കൈക്കൂലി നൽകിയതായാണ് കുറ്റപത്രത്തിലുള്ളത്. 20 വർഷം കൊണ്ട് കരാറുകളിൽ **$2** ബില്യൺ ലാഭം കൊയ്യാനാണ് അദാനി ലക്ഷ്യമിട്ടത്.

ഗൗതം അദാനി (62), അദ്ദേഹത്തിന്റെ അന്തരവൻ സാഗർ അദാനി, വിനീത് ജെയിൻ ഉൾപ്പെടെ അദാനി ഗ്രീൻ എനർജിയുടെ രണ്ടു എക്സിക്യൂട്ടീവുമാർ എന്നിവർ ആരോപിതരിൽ ഉൾപ്പെടുന്നു. യുഎസിലേയും , അന്താരാഷ്ട്ര നിക്ഷേപകരെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു എന്ന കുറ്റം അവരുടെ മേൽ ചുമത്തി.

അദാനി ഗ്രീൻ എനർജി അഴിമതി വിരുദ്ധ നിയമങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന ധാരണ അവർ സൃഷ്ടിച്ചു. എനർജി കരാറുകൾക്കു പണമിറക്കാൻ 3 ബില്യൺ ഡോളറിലധികം നിക്ഷേപം അങ്ങിനെ സമാഹരിച്ചു

സെക്യൂരിറ്റി തട്ടിപ്പു കുറ്റവും അതിനുള്ള ഗൂഢാലോചനയും വയർ ഫ്രോഡ് ഗൂഢാലോചനയും ഇവരുടെ മേൽ ചുമത്തിയിട്ടുണ്ട്.

ബ്രൂക്‌ലിനിലെ യു.എസ്. ഡിസ്ട്രിക്ട് കോർട്ടിൽ ഫയൽ ചെയ്ത കേസിൽ അസൂർ പവർ ഗ്ലോബൽ എന്ന കമ്പനിയുടെ മുൻ എക്സിക്യൂട്ടീവുമാരായ രഞ്ജിത് ഗുപ്ത, രൂപേഷ് അഗർവാൾ എന്നിവരും പ്രതികളാണ്. കാനഡയിലെ കെബക്കിലുള്ള നിക്ഷേപ കമ്പനിയുടെ എക്സിക്യൂട്ടീവുകൾ സിറിൽ കാബനസ്, സൗരഭ് അഗർവാൾ, ദീപക് മൽഹോത്ര എന്നിവരും.

**എസ് ഇ സിയും ഇവരുടെ മേൽ കുറ്റം ചുമത്തി.**

ഫോറിൻ കറപ്റ്റ് പ്രാക്ടീസസ് ആക്ട് ലംഘിച്ചു കൈക്കൂലി കൊടുത്തു കാര്യങ്ങൾ നടത്താൻ ശ്രമിച്ചു എന്ന കുറ്റമാണ് ചാർത്തിയത്. എസ് ഇ സിയുടെ അന്വേഷണം തടസപ്പെടുത്താൻ ഗൂഢാലോചന നടത്തി എന്ന കുറ്റവുമുണ്ട്.

ഇന്ത്യയിലാണ് ക്രിമിനൽ കുറ്റങ്ങൾ നടന്നതെങ്കിലും ന്യൂ യോർക്ക് ഈസ്റ്റേൺ ഡിസ്ട്രിക്ടിൽ നടന്ന ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ പേരിലാണ് ബ്രൂക്‌ലിനിൽ കേസ്.

ആരോപിതർ ആരും തന്നെ യുഎസ് കസ്റ്റഡിയിൽ ഇല്ല. കാബനസ് ഫ്രാൻസിലാണ് ജീവിക്കുന്നത്. മറ്റെല്ലാവരും ഇന്ത്യയിലും. ഈ തട്ടിപ്പിന്റെ ഭാഗമായി യുഎസ് നിക്ഷേപരിൽ നിന്ന് **$175** മില്യണിലധികം പിരിച്ചിട്ടുമുണ്ട്. അസൂർ കമ്പനി സ്റ്റോക്കുകൾ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ വിറ്റുവെന്നും എസ് ഇ സി ചൂണ്ടിക്കാട്ടുന്നു.

അദാനി ഗ്രീൻ, അസൂർ കമ്പനികൾക്കു മെച്ചം കിട്ടുന്ന നിക്ഷേപങ്ങൾ ആകർഷിക്കാൻ ഗൗതം അദാനി, സാഗർ അദാനി എന്നിവർ ആസൂത്രണം ചെയ്ത പദ്ധതി അനുസരിച്ചു ഇന്ത്യൻ ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് മില്യണുകൾ വാഗ്ദാനം ചെയ്തതായി എസ് ഇ സി പറയുന്നു.

യുഎസ് ജസ്റ്റിസ് ഡിപ്പാർട്മെന്റും സെക്യൂരിറ്റിസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷനും ഉന്നയിക്കുന്ന ആരോപണനങ്ങൾ അദാനി ഗ്രൂപ് നിഷേധിക്കുന്നു. എല്ലാ നിയമനടപടികളും സ്വീകരിക്കുമെന്നു വക്താവ് പറഞ്ഞു.

ഉയർന്ന സുതാര്യത ഉറപ്പാക്കുന്ന അദാനി ഗ്രൂപ് നിയമത്തെ ആദരിക്കാതെ യാതൊന്നും ചെയ്യാറില്ലെന്നു അവർ വ്യക്തമാക്കി.

കേസ് ഇന്ത്യ-യു.എസ് ബന്ധത്തെ ബാധിക്കില്ലെന്ന സൂചന നൽകി വൈറ്റ് ഹൗസ്

കേസ് ഇന്ത്യ-യു.എസ് ബന്ധത്തെ ബാധിക്കില്ലെന്ന സൂചന നൽകി വൈറ്റ് ഹൗസ്. പ്രസ് സെക്രട്ടറി കാരിൻ ജീൻ-പിയേറയാണ് ഇതുസംബന്ധിച്ച് പ്രതികരണം നടത്തിയത്. ആരോപണങ്ങളെ കുറിച്ച് ഞങ്ങൾക്ക് അറിവുണ്ട്. ഇത് പരിശോധിക്കാനായി യു.എസ് സെക്യൂരിറ്റി ആൻഡ് എക്സ്ചേഞ്ച് കമീഷനും, ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസിനും കൈമാറുകയാണെന്നും ജീൻ പീയേറ പറഞ്ഞു.

ഇന്ത്യയും യു.എസും തമ്മിലുള്ള ബന്ധം ശക്തമായ അടിത്തറയിലാണ് നിലനിൽക്കുന്നത്. ആഗോള വിഷയങ്ങളിൽ ഉൾപ്പടെ ഇരു രാജ്യങ്ങളും തമ്മിൽ സഹകരിക്കുന്നുണ്ട്. മറ്റ് പ്രശ്നങ്ങൾ പോലെ ഇതിലും തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷയെന്നും അവർ പറഞ്ഞു.

അഴിമതി മറച്ചുവെച്ച് ഗൗതം അദാനിയും അദാനി ഗ്രീൻ എനർജിയുടെ മുൻ സി.ഇ.ഒ വനീത് ജയിനും മൂന്ന് ബില്യൺ ഡോളർ വായ്പകളിലൂടെയും ബോണ്ടുകളിലൂടെയും സ്വരൂപിച്ചുവെന്നും കേസുണ്ട്. അഴിമതിക്ക് തെളിവായി ചില കോഡ് നാമങ്ങൾ ഫോണിലൂടെ കൈമാറിയതിന്റെ തെളിവുകളുണ്ടെന്നാണ് റിപ്പോർട്ട്.

**കെനിയയിലും കെണിയിൽ വീണു**

യുഎസ് നടപടി ആഗോള രാഷ്ട്രീയ പൊട്ടിത്തെറിയാവുന്നതിനിടെ കെനിയയിലെ ശതകോടികളുടെ വിമാനത്താവള, ഊർജ പദ്ധതി കരാറുകൾ റദ്ദാക്കാൻ സർക്കാർ തീരുമാനിച്ചതായി കെനിയൻ പ്രസിഡന്റ് വില്യം റൂട്ടോ പറഞ്ഞു.

രാജ്യത്തെ പ്രധാന വിമാനത്താവളത്തിന്റെ നിയന്ത്രണം അദാനി ഗ്രൂപ്പിന് കൈമാറാനുള്ള തീരുമാനവും പവർ ട്രാൻസ്മിഷൻ ലൈനുകൾ നിർമിക്കുന്നതിനായി കഴിഞ്ഞ മാസം ഊർജ മന്ത്രാലയം അദാനി ഗ്രൂപ്പുമായി ഒപ്പു വച്ച 736 മില്യൺ ഡോളറിന്റെ (62,16,77,12,000 രൂപ) 30 വർഷത്തേക്കുള്ള പൊതു–സ്വകാര്യ പങ്കാളിത്ത കരാറും റദ്ദാക്കാൻ നിർദേശം നൽകിയതായാണ് പ്രസിഡന്റ് വ്യക്തമാക്കിയത്.

അന്വേഷണ ഏജൻസികൾ നൽകിയ തീരുമാനത്തിന് കാരണമെന്നും ഗതാഗത മന്ത്രാലയത്തിനോടും ഊർജ, പെട്രോളിയം മന്ത്രാലയത്തിനോടും കരാറുകൾ ഉടനടി റദ്ദാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും റൂട്ടോ അറിയിച്ചു.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# ജയൻ ചെറിയാന്റെ 'റിഥം ഓഫ് ദമ്മാം' ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിക്കും

ന്യു യോർക്ക്: ജയൻ ചെറിയാന്റെ 'റിഥം ഓഫ് ദമ്മാം' ഐഎഫ്എഫ്കെയിൽ (ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള) പ്രദർശിപ്പിക്കും. 92 മിനിറ്റ് ദൈർഘ്യമുള്ള റിഥം ഓഫ് ദമ്മാം എന്ന കൊങ്കിണി/കന്നഡ ചിത്രം, മലയാളിയായ ജയൻ ചെറിയാനാണ് (ജയൻ കെ.സി) അണിയിച്ചൊരുക്കിയിരിക്കുന്നത്. ന്യൂയോർക്കിലെ സിറ്റി കോളേജിൽ നിന്ന് ഫിലിം മേക്കിംഗിൽ എംഎഫ്എയും ഹണ്ടർ കോളേജിൽ നിന്ന് ഫിലിം, ക്രിയേറ്റീവ് റൈറ്റിംഗിൽ ബിഎയും കരസ്ഥമാക്കിയ ജയൻ , ഈ കഥയ്ക്ക് ജീവൻ പകരുന്നതിനുവേണ്ടി അഞ്ചുവർഷം കർണാടകയിലെ യെല്ലപ്പൂരിൽ സിദ്ദി ഗോത്രസമൂഹത്തിനൊപ്പം ചിലവിട്ടു.ആ സമർപ്പണത്തിന്റെ ഫലമായി അന്താരാഷ്ട്ര ചലചിത്രോത്സവത്തിൽ പ്രദർശിപ്പിക്കാൻ ഈ ചിത്രം തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്.



പാപ്പിലിയോ ബുദ്ധ (2014), ദി ഷേപ്പ് ഓഫ് ദി ഷേപ്പ്ലെസ് തുടങ്ങിയ ചിത്രങ്ങളും നിരവധി ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്. രചയിതാവ് എന്ന നിലയിലും സംവിധായകനെന്ന നിലയിലും മനസ്സിനോട് ഏറ്റവും ചേർന്നുനിൽക്കുന്ന റിഥം ഓഫ് ദമ്മാമിനെക്കുറിച്ച് സംവിധായകൻ സംസാരിക്കുന്നു...

ഈ വർഷം ഡിസംബറിലാണ് ഐഎഫ്എഫ്കെ നടക്കുന്നത്. ചലച്ചിത്ര നിർമ്മാതാവ് സലിം അഹമ്മദിന്റെ നേതൃത്വത്തിൽ ലിജിൻ ജോസ്, ശാലിനി ഉഷാദേവി, വിപിൻ അറ്റ്ലി, ചലച്ചിത്ര നിരൂപകൻ ആദിത്യ ശ്രീകൃഷ്ണ എന്നിവരടങ്ങുന്ന സമിതി ഇന്ത്യൻ സിനിമ വിഭാഗത്തിന്റെ ഭാഗമാകുന്ന ഏഴ് സിനിമകളാണ് തിരഞ്ഞെടുത്തത്.

ജയറാം സിദ്ദി എന്ന പന്ത്രണ്ടു വയസ്സുകാരനിൽ അവന്റെ മരിച്ചുപോയ മുത്തച്ഛൻ രാമ ബന്തുസിദ്ദിയുടെ ആത്മാവ് ബാധിച്ചു എന്ന വിശ്വാസത്തിൽ നിന്നാണ് 'ദി റിഥം ഓഫ് ദമ്മാം' പുരോഗമിക്കുന്നത്. പ്രാദേശിക മന്ത്രവാദികളുടെ സഹായം തേടിയിട്ടും, ജയറാമിന്റെ അവസ്ഥ മാറ്റമില്ലാതെ തുടരുന്നു . ഒരു സ്വപ്നലോകത്തേക്ക് അവൻ രക്ഷപ്പെടുകയും തന്റെ മുത്തച്ഛനിൽ നിന്നുള്ള 'മാന്ത്രിക' ഉപകരണങ്ങൾ ഉപയോഗിച്ച് തന്റെ പൂർവ്വികരുമായി ബന്ധപ്പെടുകയും ചെയ്യുന്ന ജയറാം തന്റെ പൂർവ്വികരുടെ അടിമത്തത്തിന്റെ വേദനാജനകമായ ചരിത്രം അറിയുന്നു. അതോടെ യാഥാർത്ഥ്യവുമായുള്ള അവന്റെ ബന്ധം നഷ്ടപ്പെടുന്നു. ജയറാം സ്കൂളിൽ നിന്ന് പുറത്താകുന്നു, അവന്റെ കുടുംബം ഗോത്ര ആചാരങ്ങളും ദമ്മാം സംഗീതവും ഉപയോഗിച്ച് അവന്റെ സമനില വീണ്ടെടുക്കാൻ ശ്രമിക്കുന്നു. ഇവ രണ്ടും അവരുടെ സാംസ്കാരിക പൈതൃകത്തിന് അത്യന്താപേക്ഷിതമാണ്. രോഗശാന്തിയും സ്ഥിരതയും കണ്ടെത്തുന്നതിൽ അവനും കുടുംബവും അഭിമുഖീകരിക്കുന്ന വെല്ലുവിളികൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രേക്ഷകരെ പിടിച്ചിരുത്തുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ ചിത്രത്തിലുണ്ട്.

റിഥം ഓഫ് ദമ്മാം ഒരു നാഴികക്ക



ല്ലാണ്. കാരണം ഉത്തര കർണാടകയ്ക്ക് പുറത്ത് താരതമ്യേന അജ്ഞാതമായി തുടരുന്ന ഒരു വിഭാഗമാണ് സിദ്ദി സമൂഹം. അവരുടെ ജീവിതവും സംസ്കാരവും ഇന്നലെകളും ലോകത്തിനുമുൻപിൽ തുറന്നുകാണിക്കാനുള്ള അവസരം എന്ന നിലയിലാണ് ഈ സിനിമയെ സമീപിച്ചിരിക്കുന്നത്. ഷീദി അല്ലെങ്കിൽ ഹബ്ഷി എന്നും അറിയപ്പെടുന്ന സിദ്ധി സമൂഹത്തിന്റെ വേരുകൾ കർണാടക, ഗുജറാത്ത്, ഹൈദരാബാദ് തുടങ്ങിയ പ്രദേശങ്ങളിൽ കണ്ടെത്താനാകും. പോർച്ചുഗീസ് വ്യാപാരികൾ അടിമകളായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് നിർബന്ധിതമായി കൊണ്ടുവന്ന തെക്കുകിഴക്കൻ ആഫ്രിക്കയിൽ നിന്നുള്ള ബന്തു ജനതയാണ് ഇവരുടെ പൂർവീകർ. ഏകദേശം 1530 നും 1740 നും ഇടയിൽ കൊങ്കൺ തീരത്തെ കോളനികളിലേക്ക് മൊസാംബിക്കിൽ നിന്ന് പോർച്ചുഗീസുകാർ ആഫ്രിക്കൻ അടിമകളെ ഇറക്കുമതി ചെയ്തിരുന്നു. 1835-ഓടെ ബ്രിട്ടീഷ് ഇന്ത്യയിൽ അടിമക്കച്ചവടം നിയമവിരുദ്ധമായിത്തീർന്നു, എന്നാൽ, 1865 വരെ പോർച്ചുഗീസ് നിയന്ത്രണത്തിലുള്ള ഗോവയിൽ അത് തുടർന്നു.

പിന്നീട് സിദ്ദി ജനത സങ്കീർണ്ണമായ ഇന്ത്യൻ ജാതി വ്യവസ്ഥയ്ക്കുള്ളിൽ മറ്റൊരു തരം അടിമത്തത്തിൽ അകപ്പെട്ടു. ഇന്ത്യയിൽ സാമൂഹിക പുരോഗതി ഉണ്ടായിട്ടും,നൂറ്റാണ്ടുകളായി സിദ്ധി സമൂഹം ഇപ്പോഴും വിവേചനം നേരിടുന്നു. പാർശ്വവൽക്കരിക്കപ്പെട്ടിട്ടും സിദ്ധി സമൂഹം ശ്രദ്ധേയമായ പ്രതിരോധശേഷി പ്രകടിപ്പിക്കുകയും അവരുടെ തനതായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ഇന്ത്യൻ സംസ്കാരത്തിന്റെ ഘടകങ്ങൾ ഉൾക്കൊണ്ടുകൊണ്ടും അവരുടെ പൂർവ്വിക ആചാരങ്ങൾ സംരക്ഷിച്ചുകൊണ്ടുമാണ് അവർ ഇത് നേടിയത്. പരമ്പരാഗത ദമ്മാം സംഗീതവും ഗോത്ര ആചാരങ്ങളും അവരുടെ സാംസ്കാരിക പൈതൃകത്തിൽ അവിഭാജ്യ ഘടകങ്ങളായി ഇന്നും നിലകൊള്ളുന്നു.

സ്വത്വം കാത്തുസൂക്ഷിക്കുന്ന ജനത എന്നതാണ് ഇവരുടെ കഥ പറയാൻ പ്രേരണയായതെന്ന് ജയൻ ചെറിയാൻ പറയുന്നു. അവരുടെ ഗോത്ര ആചാരങ്ങളും മോഹിപ്പിക്കുന്ന ദമ്മാമും പ്രേക്ഷകർക്ക് വേറിട്ട അനുഭവം സമ്മാനിക്കുമെന്നും അദ്ദേഹത്തിനുറപ്പുണ്ട്. മുൻവിധികളെയും പക്ഷപാതങ്ങളെയും ചോദ്യം ചെയ്യാൻ ഇത് കാഴ്ചക്കാരെ പ്രോത്സാഹിപ്പിക്കും. സഹിഷ്ണുത , അതിജീവനം എന്നിങ്ങനെ സാമൂഹിക പ്രസക്തമായ ഒട്ടേറെ ഏടുകൾ ഇതിലുണ്ട്. സാംസ്കാരിക പൈതൃകത്തിന്റെ ശാശ്വത ശക്തിയും അത്തരം വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന സമുദായത്തോടുള്ള ഐക്യദാർഢ്യവും ഉയർത്തിക്കാട്ടാൻ ഈ സിനിമയിലൂടെ സംവിധായകൻ ശ്രമിച്ചിട്ടുണ്ട്. സിദ്ദി സമൂഹത്തിന്റെ പശ്ചാത്തലത്തിലുള്ള ആദ്യത്തെ ഫീച്ചർ സിനിമയാണിത്.എല്ലാത്തരം പ്രേക്ഷകർക്കും ആസ്വദിക്കാവുന്ന തരത്തിലാണ് സിനിമയുടെ ക്രാഫ്റ്റ്.

ബെർലിൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, ഡർബൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, ബിഎഫ്ഐ ലണ്ടൻ ലെസ്ബിയൻ ഗേ ഫിലിം ഫെസ്റ്റിവൽ, നാറ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, റിയോ ഡി ജനീറോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, കൊൽക്കത്ത ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, മോൺട്രിയൽ വേൾഡ് ഫിലിം ഫെസ്റ്റിവൽ എന്നിവയുൾപ്പെടെ നിരവധി പ്രശസ്ത ചലച്ചിത്ര മേളകളിൽ അവതരിപ്പിക്കപ്പെട്ട ജയൻ ചെറിയാന്റെ മുൻ സൃഷ്ടികൾക്കും നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ന്യൂയോർക്ക് ഐ കെ സി സി: സ്റ്റീഫൻ കിടാരത്തിൽ പ്രസിഡന്റ്; സാൽബി മാക്കിൽ സെക്രട്ടറി







ന്യു യോർക്ക്: ഇന്ത്യൻ ക്നാനായ കാത്തലിക് കമ്മ്യൂണിറ്റി ഓഫ് ഗ്രെയ്റ്റർ ന്യൂ യോർക്കിന്റെ പുതിയ ഭാരവാഹികളായി പ്രസിഡന്റ് സ്റ്റീഫൻ കിടാരത്തിൽ, വൈസ് പ്രസിഡന്റ് മിനി തയ്യിൽ, സെക്രട്ടറി സാൽബി മാക്കിൽ, ജോയിന്റ് സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

റീജണൽ ഏരിയ കോ-ഓർഡിനേറ്റർമാരായി ലാലി വെളുപ്പറമ്പിൽ & മേരിക്കുട്ടി കണ്ടാരപ്പള്ളിൽ (റോക്ലാൻഡ്), നിഷി കൊടിയന്തറ & ജസ്റ്റിൻ വട്ടക്കളം (B Q L I), ടിന്റു പട്ടാർകുഴി & സിബി മനയ്ക്കപറമ്പിൽ (ന്യൂജേഴ്സി/സ്റ്റാറ്റൻ ഐലൻഡ്), കവിത ചെമ്മാച്ചേരിൽ & സജി കണ്ണങ്കര പുത്തൻപുരയിൽ (വെസ്റ്റ്ചെസ്റ്റർ/കണക്റ്റികട്ട്) എന്നിവരെയും തെരഞ്ഞെടുത്തു.

കെ സി സി എൻ എ നാഷണൽ കൗൺസിൽ മെംബേർസ് ആയി ബെർണീ മുല്ലപ്പള്ളിൽ, ചാക്കോ മണിമല, ജേക്കബ് കുസുമാലയം (യൂത്ത് റെപ്രെസെന്റ്റീവ്), സാജൻ ഭഗവതികുന്നേൽ, സജി ഒരപ്പാങ്കൽ, സിജു ചെരുവൻകാലായിൽ, ജോയ് പാറടിയിൽ എന്നിവരെയും തെരെഞ്ഞെടുത്തു.




1976 ൽ തുടങ്ങിയ അസോസിയേഷന്റെ അൻപതാം വാർഷികവും 2001 ൽ വാങ്ങിയ റോക്ലാൻഡ് കമ്മ്യൂണിറ്റി സെന്ററിന്റെ ഇരുപത്തിഅഞ്ചാം വാർഷികവും അടക്കമുള്ള ഒട്ടനവധി കർമ്മപദ്ധതികളാണ് എക്സിക്യൂട്ടീവ് കമ്മിറ്റി ലക്ഷ്യമിടുന്നത്. ഇതിലേക്കായി ട്രൈസ്റ്റേറ്റിലെ എല്ലാ ക്നാനായക്കാരുടെയും സഹകരണം പ്രതീക്ഷിക്കുന്നതായും എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

# LIVE Television Channels Streaming of Events

MediaAppUSA

## 'VOD' Video On Demand

## Movies | Shows | Photos

## Event Tickets



**One App for All Media Outlets**

- Amazon fireTV
- ROKU TV
- Apple TV
- GoogleTV
- Samsung TV
- LGTV
- Panasonic
- VIZIO TV
- iPhone
- Android

Download on the App Store

Android App on Google play

**Available in App Store or Google Store**

Scan the QR Code for instant download

**Download 'MediaAppUSA'**



# ഗീതാമണ്ഡലത്തിൽ മണ്ഡല കാലാരംഭം




രഞ്ജിത് ചന്ദ്രശേഖർ

പുണ്യമാസ ആരംഭത്തിൽ ഭക്തിയുടെയും, ഐശ്വര്യത്തിന്റെയും നന്മയുടെയും തിരി തെളിയിച്ച് ചിക്കാഗോ ഗീതാമണ്ഡലം..

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും മണ്ഡല-മകരവിളക്ക് കൊടിയേറ്റിൽ പങ്കെടുക്കുവാനും കലിയുഗ വരദനായ അയ്യപ്പ സ്വാമിയെ കണ്ട് തൊഴുവാനും ശനി ദോഷം അകറ്റി സർവൈശ്വര്യസിദ്ധിക്കുമായി നൂറുകണക്കിന് അയ്യപ്പ ഭക്തരാണ് തറവാട് ക്ഷേത്രത്തിൽ എത്തിയത്.

വിഘ്ന നിവാരകനായ മഹാഗണപതിക്ക് വിശേഷാൽ പൂജകളോടെയാണ് ഈ വർഷത്തെ മണ്ഡല പൂജകൾ ആരംഭിച്ചത്. തുടർന്നു വൈകുന്നേരം നാല് മണിക്ക് മണ്ഡല-മകരവിളക്ക് പൂജകൾക്കായി ശരണാഘോഷങ്ങളാലും, വേദമന്ത്രധ്വനികളാലും ധന്യമായ ശുഭ മുഹുർ ത്തത്തിൽ, അയ്യപ്പ സ്വാമിയുടെ നട തുറന്നു ദീപാരാധന നടത്തി. തുടർന്നു ഹരിഹര പുത്രനായ അയ്യപ്പസ്വാമിക്ക്, ഹരിഹരസൂക്തങ്ങളാൾ നെയ്യഭിഷേകവും ശ്രീരുദ്ര ചമകങ്ങളാൽ ഭസ്മാഭിഷേകവും പുരുഷസൂക്തത്തിനാൽ കളഭാഭിഷേകവും നടത്തിയശേഷം അഷ്ടദ്രവ്യകലശം ആടി. തുടർന്നു നൈവേദ്യ സമർപ്പണത്തിനുശേഷം സർവ്വാലങ്കാരവിഭൂഷിതനായ അയ്യപ്പ സ്വാമിയെ, അയ്യപ്പമന്ത്ര കവചത്തിനാലും, സാമവേദ പാരായണത്തിനാലും, മന്ത്രപുഷ്പ പാരായണത്തിനാലും, അയ്യപ്പസ്വാമിയുടെ ഇഷ്ടാഭിഷേകമായ പുഷ്പാഭിഷേകവും അഷ്ടോത്തര അർച്ചനയും ദീപാരാധനയും നടത്തി. തുടർന്നു നമസ്കാരമന്ത്രവും മംഗള ആരതിയും നടത്തിയ ശേഷം ഹരിവരാസനം പാടി നട അടച്ച്, ഈവർഷത്തെ മണ്ഡല മഹോത്സവത്തിന് കൊടിയേറി. തുടർന്ന് നടന്ന മഹാ അന്നദാനത്തോടെ 2024ലെ കൊടിയേറ്റ് പൂജകൾക്ക് പരിസമാപ്തിയായി.

ഈ വർഷത്തെ മണ്ഡല കൊടിയേറ്റ് പൂജകൾക്ക് മേൽശാന്തി ശ്രീ കൃഷ്ണൻ ചെങ്ങണാംപറമ്പിൽ സ്വാമികൾ നേതൃത്വം നൽകി. ശ്രീ രവി ദിവാകരൻ പരികർമിത്വം വഹിച്ചു. ഈ വർഷത്തെ മണ്ഡല കൊടിയേറ്റ് മഹോത്സവങ്ങൾക്ക് പ്രോഗ്രാം കോർഡിനേറ്റർ പ്രജീഷ് ഇരുത്തറമൽ നേതൃത്വം നൽകി. ഈ വർഷത്തെ അയ്യപ്പ പൂജയോടൊപ്പം നടന്ന ഭജനകൾക്ക് ഗീതാമണ്ഡലം ഭജനമണ്ഡലി നേതൃത്വം നല്കി. ശ്രീ രവി നായരും കുടുംബവും ശ്രീ രവി രാജയും കുടുംബവുമാണ് ആണ് മണ്ഡലകാല കൊടിയേറ്റ് പൂജ എല്ലാ സത്ജനങ്ങൾക്കുമായി സമർപ്പിച്ചത്.



ഭാരതീയ ദർശനങ്ങൾ പറയുന്നത്, ഈ പ്രപഞ്ച പ്രഹേളികയെ നാമറിയുന്നത് പതിനെട്ടു തത്വങ്ങളായിട്ടാണ് എന്നാണ്. ഈ പതിനെട്ട് തത്വങ്ങളെയും അനുഭവിച്ച്, നമ്മിലെ ശരിയായ ഉണ്മയെ തിരിച്ചറിയുവാനുള്ള മഹത്തായ പുണ്യകാലം ആണ് മണ്ഡലമകരവിളക്ക് കാലം എന്ന് ഗീതാമണ്ഡലം പ്രസിഡൻറ് ശ്രീ ആനന്ദ് പ്രഭാകർ പറഞ്ഞു. അതിരാവിലെ ഉണർന്ന് ബ്രഹ്മചര്യനിഷ്ഠയോടെ വ്രതമെടുത്ത് മനസിനെയും ശരീരത്തേയും ഈശ്വരചിന്തയിൽ അർപ്പിച്ച്, ഭഗവാനിൽ അഭയംപ്രാപിക്കുന്ന ഒരാളുടെ മനസ്സും ശരീരവും ശുദ്ധീകരിക്കപ്പെടുകയും, ആത്മീയമായ ഉയർച്ച നേടുകയും ചെയ്യുന്നു. കുടുംബത്തിൽ ഒരാളെങ്കിലും സ്വാമി മുദ്ര ധരിച്ചു കഴിഞ്ഞാൽ ആ കുടുംബത്തിന് തന്നെ പോസിറ്റീവ് ആയ പല മാറ്റങ്ങൾ സംഭവിക്കും എന്ന് സാഹിത്യകാരൻ ശ്രീ രാധാകൃഷ്ണൻ നായർ പറഞ്ഞു.

മണ്ഡല മകരവിളക്ക് കൊടിയേറ്റ് ഒരുവൻ വിജയമാക്കുവാൻ പ്രവർത്തിച്ച എല്ലാ ഗീതാമണ്ഡലം പ്രവർത്തകർക്കും, ഉത്സവസത്തിൽ പങ്കെടുത്ത എല്ലാ ഭക്ത ജനങ്ങൾക്കും, കൊടിയേറ്റ് ഉത്സവം സ്പോൺസർ ചെയ്ത ശ്രീ രവി നായർക്കും കുടുംബത്തിനും ശ്രീ രവി രാജക്കും കുടുംബത്തിനും, പൂജകൾക്ക് നേതൃത്വം നൽകിയ മേൽശാന്തി ശ്രീ കൃഷ്ണൻ ചെങ്ങണാംപറമ്പിൽ സ്വാമികൾക്കും, പരികർമിത്വം നിർവഹിച്ച ശ്രീ രവി ദിവാകരനും ജനറൽ സെക്രട്ടറി ബൈജു എസ്. മേനോൻ പ്രത്യേകം നന്ദി അറിയിച്ചു.


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ഡാളസ് കേരളാ അസോസിയേഷൻ 'കേരള പിറവി ദിനാഘോഷം' അവിസ്മരണീയമായി



**പി പി ചെറിയാൻ**

ഡാളസ് : ഡാളസ് കേരളാ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ അറുപത്തെട്ടാമത് കേരള പിറവി ദിനാഘോഷം വിവിധ പരിപാടികളോടെ ആഘോഷിച്ചത് ഡാളസ് ഫോർത്തവർത്ത മെട്രോപ്ലെക്സിൽ നിന്നും എത്തിച്ചേർന്ന മലയാളി കലാസ്വാദകർക്ക് അവിസ്മരണീയ അനുഭവമായി .

2024 നവംബർ 16 ശനിയാഴ്ച 'കേരളീയം' എന്നപേരിൽ ഗാർലൻഡിലെ സെന്റ് തോമസ് സീറോ മലബാർ ചർച്ച് ജൂബിലി ഹാളിൽ സംഘടിപ്പിച്ച കേരളീയം ചടങ്ങിൽ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ അധ്യക്ഷത വഹിച്ചു .ക്ര ത്യം ആറുമണിക്ക് അമേരിക്കൻ ദേശീയ ഗാനവും ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു പരിപാടികൾക്ക് തുടക്കം കുറിച്ചു.പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ ആമുഖ പ്രസംഗം നടത്തുകയും എല്ലാവരെയും സ്വാഗതം ചെയുകയും ചെയ്തു . തുടർന്ന് രണ്ടര മണിക്കൂർ നീണ്ടു നിന്ന ഭരതനാട്യം, മോഹിനിയാട്ടം, തിരുവാതിര, മാർഗംകളി, ഒപ്പന, കേരളനടനം,കോൽക്കളി തെയ്യം തുടങ്ങിയ കേരളത്തനിമയാർന്ന തകർപ്പൻ കലാപരിപാടികൾ പങ്കെടുത്ത



എല്ലാവരുടെയും കാതിനും മനസ്സിനും കുളിർമയേകുന്നതായിരുന്നു

ഇൻസ്ട്രുമെന്റൽ ലൈവ് മ്യൂസിക് (നൊസ്റ്റാൾജിക് മലയാളം മൂവി പശ്ചാത്തല മെഡ്‌ലി, ചെറിയ ബാൻഡ്, നിഹാര, നൂപുര, മെക്നാക്ഷി, കാർ സിദ്ധാർത്ഥ് , അഭിജിത്ത്),ലളിത ഗാനം – മീനാക്ഷി,തിരുവാതിര – നാട്യം ടീം, മാർഗം കാളി – ക്രൈസ്റ്റ് ദികിംഗ് മാർഗം കാളി ടീം ഓഫ് ഡാളസ്

ഭരതനാട്യം– തപസ്യ സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ്,(നൃത്തസംവിധാനം ദിയുയ സനൽ), കോൽ കളി – ക്രൈസ്റ്റ് ദികിംഗ് കോൾ കലി ടീം ഓഫ് ഡാളസ്, ഒപ്പന -ഡാളസ് മൊഞ്ചത്തിമാർ, നാടോടിനൃത്തം – ഇന്ദുവിന്റെ ടീം, കുച്ചുപ്പുടി – ശ്രീജയുടെ ടീം,തല ലയം – ബാലു & ടീം, നാടോടിനൃത്തം (കൊറിയോഗ്രാഫ് ചെയ്തത് ആൽഫി മാളികലും ഏകോപിപ്പിച്ചതുമാണ്) ഷൈനി ഫിലിപ്പ്, മോഹിനി ആട്ടം – തപസ്യ സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ്, മോണോ ആക്ട് – സുബി ഫിലിപ്പ്, സെമി ക്ലാസിക്കൽ ഡാൻസ് – നർത്തന ഡാൻസ് ഡാളസ്(ഹന്ന), നാടൻ പാട്ട് – ഡാളസ് മച്ചന്മാർ, മാപ്പിളപ്പാട്ട്, സെമി ക്ലാസിക്കൽ ഡാൻസ് – സംസ്കൃതി അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ് എന്നിവർ അവതരിപ്പിച്ച ഓരോ പരിപാടികളും ഒന്നിനോടൊന്നു മികച്ചതായിരുന്നു





പ്രോഗ്രാം കോർഡിനേറ്ററും ആർട് ഡിറ്റക്ടറുമായ സുബി ഫിലിപ്പ് സെക്രട്ടറി മൻജിത് കൈനിക്കര എന്നിവർ മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു.അനിയൻ ഡാളസ് ശബ്ദവും വെളിച്ചവും നിയന്ത്രിച്ചു. ഇന്ത്യൻ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെൻ്റർ ഷിജു എബ്രഹാം, ദീപക് മടത്തിൽ, വിനോദ് ജോർജ് ,സാബു മാത്യു, ജെയ്സി രാജു, സാബു മുക്കാലടിയിൽ, അഗസ്റ്റിൻ ,ബേബി കൊടുവത്ത്, അനശ്വർ മാംമ്പിള്ളി,സബ് മാത്യു ,ഫ്രാൻസിസ് തോട്ടത്തിൽ ,ദീപു രവീന്ദ്രൻ ,നിഷ മാത്യു ,രാജൻ ചിറ്റാർ ,ഹരിദാസ് തങ്കപ്പൻ , ഫ്രാൻസിസ് ആംബ്രോസ് ഡിംപിൾ ജോസഫ്,സിജു വി ജോർജ് എന്നിവരാണ് കേരളീയം വൻ വിജയമാകുന്നതിനു പ്രവർത്തിച്ചത്.























KERALA ASSOCIATION OF DALLAS
കേരളീയം










GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
QUARTZ SLABS
Hundreds of colors in stock
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING
for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com



# ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ – ചൈന പോരാട്ടം



**(സനിൽ പി. തോമസ്)**

പതിനേഴുപേരാണ് ഇതുവരെ ലോക ചെസ് ചാമ്പ്യൻഷിപ്പ് നേടിയത്. ഇതിൽ ലോകം മുഴുവൻ ശ്രദ്ധ നേടിയ ലോക ചാമ്പ്യൻഷിപ്പ് ഫൈനൽ 1972 ൽ ആയിരുന്നു. അന്നത്തെ ലോക ചാമ്പ്യൻ റഷ്യയുടെ ബോറിസ് സ്പാസ്കിയും അമേരിക്കയുടെ ഗ്രാൻഡ് മാസ്റ്റർ ബോബി ഫിഷറും തമ്മിൽ നടന്ന പോരാട്ടം കരുനീക്കം അറിയാത്തവർ പോലും ശ്രദ്ധിച്ചു. കാരണം, റഷ്യയും അമേരിക്കയും തമ്മിൽ നടക്കുന്നൊരു യുദ്ധമായാണ് ലോകം അതിനെ കണ്ടത്. ശീതസമരം കൊടുമ്പിരികൊണ്ടിരുന്ന കാലമായിരുന്നത്.

ചെസിലെ റഷ്യൻ ആധിപത്യം അവസാനിപ്പിക്കുക എന്നതിലുപരി കമ്മ്യൂണിസ്റ്റ് രാജ്യത്തിനെതിരെ വിജയിക്കുക എന്നതാണ് അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളുംആ പോരാട്ടത്തിനു നൽകിയ പ്രാധാന്യം. ബോബി ഫിഷർ ഒരു അമാനുഷിക പ്രതിഭയാണെന്ന് ലോകം അതിനകം തിരിച്ചറിഞ്ഞിരുന്നു താനും. ഒടുവിൽ ബോബി ഫിഷർ വിജയിച്ചപ്പോൾ റഷ്യയെ അമേരിക്ക പരാജയപ്പെടുത്തിയ ആഹ്ലാദമാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധരിൽ പ്രകടമായത്.

ഇപ്പോൾ, ഈ മാസം 25ന് സിംഗപ്പൂരിൽ മറ്റൊരു ലോക ചെസ് ചാമ്പ്യൻഷിപ്പ് ഫൈനൽ തുടങ്ങുന്നു. നിലവിലെ ചാമ്പ്യൻ, ചൈനയുടെ ഡിങ് ലിറനെ എതിരിടുന്നത് ഇന്ത്യയുടെ ഡി. ഗുകേഷും. അന്നത്തെ യു.എസ്.-റഷ്യ പോരാട്ടം പോലെ ലോക ശ്രദ്ധ ആകർഷിക്കേണ്ടതാണ് ഇതും. പക്ഷേ, അത്തരമൊരു ആവേശം ഇല്ല. കാരണം ഇന്ത്യയും ചൈനയും ഇപ്പോൾ സൗഹൃദത്തിലാണ്. അതിർത്തിയിൽ നിന്നു സേനാ പിൻമാറ്റമൊക്കെയായി. വ്യാപാര രംഗത്തും മറ്റും കൂടുതൽ സഹകരിക്കാനും നേരിട്ടു വിമാന സർവ്വീസിനും തയ്യാറെടുക്കുന്നു.

വിശ്വനാഥൻ ആനന്ദിനുശേഷം ഇന്ത്യയിൽ നിന്നൊരു ലോക ചെസ് ചാംപ്യൻ പിറക്കുമോ? ലോക ചെസ് ചാംപ്യൻഷിപ് ഫൈനലിൽ ഡിങ് ലിറനെതിരെ ദൊമ്മ രാജു ഗുകേഷ് കരുനീക്കുമ്പോൾ ഇന്ത്യയുടെ പ്രതീക്ഷകളും ഉയരുകയാണ്. തമിഴ്നാട്ടിൽ നിന്നുള്ള പതിനെട്ടുകാരൻ കിരീടം ചൂടിയാൽ ചരിത്രത്തിലെ പ്രായം കുറഞ്ഞ ലോകചാമ്പ്യനുമാകും. കാൻഡിഡേറ്റ്സ് ചെസിൽ കളിച്ച എട്ടുപേരിൽ മൂന്നുപേർ ഇന്ത്യക്കാരായിരുന്നു. ഒൻപത് പോയിന്റ് നേടിയാണ് ഗുകേഷ് കാൻഡിഡേറ്റ്സ് ചാമ്പ്യനായത്. വിദ്യുത് ഗുജറാത്തിയും പ്രഗ്നാനന്ദയുമാണ് മത്സരിച്ച മറ്റ് രണ്ടു ഇന്ത്യക്കാർ.

ലോക ചാംപ്യൻഷിപ് ഫൈനലിൽ ക്ളാസിക് ശൈലിയിൽ 14 ഗെയിമുകൾ ജയിച്ചാൽ ഒരു പോയിന്റ്, സമനിലയ്ക്ക് അര പോയിന്റ്. ആദ്യം 7.5 പോയിന്റ് നേടുന്നയാൾ ലോകചാമ്പ്യൻ. 14 ഗെയിമിൽ ഫലം കണ്ടില്ലെങ്കിൽ ടൈബ്രേക്കർ. ഇതാണ് രീതി.

2023 ഏപ്രിലിൽ, റഷ്യയുടെ യാൻ നിപോംനിഷിയെ പരാജയപ്പെടുത്തിയാണ് ഡിങ് ലിറൻ ലോക ചാമ്പ്യനായത്. പുരുഷ ചെസിൽ ചൈനയിൽ നിന്നുള്ള ആദ്യ ലോകചാമ്പ്യൻ.



തീർത്തും ആക്സ്മികമായിട്ടാണ് ലിറൻ ലോക കിരീടം ചൂടിയത്. കാൻഡിഡേറ്റ്സ് ടൂർണ്ണമെന്റിൽ നിപോംനിഷി ഒന്നാമതും ലിറൻ രണ്ടാമതും എത്തിയതോടെ അന്നത്തെ ലോകചാമ്പ്യന്റെ എതിരാളിയാകേണ്ടത് നിപോംനിഷിയായിരുന്നു. എന്നാൽ ലോക ചാമ്പ്യൻ മാഗ്നസ് കാൾസൻ മത്സരിക്കാൻ വിസമ്മതിച്ചു. ഇതോടെ കാൻഡിഡേറ്റ്സിലെ ഒന്നും രണ്ടും സ്ഥാനക്കാർ തമ്മിൽ മത്സരം നടത്തി. ഭാഗ്യം തുണച്ചത് ലിറനെയും.

ലിറന്റെ -ലോക കിരീടത്തിനു തിളക്കം കുറവായിരുന്നെന്നു പറയാം. കാരണം ഇപ്പോഴും ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസൻ തന്നെ. പക്ഷെ ലോക ചെസിൽ ഇത് പുതിയ സംഭവമല്ല. ലോകം മുഴുവൻ ശ്രദ്ധിച്ച പോരാട്ടത്തിൽ 1972ൽ ജയിച്ച അമേരിക്കയുടെ ബോബി ഫിഷർ കിരീടം നിലനിർത്താൻ പൊരുതിയില്ല.

- കാർപോവ് ലോക ചാമ്പ്യനായപ്പോഴും ഗാരി കാസ്പറോവ് ആയിരുന്നല്ലോ ലോകത്തിലെ സൂപ്പർ താരം.

അഞ്ചു തവണ ലോകചാമ്പ്യനായ വിശ്വനാഥൻ ആനന്ദിനെ പരാജയപ്പെടുത്തിയാണ് 2013-ൽ മാഗ്നസ് കാൾസൻ ലോകചാമ്പ്യനാകുന്നത്. അപ്രതീക്ഷിതമായി ലോക ചാമ്പ്യനായത് ഉൾക്കൊള്ളാൻ പറ്റാഞ്ഞതുകൊണ്ടാണോയെന്ന് അറിയില്ല ഡിങ് ലിറന് പിന്നീട് ആ ഫോമിലേക്ക് ഉയരാൻ കഴിഞ്ഞില്ല. അദ്ദേഹം വിഷാദ രോഗിയായി. ഒൻപതു മാസത്തോളം ചെസ് മത്സരങ്ങളിൽ നിന്നു വിട്ടു നിന്നു. ഈ വർഷം ജനുവരിയിൽ മടങ്ങിയെത്തിയെങ്കിലും ഇപ്പോൾ ലോകറാങ്കിങ്ങിൽ ആദ്യ 20ൽ ഇല്ല.

ഗുകേഷ് എന്ന എതിരാളിക്കൊപ്പം സ്വന്തം ഫോമും അതിലുപരി മാനസിക സംഘർഷവും ഡിങ് ലിറന്റെ മത്സരത്തെ ബാധിക്കും. ഇടയ്ക്കൊരു ടൂർണ്ണമെന്റിൽ പകുതി വഴിക്ക് അദ്ദേഹം പിൻവാങ്ങിയതും മറക്കാനാവില്ല. ഉയർച്ചയും താഴ്ചയും ജീവിതത്തിൽ ഉണ്ട്. താഴ്ച കഴിഞ്ഞെന്നും ഇനി ഉയർച്ചയാകുമെന്നുമാണ് ലിറൻ പറയുന്നത്. 'കൊടുങ്കാറ്റ് ഉള്ളിലുള്ള ശാന്തനായ കളിക്കാരനാണ് ലിറൻ.' എന്നാണ് ചെസ് പണ്ഡിതരുടെ അഭിപ്രായം. ഏതാനും ഗെയിം കഴിയുമ്പോൾ അറിയാം ലിറൻ ഫോം വീണ്ടെടുത്തോയെന്നത്.

ഗുകേഷിനെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെടാനൊന്നുമില്ല. നേടാൻ ഏറെയുണ്ടുതാനും. അതുതന്നെയാണ് മേൽക്കൈയും. തമിഴ്നാട്ടിൽ നിന്നുതന്നെ മറ്റൊരു ലോക ചെസ് ചാമ്പ്യൻ കൂടിയായാൽ അദ്ഭുതപ്പെടേണ്ടതില്ല. വിശ്വനാഥൻ ആനന്ദ് തെളിച്ച വഴിയിലൂടെ യുവ, കൗമാരനിര കുതിക്കുകയാണ്. അർജുൻ എരിഗാസി അടുത്ത നാളിലാണ് 2800 ഇലോ റേറ്റിങ് കടന്നത്. വിശ്വനാഥൻ ആനന്ദിനു ശേഷം ഈ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യക്കാരൻ.

1886ൽ തുടക്കമിട്ട ലോക ചെസ് ചാമ്പ്യൻഷിപ്പിലെ പതിനെട്ടാമത്തെ ചാമ്പ്യനാകുകയാണ് ഗുകേഷിന്റെ ലക്ഷ്യം. മറിച്ച് ലിറൻ ജയിച്ചാൽ ലോകചാമ്പ്യൻമാർ പതിനേഴായി തുടരും. ഏഷ്യയിൽ നിന്ന് രണ്ട് കളിക്കാർ ചെസ് ലോകകിരീടത്തിനു വേണ്ടി മത്സരിക്കുന്നത് ആദ്യമാണ്. നല്ല മത്സരം നടക്കട്ടെ, പുതിയ ചാമ്പ്യൻ പിറക്കട്ടെ.

# വിദ്യാഭ്യാസ രംഗത്ത് ഇന്ത്യ – യു.എസ് സഹകരണം ഉയരങ്ങളിൽ



ന്യൂഡൽഹി, നവംബർ 18, 2024: വിദ്യാഭ്യാസ മേഖലയിൽ ദീർഘകാല പങ്കാളിത്തം പുലർത്തുന്ന രാജ്യങ്ങളാണ് യുണൈറ്റഡ് സ്റ്റേറ്റ്സും ഇന്ത്യയും. ബാല്യകാല വിദ്യാഭ്യാസത്തിൽ തുടങ്ങി ബിരുദ, ബിരുദാനന്തര തലങ്ങളിൽ ഇരുവശത്തേക്കുള്ള വിദ്യാർത്ഥി ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെ വിശാലമായ നിരവധി പ്രവർത്തനങ്ങളിൽ ഇരുരാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്നത് തുടരുന്നു. ഈ തുടർപങ്കാളിത്തം ജോൺ ഹോപ്കിൻസ് സർവകലാശാലയുടെ ഗുപ്താ-ക്ലിൻസ്കി ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട്, യു.എസ്.-ഇന്ത്യ അലയൻസ് ഫോർ വിമൻസ് ഇക്കണോമിക് എംപവർമെൻറ് എന്നിവ ചേർന്ന് ഇപ്പോൾ പുതിയതായി തുടങ്ങിയ ““വിമൻ ഇൻ STEMM ഫെല്ലോഷിപ്പ്““ (ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം, മെഡിസിൻ) സംരംഭത്തോടെ വിപുലീകരിക്കപ്പെടുന്നു. ഇന്ത്യയിൽ തുടക്കക്കാരായ വനിതാ ശാസ്ത്രജ്ഞരെയും ഗവേഷകരെയും പിന്തുണയ്ക്കാനും STEMM മേഖലകളിൽ നേതാക്കളായി മാറാൻ അവർക്ക് പ്രചോദനം നൽകാനും ലക്ഷ്യമിട്ടുള്ളതാണ് ഈ ഫെല്ലോഷിപ്പ്.

വിദ്യാഭ്യാസത്തിലുള്ള ഈ പങ്കാളിത്തത്തിൻറെ നിക്ഷേപം ശ്രദ്ധേയമായ ഫലങ്ങളാണ് നൽകുന്നത്. 2009-ന് ശേഷം ആദ്യമായി മറ്റേത് രാജ്യത്തെക്കാളും കൂടുതൽ വിദ്യാർത്ഥികളെ യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് അയച്ച രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു എന്ന് ഏറ്റവും പുതിയ ഓപ്പൺ ഡോഴ്സ് റിപ്പോർട്ട് എടുത്തുകാട്ടി ഇന്ത്യയിലെ യു.എസ്. അംബാസഡർ എറിക് ഗാർസെറ്റി ഇന്ന് പ്രഖ്യാപിച്ചു. 3,30,000-ന് മേൽ ഇന്ത്യക്കാരാണ് 2023/2024 അധ്യയന വർഷത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഉന്നതവിദ്യാഭ്യാസത്തിനായി എത്തിയത്, അതിന് മുൻ വർഷത്തേക്കാൾ 23 ശതമാനം വർദ്ധന.

വിവിധതലങ്ങളിൽ ശ്രദ്ധേയമായ വളർച്ച എടുത്തു കാട്ടുന്നു പുതിയ ഓപ്പൺ ഡോഴ്സ് റിപ്പോർട്ട്:

മാസ്റ്റേഴ്സ് ബിരുദം: ഏറ്റവും കൂടുതൽ അന്തർദേശീയ മാസ്റ്റേഴ്സ് ബിരുദ വിദ്യാർത്ഥികളെ അയക്കുന്ന രാജ്യം എന്ന സ്ഥാനം തുടർച്ചയായ രണ്ടാം വർഷം ഇന്ത്യ നിലനിർത്തി. 1,97,000-ത്തോളം വിദ്യാർത്ഥികളാണ് ഇന്ത്യയിൽ നിന്ന് മാസ്റ്റേഴ്സ് ബിരുദ കോഴ്സുകളിൽ ചേർന്നത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 19% വർദ്ധനവാണ്.

ഓപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിങ് (ഓ.പ.ിറ്റി.): യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഏറ്റവുമധികം നൈപുണ്യവികസിത ജോലിക്കാരെ പ്രദാനം ചെയ്യുന്ന ശ്രോതസ്സ് എന്ന നിലയിലുള്ള ഇന്ത്യയുടെ പങ്ക് ശക്തിപ്പെടുത്തിക്കൊണ്ട് ഓ.പി.റ്റി. പ്രോഗ്രാമുകളിലുള്ള ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം 41% ഉയർന്ന് 97,556 ആയി.

ബിരുദം: ഇന്ത്യയിൽ നിന്നുള്ള ബിരുദ വിദ്യാർത്ഥികളുടെ എണ്ണം 13% വർധിച്ച് 36,000-ന് മേലെ എത്തി.

ഉന്നത അക്കാദമിക, തൊഴിൽ അവസരങ്ങളിലുള്ള ശക്തമായ താത്പര്യം വഴി വന്ന ചേർന്ന ഈ വർദ്ധനവുകൾ യു.എസ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ രണ്ടുവർഷത്തിൽ ഇന്ത്യ നടത്തിയ മുന്നേറ്റത്തെ അടിവരയിട്ട് കാണിക്കുന്നു.

വിദേശപഠനത്തിന് ഇന്ത്യ തിരഞ്ഞെടുക്കുന്ന അമേരിക്കൻ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള 300% വർദ്ധനവും ഈ വർഷത്തെ ഓപ്പൺ ഡോഴ്സ് റിപ്പോർട്ട് രേഖപ്പെടുത്തുന്നുണ്ട്. ഇന്ത്യയിൽ പഠിക്കുന്ന അമേരിക്കക്കാരുടെ എണ്ണം വെറും ഒരു വർഷം കൊണ്ട് 300-ൽ നിന്ന് 1300-ലേക്ക് ഉയർന്നു.

ഓപ്പൺ ഡോഴ്സ് റിപ്പോർട്ട് പ്രകാശനം അന്തർദേശീയ വിദ്യാഭ്യാസത്തിന്റെയും ലോകമെമ്പാടുമുള്ള വിദ്യാർത്ഥി എക്സ്ചേഞ്ച് പ്രോഗ്രാമുകളുടെയും നേട്ടങ്ങൾ ആഘോഷിക്കുന്ന അന്തർദേശീയ വിദ്യാഭ്യാസ വാരാചരണത്തിന് തുടക്കമിടുന്നു.

STEMM ഫെല്ലോഷിപ്പ് പരിപാടിയിൽ പങ്കെടുത്ത് അംബാസഡർ ഗാർസെറ്റി പറഞ്ഞു, ““ഇന്ന് നാം ഒന്നുചേർന്നിരിക്കുന്നത് യു.എസ്.-ഇന്ത്യ അലയൻസ് ഫോർ വിമൻസ് ഇക്കണോമിക് എംപവർമെൻറ് സംരംഭമായ, ജോൺ ഹോപ്കിൻസ് സർവകലാശാലയിലെ ഗുപ്താ-ക്ലിൻസ്കി ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് നയിക്കുന്ന "വിമൻ ഇൻ STEM ഡെവലപ്മെൻറ് ആൻഡ് മെഡിസിൻ ഫെല്ലോഷിപ്പ്" അല്ലെങ്കിൽ "വിമൻ



ഇൻ STEMM ഫെല്ലോഷിപ്പ്" ഔദ്യോഗികമായി തുടങ്ങാനാണ്. ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം, മെഡിസിൻ (STEMM) എന്നിവയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ, സഹകരണത്തിന്റെ, ലിംഗസമത്വത്തിന്റെ ആഗോള പ്രാധാന്യത്തെ ഓർമ്മിപ്പിക്കുന്നതാണ് ഈ പരിപാടി. അന്തർദേശീയ വിദ്യാഭ്യാസ വാരാചരണത്തോട് ചേർന്ന്


"വിമൻ ഇൻ STEMM ഫെല്ലോഷിപ്പ്" തുടങ്ങുന്നത് ഈ നിമിഷത്തെ കൂടുതൽ അർത്ഥവത്തും സവിശേഷവുമാക്കുന്നു. വിദ്യാഭ്യാസം അതിർത്തികളാൽ പരിമിതപ്പെട്ടതല്ലെന്നും നമ്മുടെ രാജ്യങ്ങളും സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണമാണ് ആഗോള വെല്ലുവിളികൾ പരിഹരിക്കുന്നതിൽ നിർണ്ണായകം എന്നുള്ള പൊതുവിശ്വാസത്തിൻറെ ആഘോഷമാണ് ഇന്ന് നാം അടയാളപ്പെടുത്തുന്നത്.""

ജോൺ ഹോപ്കിൻസ് സർവകലാശാല പ്രസിഡൻറ് റൊണാൾഡ് ജെ. ഡാനിയൽസ് കൂട്ടിച്ചേർത്തു: "STEMM മേഖലയിലുള്ള സ്ത്രീശാക്തീകരണം ആഗോള നവീകരണത്തിന് അത്യന്താപേക്ഷിതമാണ് എന്ന് ജോൺ ഹോപകിൻസ് സർവകലാശാലയിൽ ഞങ്ങൾ വിശ്വസിക്കുന്നു. യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് തുടങ്ങുന്ന "വിമൻ ഇൻ STEMM ഫെല്ലോഷിപ്പ്" ഇന്ത്യൻ വനിതാ ശാസ്ത്രജ്ഞർക്ക് നിർണ്ണായകമായ ഗവേഷണ കഴിവുകൾ നേടാനും ഉപദേഷ്ടാക്കളിൽ നിന്ന് വിവരങ്ങൾ തേടാനും ആഗോള ശ്രുംഖലകളുമായി ബന്ധിപ്പിക്കാനും സഹായിക്കാനായി രൂപപ്പെടുത്തിയതാണ്. വനിതാ ശാസ്ത്രജ്ഞർക്ക് അവരുടെ ഗവേഷണ ജോലികൾ ആരംഭിക്കാനും നിലനിർത്തിക്കൊണ്ട് പോകാനുമുള്ള പിന്തുണയും പരിശീലനവും വിഭവങ്ങളും നൽകിക്കൊണ്ട് ഈ മേഖലകളിലുള്ള സ്ത്രീകളുടെ പുരോഗതി സാധാരണയായി പരിമിതപ്പെടുത്തുന്ന തടസ്സങ്ങളെ ഈ ഫെല്ലോഷിപ്പ് നേരിടുന്നു. ഇന്ത്യയിലെ ഗവേഷണ, നവീകരണ ആവാസവ്യവസ്ഥ നയിച്ച് കൂടുതൽ സ്വാധീനം ചെലുത്തുന്ന ഭാവി കെട്ടിപ്പടുക്കുന്ന കഴിവുറ്റ സ്ത്രീകളെ പിന്തുണക്കാൻ കഴിയുന്നതിൽ ഞങ്ങൾ സന്തോഷമുണ്ട്.""

ജോലിയിടങ്ങളിലും സാമ്പത്തിക വ്യവസ്ഥയിലും സ്ത്രീകളുടെ ഔപചാരികമായ ഉൾപ്പെടുത്തലിന് വേണ്ടി പ്രവർത്തിക്കുന്ന യു.എസ്. മിഷൻ ഇന്ത്യ പ്രൈമറിസ്ക്കൂൾ മുതൽ തൊഴിൽ വരെ നീളുന്ന യു.എസ്.-ഇന്ത്യ വിദ്യാഭ്യാസ സഹകരണത്തിനുള്ള പിന്തുണ ആഘോഷിക്കുന്നു.

മുംബൈയിലെ യു.എസ്. കോൺസുലേറ്റ് ജനറൽ കാര്യാലയവും യൂണിവേഴ്സിറ്റി ഓഫ് ഡെൻവറും യു.എസ്.-ഇന്ത്യ ഉന്നത വിദ്യാഭ്യാസ സഹകരണവും പങ്കാളിത്തവും ലളിതമായി വിവരിക്കുന്ന ഒരു ഡിജിറ്റൽ ഗൈഡ് വരുംനാളുകളിൽ പ്രകാശിപ്പിക്കും. ഈ ഗൈഡ് ഇന്ത്യൻ കോളേജുകൾക്കും സർവകലാശാലകൾക്കും യു.എസ്. വിദ്യാഭ്യാസ സംവിധാനം; യു.എസ്. കോളേജുകളും സർവകലാശാലകളുമായുള്ള പങ്കാളിത്തിലൂടെ ക്യാമ്പസുകൾ ആഗോളവത്ക്കരിക്കാനുള്ള വിവരങ്ങൾ; വിജയകരമായ സഹകരണത്തിനുതകുന്ന മികച്ച മാർഗ്ഗരീതികൾ; ക്യാമ്പസ് പ്രവേശനത്തിൽ വൈവിധ്യത്തിനും സമത്വത്തിനുമുള്ള പ്രാധാന്യം; വിദ്യാർത്ഥി-അദ്ധ്യാപക എക്സ്ചേഞ്ച്, പാഠ്യപദ്ധതി വികസനം, ഗവേഷണ-വിവര പങ്കിടൽ പോലെ വിവിധ പങ്കാളിത്തങ്ങൾ പടുത്തുയർത്താനുള്ള മാർഗ്ഗങ്ങൾ; എന്നീ മേഖലകളിലുള്ള വിവരങ്ങൾ പകർന്ന് നൽകും.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെൻറ് (യു.എസ്. എയ്ഡ്) അന്തർദേശീയ വിദ്യാഭ്യാസ വാരം ആഘോഷിക്കുന്നത് രാജസ്ഥാനിലെ ബാര, തെലങ്കാനയിലെ ഭൂപാലപള്ളി ജില്ലകളിൽ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും അടിസ്ഥാന അറിവും ശുചിത്വശീലങ്ങളും മെച്ചപ്പെടുത്താൻ സെസമി വർക്ക്ഷോപ് ഇന്ത്യ ട്രസ്റ്റുമായി ചേർന്ന് ""ലേൺ പ്ലേ ഗ്രോ"" എന്ന പേരിലുള്ള സംരംഭം തുടങ്ങിക്കൊണ്ടാണ്. അങ്കണവാടികളിലുള്ള 20000 മുതൽ 25000 കുട്ടികൾ നേരിട്ട് ഈ ഉദ്യമത്തിൽ പങ്കാളികളാകും; സമൂഹമാധ്യമങ്ങൾ വഴി 7.6 ദശലക്ഷം ആളുകളും. ഗുണവിലവാരമുള്ള പ്രൈമറി വിദ്യാഭ്യാസത്തിന് യു.എസ്. ഗവൺമെന്റിനുള്ള പ്രതിബദ്ധത വിളിച്ചോതുന്ന ഈ സംരംഭം അടിസ്ഥാന വിവരസമ്പാദനത്തിനും ഏവർക്കും നേടാവുന്ന സ്കൂൾ പ്രവേശനത്തിനും ലിംഗസമത്വമുള്ള വിദ്യാഭ്യാസത്തിനുമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ഗവൺമെന്റിന്റെ ""നിപുൺ"" മിഷൻറെ ദൗത്യവുമായി ഒന്നുചേരുന്നു.


**Student Mobility Facts and Figures 2024**

**India**

1,409,128,296 Total Population[1]

17.3% Population Aged 15-24[1]

1 International Student Place of Origin Ranking, 2023/24

33 U.S. Study Abroad Destination Ranking, 2022/23

$11,800,000,000 International Student Economic Impact, 2023[2]

**STUDENT MOBILITY TOTALS** — 2016/17-2023/24

| Year | International Students | U.S. Study Abroad |
|---|---|---|
| 2023/24 | 331,602 | N/A |
| 2022/23 | 268,923 | 1,355 |
| 2021/22 | 199,182 | 336 |
| 2020/21 | 167,582 | 16 |
| 2019/20 | 193,124 | 1,736 |
| 2018/19 | 202,014 | 3,366 |
| 2017/18 | 196,271 | 3,986 |
| 2016/17 | 186,267 | 4,704 |



**INTERNATIONAL STUDENTS BY ACADEMIC LEVEL**

| Academic Level | 2022/23 | 2023/24 | Total | Change |
|---|---|---|---|---|
| Undergraduate | 31,954 | 36,053 | 10.9% | 12.8% |
| Graduate | 165,936 | 196,567 | 59.3% | 18.5% |
| Non-Degree | 1,971 | 1,426 | 0.4% | -27.7% |
| OPT | 69,062 | 97,556 | 29.4% | 41.3% |

**STUDENT VISAS ISSUED**

| Visa | Change 2022-2023[3] |
|---|---|
| F | 14.1% |
| J | 13.2% |
| M | 10.0% |

**INTERNATIONAL STUDENTS BY INSTITUTION TYPE**

| Institution | Total |
|---|---|
| Associate's Colleges | 0.6% |
| Baccalaureate Colleges | 0.9% |
| Doctoral Universities | 82.7% |
| Master's Colleges and Universities | 14.8% |
| Special Focus Institutions | 1.0% |

| Private Institutions | Public Institutions |
|---|---|
| 35.5% | 64.5% |

**TOP RECEIVING STATES**

Texas
New York
California
Massachusetts
Illinois

Source: *Open Doors Report on International Educational Exchange*. For more information, visit www.opendoorsdata.org
Other sources: [1]*The World Fact Book*, [2]U.S. Department of Commerce, [3]travel.state.gov (Fiscal year October 1 - September 30).
Note: N/A reflects information that is not available or not applicable. Open Doors does not publish rankings for totals of less than ten students.



**Open Doors Report 2024**

**India Fact Sheet**

- India is now the **leading country of origin for international students** in the United States, accounting for 29 percent of the total international student population. India is the top sender of international students (for the first time since 2008/2009) with over **331,602 students** studying in the United States. The number of Indian students is at an all-time high.
    - India remained the largest sender of **international graduate (master's and PhD level) students** in the United States for the second year. Indian graduate student numbers increased by 19 percent to reach 196,567 students.
    - **Undergraduate student** numbers from India also **increased by 13 percent** to 36,053, while the number of non-degree students experienced a 28 percent decrease to 1,426 students.
    - The number of **Indian students on OPT** soared to 97,556 students, an **increase of 41 percent**, maintaining its position as the top place of origin for OPT students.
    - Academic level break-up of students in the United States is as follows:


| Open Doors Report Data | 2022/23 | 2023/24 | % increase |
|---|---|---|---|
| **Total Indian international students in the United States** | **268,923** | **331,602** | **23%** |
| Undergraduate students | 31,954 | 36,053 | 13% |
| Graduate students | 165,936 | 196,567 | 19% |
| Optional Practical Training (OPT) students | 69,062 | 97,556 | 41% |
| Non-Degree students | 1971 | 1426 | -28%(dip) |

- In 2023/2024, the United States welcomed an all-time high of **1.12 million (1,126,690)** international students. These students hail from more than 210 countries and places of origin.
- The number of American students in India has also increased significantly, rising from 336 in 2021/22 to 1,355 in 2022/23, representing a 303.3 percent increase.

വിവിധ ഉദ്യമങ്ങളിലൂടെയും ശ്രോതസുകളിലൂടെയും ഇന്ത്യയിലും ലോകമെമ്പാടുമുള്ള വിദ്യാർത്ഥികൾക്ക് യു.എസ്. ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്രാപ്യത വർദ്ധിപ്പിക്കാനായി യു.എസ്. ഡിപ്പാർട്ട്മെൻറ് സ്റ്റേറ്റ് കീഴിൽ പ്രവർത്തിക്കുന്ന വിഭാഗമാണ് എജ്യുക്കേഷൻ യു.എസ്.എ. ഇന്ത്യയിലുള്ള വിദ്യാർത്ഥികൾക്ക് അമേരിക്കൻ വിദ്യാഭ്യാസത്തിൻറെ സാദ്ധ്യതകൾ അന്വേഷിച്ചറിയുന്നത് എളുപ്പമാക്കുന്നതിന്റെ ഭാഗമായി ഈയിടെ എജ്യുക്കേഷൻ യു.എസ്.എ. ഇന്ത്യ വെബ്സൈറ്റ് (https://educationusa.in/) തുടങ്ങിയിട്ടുണ്ട്.

കോളേജ് അപേക്ഷാപ്രക്രിയയെക്കുറിച്ച് പുതിയ വിവരങ്ങൾ അറിയാൻ വിദ്യാർത്ഥികൾക്ക് എജ്യുക്കേഷൻ യു.എസ്.എ. ഇന്ത്യ ആപ്പ് സൗജന്യമായി ശകട, ആൻഡ്രോയിഡ് ഉപകരണങ്ങളിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള തയ്യാറെടുപ്പിന് എളുപ്പത്തിൽ ചെയ്യാവുന്ന ആദ്യ പടിയാണിത്. https://educationusa.in/ വെബ്സൈറ്റും സന്ദർശിക്കാം.

# വാൻഗോഗിന്റെ കാമുകി (നോവൽ) ജേക്കബ് എബ്രഹാം






**ബാജി ഓടംവേലി, ഡാലസ്**

ജേക്കബ് എബ്രഹാമിന്റെ നോവൽ വാൻഗോഗിന്റെ കാമുകി ഏഴാം കടൽ കടന്ന് എന്റെ കൈകളിലെത്താൽ ഇത്തിരി താമസിച്ച് പോയോ? ആറാം പതിപ്പ് പിന്നിട്ടിരിക്കുന്ന മനോഹരമായ പുസ്തകം കഴിഞ്ഞ ദിവസം ഡാലസിലുള്ള ഷാജി മാത്യു വിന്റെയും എഴുത്തുകാരി മീനു എലിസബേത്തിന്റെയും വീട്ടിൽ നിന്നുമാണ് വായിക്കാനായി കിട്ടിയത്. പുസ്തകവും പിന്നെ മറ്റൊരു സാധനവും ആർക്കും കടം കൊടുക്കരുതെന്ന തത്വമൊക്കെ പറഞ്ഞെങ്കിലും വായിച്ച് കഴിഞ്ഞ് തീർച്ചയായും കേടൊന്നും കൂടാതെ തിരികെ കൊടുക്കാമെന്ന ഉറപ്പിന്മേലും, ലാന സെക്രട്ടറി സാമുവേൽ യോഹന്നാന്റെ ആൾജാമ്യത്തിലുമാണ് പുസ്തകം കിട്ടിയത്. അദ്ദേഹം ജേക്കബ് എബ്രഹാമിന്റെ ഒരു നല്ല വായനക്കാരനും ആരാധകനുമാണ്.

അവിടെ നിന്നും ഇതേ എഴുത്തുകാരന്റെ ശ്വാസഗതി, പച്ചമോരിന്റെ മണമുള്ള ഉച്ചനേരങ്ങൾ എന്നീ കഥാസമാഹാരങ്ങളും വായിക്കാൻ കിട്ടി. നല്ലൊരു ഗായികയും അഭിനേത്രിയുമായ ഷാജിയുടെ ഭാര്യ മീനു എലിസബത്ത് അമേരിക്കയിലെ സാഹിത്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്. ഇവരുടെ വീട്ടിൽ പുസ്തകങ്ങളുടെ നല്ലൊരു ശേഖരം തന്നെ ഉണ്ട്. നമ്മൾ വായിച്ച നല്ല പുസ്തകങ്ങളെക്കുറിച്ച് പരിചയ്ക്കാരോട് സംസാരിക്കുകയും പുസ്തകങ്ങൾ കൈമാറി കൂടുതലായി വായിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വാൻഗോഗിനെ എഴുത്തുകാരനു ആദ്യമായി പരിചയപ്പെടുത്തിയ നാട്ടുകാരനായ ബാബുക്കുട്ടൻ എന്ന ചിത്രകാരനെപ്പോലെ ഒരാളെ നമുക്കും അറിയാമായിരിക്കും. ഓർമ്മയുടെ ചെപ്പിൽ തപ്പി നോക്കിയാൽ ചിത്രകലയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച ചില ബാബുക്കുട്ടന്മാർ നമ്മുടെ ചുറ്റുപാടുകളിലും ഉണ്ടായിരുന്നു. അവരെ നാം വേണ്ട വിധത്തിൽ ഗൗനിച്ചില്ലെന്ന സത്യം വൈകിയെങ്കിലും സമ്മതിക്കേണ്ടി വരും. എനിക്ക് പടം വരക്കുന്നവരോട് എന്നും സ്നേഹം തന്നെ ആയിരുന്നു. നാട്ടിലുള്ള ചിത്രകാരന്മാരെ പങ്കെടുപ്പിച്ച് കൊണ്ട് കോഴഞ്ചേരിയുടെ സമീപ പ്രദേശങ്ങളിലും കോലേജിലും നാലോളം ചിത്രകലാ പ്രദർശനം ഒരുക്കിയത് ഓർമ്മയിലുണ്ട്.

ജോമോൻ പുന്നയ്ക്കാടും, പ്രമോദും, ശന്തനുവും , പ്രശാന്തുമൊക്കെ അങ്ങനെ കിട്ടിയ കൂട്ടുകാരാണ്. സംസാരശേഷി ഇല്ലാത്ത പൂവത്തുരുകാരനായ ഒരാളുടെ പേര് എന്റെ ഓർമ്മയിൽ മറഞ്ഞു. വലിയ കാൻവാസിൽ വരച്ചിരുന്ന അവന്റെ ജീവൻ തുടിക്കുന്ന ചിത്രങ്ങൾ മനോഹരങ്ങളായിരുന്നു. ടെമ്പോ വാനൊക്കെ വാടകയ്ക്ക് വിളിച്ചാണ് അവന്റെ വലുപ്പം കുടിയ ചിത്രങ്ങൾ പ്രദർശനത്തിന് കൊണ്ട് വന്നിരുന്നതും തിരികെ എത്തിച്ചിരുന്നതും. ചെറിയ വീടിന്റെ ഒരു മുറി നിറയെ അവൻ വരച്ച ചിത്രങ്ങൾ അടുക്കി വച്ചിരുന്നു. ഏതു പ്രദർശനത്തിന് വന്നാലും ഒരു ഓട്ടുവിളക്ക് സമ്മാനമായി വേണമെന്നത് അവനു നിർബ്ബന്ധമായിരുന്നു. ചിത്രങ്ങൾ നിറഞ്ഞ മുറിയിൽ അലമാരിയിലും നിലത്തുമായി നിരത്തി വെച്ചിരിക്കുന്ന വിളക്കുകൾ അവന്റെ സ്വകാര്യ അഹങ്കാരമായിരുന്നു.

ഡിജിറ്റൽ പ്രിന്റിങ്ങൊക്കെ വരുന്നതിന് വളരെ മുൻപേ 1990 കളിൽ എന്റെ നാടായ കോഴഞ്ചേരിയിലൊക്കെ മിക്ക ബോർഡുകളും കൈകൊണ്ട് വരച്ചിരുന്നത് എന്റെ കൂടെ പഠിച്ചിരുന്ന സന്തോഷിന്റെ അച്ഛനായിരുന്നു. അദ്ദേഹം ഡ്രാസ് എന്ന പേരിലാണ് ബോർഡെഴുത്തുകയും ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തിരുന്നത്. ഡ്രാസ് സാരിക്കടയുടെ പരസ്യത്തിനും മറ്റുമായി സിനിമാ നടികളുടെ മുഖങ്ങളൊക്കെ വലിയ ചുവരുകളിൽ അനായാസം വരയ്ക്കുന്നത് നോക്കി നിന്നാൽ സമയം പോകുന്നത് അറിയില്ല. വർഷങ്ങൾ പിന്നിട്ടിട്ടും ചില ബോർഡുകളിലൊക്കെ ആ പേര് ഇന്നും കാണാം.

37-ാം വയസ്സിൽ ഒരു വെടിയുണ്ടയിൽ ജീവിതം അവസാനിപ്പിച്ച ഡച്ച് ചിത്രകാരനായിരുന്നു വിൻസെന്റ് വാൻഗോഗ് (1853 1890) എന്ന വിശ്വവിഖ്യാത ചിത്രകാരൻ. വാൻഗോഗിന്റെ ജീവിതം അവനെ പ്രണയിച്ച ഒരു തെരുവു വേശ്യയാണ് ഈ നോവലിൽ പറയുന്നത്. വാൻഗോഗിൻെറ വിഖ്യാത ചിത്രമായ 'സോറോ'യുടെ മോഡൽ കൂടിയായ ക്ലാസിന മരിയ ഹൂർണിക് എന്ന സിയയുടെ കാഴ്ചപ്പാടിലൂടെയാണ് നോവൽ വികസിക്കുന്നത്. അനശ്വര പ്രണയത്തിന്റെ കഥയാണിത്, അപൂർവ്വ പ്രണയത്തിന്റെ കഥയാണിത്.

മദ്യപാനിയും ഗർഭിണിയുമായ സിയാൻ

എന്ന ആ യുവതിയുടെ ആന്തരികവും ഭൗതികവുമായ ജീവിതത്തിന് വാൻഗോഗ് നൽകുന്ന പ്രണയത്തിന്റെ നിറക്കൂട്ടാണ് വാൻഗോഗിന്റെ കാമുകി. ഭാവനയുടെ അയഞ്ഞ സ്വാതന്ത്ര്യം മഷി നിറച്ചെഴുതിയ ഈ നോവൽ വാൻഗോഗിനെ ഒരു ചിത്രകാരൻ എന്നതിലുപരി അതിഭീകരനായ ഒരു കാമുകൻ എന്ന നിലയിൽ നോക്കിക്കാണാനാണു ശ്രമിക്കുന്നത്. ചരിത്ര സംഭവങ്ങളെ പിൻപറ്റാതെ ഭാവനയുടെ സ്വാതന്ത്ര്യമാണ് നോവൽ രചനയിൽ എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ മാർച്ച് 30 നായിരുന്നു അദ്ദേഹത്തിന്റെ 171 –ം ജന്മവാർഷികം.

കലാവിദ്യാഭ്യാസത്തിനായി വാൻഗോഗ് ഹേഗിൽ എത്തുന്നതോടെയാണ് ഹേഗിലെ തെരുവുകളിൽ അലഞ്ഞുതിരിയുന്ന സിയനെ കണ്ടുമുട്ടുന്നത്. തെരുവുകളിൽ വേശ്യാവൃത്തി തൊഴിലായി സ്വീകരിച്ച സിയൻ ആ സമയത്ത് ഗർഭിണിയും ഒപ്പം അച്ഛനാരെന്നറിയാത്ത ഒരു പെൺകുട്ടിയുടെ അമ്മയുമായിരുന്നു. വാൻഗോഗിൻെറ സഹോദരൻ തിയോയും, ഹേഗിലെ ബന്ധുവും ചിത്രകാരനുമായ ആൻറൺ മോവും ഈ ബന്ധത്തെ ശക്തമായി എതിർത്തിട്ടും സിയനെ പ്രണയിക്കാനും വിവാഹം കഴിച്ച് ഒരുമിച്ച് ജീവിക്കാനും വാൻഗോഗ് ആഗ്രഹിച്ചു.

ഒരു തെരുവുപെണ്ണ് വ്യാപരിക്കുന്ന അഴുക്കുപിടിച്ച തെരുവിൽ നിന്നും സൌന്ദര്യത്തിൻെറ കലയുടെ മഹത്തായ ഒരു പുതിയ ലോകം സിയൻെറ മുൻപിൽ അനാവൃതമാകുകയായിരുന്നു. മദ്യപാനാസക്തിയും ജീവിത നൈരാശ്യവും വേശ്യാവൃത്തിയുടെ തകർച്ചയും തകർത്ത സിയനെ വാൻഗോഗ് ഹൃദയത്തോട് ചേർത്തു. സിയൻെറ മകൾ മരിയയെ സ്വന്തം മകളെപ്പോലെ സ്നേഹിച്ചു. ഗർഭാവസ്ഥയിലുള്ള അസ്വസ്ഥതകളിലെല്ലാം വാൻഗോഗാണ് അവളെ പരിചരിച്ചത്. അവരുടെ സ്നേഹം നിരുപാധികമായിരുന്നു. പ്രണയം ഒരു വ്യക്തിയെ എങ്ങനെയെല്ലാം വിവർത്തനം ചെയ്തിരിക്കുന്നു എന്നും പെണ്ണുങ്ങളുടെ ലോകത്തെ പെണ്ണുങ്ങൾ എത്രത്തോളം ഹൃദ്യമാക്കുന്നതെങ്ങനെ എന്നതും ഈ നോവലിൽ ഗ്രന്ഥകാരൻ വരച്ചിടുന്നു.

ഏകാന്തതയിലും നിരാശയിലും ശൂന്യതയിലും പ്രണയത്തിന് മാത്രമേ മനുഷ്യനെ മുന്നോട്ട് നയിക്കാൻ കഴിയൂ എന്ന് അടയാളപ്പെടുത്തിക്കൊണ്ട് അനുവാചകരെ പ്രണയത്തിൻെറ തീഷ്ണമായ ലോകത്തേക്കു കൂട്ടികൊണ്ടു പോകുന്നു. നോവൽ വായിച്ചു തീരുമ്പോൾ അനശ്വരമായ പ്രണയത്തിൻെറ സ്മാരകം പോലെ ഒരു ചിത്രം വായനക്കാരുടെ മനസ്സിൽ തെളിഞ്ഞു നിൽക്കും.

ഈ നോവൽ വായിച്ചു തീരുമ്പോൾ അത് വാൻഗോഗിന്റെയോ അവന്റെ കാമുകിയുടെയോ മാത്രം കഥയല്ലെന്ന് നാം തിരിച്ചറിയും. അവരോടൊപ്പം നിശ്ചയമായും മനസ്സിൽ തങ്ങി നിൽക്കുന്ന കുറേ കഥാപാത്രങ്ങൾ ഈ നോവലിലുണ്ട്. പ്രണയത്തിനുവേണ്ടി ബലി കഴിച്ച ഉടലാണെന്ന് വിശ്വസിക്കുകയും ഒടുവിൽ ചതിയിൽപെട്ട് ഹേഗിൻെറ തെരുവുകളിൽ എത്തിപ്പെട്ട ആഗ്നസ്, അവളുടെ നിശബ്ദനായ കാമുകൻ വിറകു കച്ചവടക്കാരൻ പെഡ്രോ, വാൻഗോഗിൻെറ സഹോദരൻ തിയോ, ചിത്രകാരനായ ആൻറൺ മോവ്, സിയൻെറ മകളായ മരിയ, പാട്ടിനെ സ്നേഹിക്കുന്ന കാതറീന എന്നിവരെല്ലാം പ്രധാന കഥാപാത്രങ്ങളാണ്. സിയയുടെ വയറ്റിൽ കിടക്കുന്ന കുട്ടിയുടെ അച്ഛനെന്നു സംശയിക്കുന്ന യാത്രാ ബോട്ട് ഓടിക്കുന്ന ജാസ്പെറും, സിയയ്ക്ക് പോലും പിന്നീട് കണ്ടെത്താനാവാതെ പോയ സംഗീത ഉപകരണങ്ങൾ വിൽക്കുന്ന ജിപ്സിയായ ലൂക്കയേയും വായനക്കാർക്ക് മറക്കാനാവില്ല.

കാമുകിക്ക് രക്തോപഹാരം കൊടുത്ത് പ്രണയത്തിന് അനശ്വര സ്മാരകം പണിത കാമുകനാണ് വാൻഗോഗ്. കാമുകിക്ക് വാൻഗോഗ് തന്റെ ചെവി മുറിച്ചുകൊടുത്തു എന്നുള്ളതിനേക്കുറിച്ച് രണ്ടഭിപ്രായം ഉണ്ടെങ്കിലും അങ്ങനെ തന്നെ വിശ്വസിക്കാനാണ് ആഗ്രഹം. കാമുകീകാമുകന്മാർ ഉന്മാദത്തിന്റെ പ്രണയഭ്രാന്തിൽ അതു അതിനപ്പുറവും ചെയ്യും.

വാൻഗോഗ് നിത്യ ദാരിദ്ര്യത്തിലായിരുന്നു. സഹോദരൻ തിയോ കഷ്ടപ്പെട്ട് അയയ്ക്കുന്ന പണം കൊണ്ടാണ് അയാൾ ജീവിച്ചത്. ഇതേ വാൻഗോഗിന്റെ ഒരു ചിത്രത്തിനു പോലും ഇന്നു



കോടികൾ വില മതിക്കുന്നുണ്ട് ആംസ്റ്റർഡാമിനു സമീപമുള്ള മ്യൂസിയത്തിൽനിന്നു മോഷണം പോയ – സ്പ്രിങ് ഗാർഡൻ – മരങ്ങൾക്കിടയിൽ ഏകനായി നിൽക്കുന്ന ഒരു മനുഷ്യന്റെ വിരഹവും ഏകാന്തതയും കാത്തുനിൽപ്പും ആവിഷ്കരിച്ച അനശ്വര ചിത്രത്തിന്റെ ഏകദേശ വില 60 ലക്ഷം ഡോളർ ആയിരുന്നു.

ഗർഭിണിയായ സിയൻെറ കാഴ്ചകളിലൂടെയാണ് നോവൽ ആരംഭിക്കുന്നതെങ്കിൽ വാൻഗോഗ് ഉപേക്ഷിച്ചതിന് ശേഷം തൻെറ കുഞ്ഞിന് 'വില്യം വിൻസെൻറ് വാൻഗോഗ്' എന്ന് പേര് നൽകുന്നതാണ് നോവലിൻെറ അവസാനം. അവരുടെ തുടർ ജീവിതവും മരണവും ഒന്നും നോവലിന്റെ ഭാഗമാക്കാതെ സുഖപര്യവസാനിയായി നോവൽ അവസാനിപ്പിച്ചിരിക്കുന്നു.

ഒരു സങ്കീർത്തനം പോലെ തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു പുസ്തകം. പ്രണയത്തെ ഇഷ്ടപ്പെടുന്ന. ചരിത്രത്തെ ഇഷ്ടപ്പെടുന്ന, വായനയെ സീരിയസ്സായി കാണുന്നവരൊക്കെ തീർച്ചയായും വായിക്കണം. ഇതു വായിക്കുന്ന സമയം ഒരു നഷ്ടമാവില്ലെന്നുറപ്പ്. നോവൽ വായിക്കും മുൻപേ നോവലിന്റെ ഉള്ളടക്കം മനസ്സിലാക്കിയാലും പ്രണയാർദ്രമായ മനസ്സുള്ളവർക്കു ഈ നോവൽ വീണ്ടും വീണ്ടും വായിക്കാൻ തോന്നും.

ലളിതമായ ഭാഷയിൽ നല്ല ഒഴുക്കോടെ എഴുതിയിരിക്കുന്ന ഈ നോവൽ വായിച്ച് തുടങ്ങിയാൽ പിന്നെ അവസാനി പേജിലെത്താതെ നിൽക്കില്ല. ഡി. സി. ബുക്ക്സ് പ്രസിദ്ധീകരിച്ചിരിക്കുന്ന 192 പേജുള്ള ഈ നോവലിന്റെ വില 230 രൂപയാണ് .

**ജേക്കബ് എബ്രഹാം**

പത്തനംതിട്ടയിലെ വെള്ളപ്പാറയിൽ ജനിച്ചു. റ്റാറ്റു , കാച്ചിയമോരിന്റെ മണമുള്ള ഉച്ചനേരങ്ങൾ , ശ്വാസ ഗതി , മിണ്ടാമഠം, കുമരി, തെരഞ്ഞെടുത്ത കഥകൾ, ഇരുമുഖിയും മറ്റു ചില കഥകളും, ഇരട്ടവര കടലാസിലെ കപ്പലോട്ടങ്ങൾ, എന്റെ പത്തനംതിട്ട കഥകൾ, മളബറി ചെടികൾ പൂക്കുമ്പോൾ, ക്രിസ്മസ് കഥകൾ, പ്ളം പഴങ്ങളുടെ സീസൺ, മരങ്ങൾക്കിടയിൽ ഒരു മൊണാസ്ട്രി, അ മുതൽ അം വരെ പോകുന്ന തീവണ്ടി, വിഷമവൃത്തങ്ങളിൽ വിശുദ്ധർ, വാങ്ങോഗിന്റെ കാമുകി, സർഗ വിചാരങ്ങൾ എന്നിവയാണ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച കൃതികൾ. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കേരള സർക്കാർ സാംസ്കാരിക വകുപ്പ് സ്ഥാപനമായ മലയാളം മിഷനിൽ റേഡിയോ മലയാളം പ്രൊജക്ട് ഹെഡാണ്. എഴുത്തുകാരി വീണയ്ക്കും മകൻ ഋതു ഹാരുവിനുമൊപ്പം (തേൻ) തിരുവനന്തപുരത്ത് താമസിക്കുന്നു.

തയ്യാറാക്കിയത് –

ബാജി ഓടംവേലി, ഡാലസ്.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി സ്വദേശി. കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്ക്കൂൾ, സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ബോംബെ, ഡൽഹി എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഇരുപത്തി ഒന്ന് വർഷം ബഹ്റൈനിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്തു, ഇപ്പോൾ ഡാലസിൽ താമസിക്കുന്നു. ബാജിയുടെ 25 കഥകൾ, മരുപ്പൊട്ടൽ (നോവൽ) എന്നിവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പവിഴമഴ (കവിത), മണൽ മർമ്മരം (കവിത), മണക്കാട് പൂക്കുമ്പോൾ (കഥ) എന്നീ പുസ്തകങ്ങളുടെ എഡിറ്ററായിരുന്നു. 4 പി. എം ന്യൂസ് പേപ്പറിൽ 'കഥയാകാതെ പോയത്' എന്ന കോളം തുടർച്ചയായി അഞ്ചുവർഷത്തോളം ചെയ്തു. 'കാമലസ്' എന്ന ഷോർട്ട് ഫിലിമിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചു. ദല-കൊച്ചുബാവ കഥാ പുരസ്കാരം, സ്പന്ദനം സാഹിത്യ പുരസ്കാരം, ഗാന്ധി സേവാ സമാജ് നോവൽ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

ഭാര്യ :- മിനി വറുഗീസ്, മക്കൾ :- ഡാൻ കോശി, ദയ അന്ന

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# പോസ്റ്റൽ കുടുംബസംഗമം വർണ്ണാഭമായി



ചിക്കാഗോ: ചിക്കാഗോ പോസ്റ്റൽ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വർണ്ണാഭമായ പരിപാടികളോടെ കുടുംബസംഗമം നടത്തപ്പെട്ടു . ചിക്കാഗോയിലെയും പരിസരപ്രദേശങ്ങളിലെയും പ്ലാന്റുകളിലും ഓഫിസുകളിലും ജോലി ചെയ്യുന്ന നിരവധി പോസ്റ്റൽ ജീവനക്കാർ കുടുംബസമേതം സംഗമത്തിൽ പങ്കുചേർന്നു . ഫാ . ജിബിൽ കുഴിവേലിൽ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു . ഐസ് ബ്രേക്കിംഗ് നുശേഷം പോസ്റ്റൽ ജീവനക്കാരെയും കുടുംബങ്ങളെയും പരസ്പരം പരിചയപ്പെടുത്തി .

വിവിധ ഓഫിസുകളിൽ ഉന്നത പദവികളിൽ സേവനം ചെയ്യുന്നവരെയും പോസ്റ്റൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തവരെയും സർവീസിൽ 25 വർഷം പൂർത്തിയാക്കിയവരെയും സംഗമത്തിൽ ആദരിച്ചു. കുട്ടികളുടെ കലാപരിപാടികളും മുതിർന്നവർക്കുവേണ്ടി ഗെയിമുകളും നടത്തപ്പെട്ടു . പോസ്റ്റൽ കുടുംബാംഗങ്ങൾ ഒരുക്കിയ ഗാനമേള സംഗമത്തെ മോടിപിടിപ്പിച്ചു . സജി പൂത്തൃക്കയിൽ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. മനോജ് അച്ചേട്ട് സ്വാഗതവും ആനീസ് മേനമറ്റത്തിൽ നന്ദിയും പറഞ്ഞു







# ഭരണഘടനയെ അവഹേളിച്ച മന്ത്രി സജി ചെറിയാന് സി.പി.എമ്മിന്റെ സംരക്ഷണ കവചം




**എ.എസ് ശ്രീകുമാർ**

ഇന്ത്യയിലെ പരമോന്നത നിയമമാണ് ഭരണഘടന. പക്ഷേ, സി.പി.എമ്മിന്റെ മന്ത്രി സജി ചെറിയാന് ഭരണഘടനയെന്നത് 'കുന്തവും കുടച്ചക്രവു'മാണ്. ഭരണഘടനയെ അവഹേളിച്ചതിന്റെ പേരിൽ ഒരിക്കൽ രാജിവച്ച സജി ചെറിയാന് തിരിച്ചടിയായി, ഭരണഘടനാ വിരുദ്ധ പ്രസംഗം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടെങ്കിലും കസേര വിടാൻ മന്ത്രിയോ രാജിവയ്പ്പിക്കാൻ സി.പി.എമ്മോ ഒട്ടും തയ്യാറല്ല. അഭിഭാഷകനായ ബൈജു എം നോയൽ നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്. കേസ് ഡയറിയും പ്രസംഗത്തിന്റെ വിശദമായ രൂപവും പരിശോധിച്ച ശേഷമാണ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് അധ്യക്ഷനായ സിംഗിൾ ബെഞ്ച് വിധി പറഞ്ഞത്.

ഭരണഘടനയെ മാനിക്കുന്നതല്ല സജി ചെറിയാന്റെ പ്രസ്താവന എന്ന് ഹൈക്കോടതി പറഞ്ഞ കോടതി ഭരണഘടനയെ അപമാനിക്കാനുള്ള ഉദ്ദേശമില്ലെന്ന വാദം തള്ളുകയായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് നിയമപരമായി നിലനിൽക്കുന്നതല്ല. മജിസ്ട്രേറ്റ് തീരുമാനമെടുത്തത് സാക്ഷിമൊഴികൾ പരിഗണിക്കാതെ. ദൃശ്യങ്ങളിലൂടെ സജി ചെറിയാന്റെ പ്രസ്താവന വ്യക്തമെന്ന് കോടതി വ്യക്തമാക്കുന്നു.

സജി ചെറിയാൻ മന്ത്രിസ്ഥാനം രാജിവെക്കേണ്ടതില്ലെന്നും കേസ് നിയമപരമായി നേരിടുമെന്നുമാണ് സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റിന്റെ തീരുമാനം. സർക്കാർ അവസാനഘട്ടത്തിലേക്കു കടക്കുമ്പോൾ മന്ത്രിയുടെ രാജി പ്രതിച്ഛായയെ ബാധിക്കുമെന്ന് പാർട്ടി കരുതുന്നു. ധാർമികത മുൻനിർത്തി ഒരിക്കൽ രാജിവച്ചതാണെന്നു പാർട്ടി വിലയിരുത്തി. 2022 ജൂലൈ മാസത്തിൽ മന്ത്രി സജി ചെറിയാൻ രാജിവയ്ക്കണമെന്നായിരുന്നു പാർട്ടിയുടെ കേന്ദ്ര-സംസ്ഥാന നിലപാടെങ്കിൽ ഇന്ന് ഇകാര്യത്തിൽ പാർട്ടിക്ക് രണ്ടുമനസ്സാണ്. രാജിയുണ്ടാക്കുന്ന ആഘാതം അന്നത്തേക്കാൾ ഏറെയാണെന്നതാണ് ഇതിനുകാരണമായി ചൂണ്ടിക്കാണിക്കുന്നത്.

2022 ജൂലൈ മൂന്നിന് പത്തനംതിട്ടയിലെ മല്ലപ്പള്ളിയിൽ സി.പി.എം മല്ലപ്പള്ളി ഏരിയാ കമ്മിറ്റി സംഘടിപ്പിച്ച 'പ്രതിവാര രാഷ്ട്രീയ നിരീക്ഷണം നൂറിന്റെ നിറവിൽ...' എന്ന പരിപാടി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കവേ ആയിരുന്നു വിവാദ പരാമർശം. തുടർന്ന് 2022 ജൂലൈ 6-ന് മന്ത്രിസ്ഥാനം രാജിവെച്ച സജി ചെറിയാൻ ആറ് മാസത്തെ ഇടവേളക്ക് ശേഷം 2023 ജനുവരി 4-ന് വീണ്ടും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഭരണഘടനയെ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ മന്ത്രി ഭരണഘടനയെത്തന്നെ അവഹേളിക്കുകയായിരുന്നു.

മന്ത്രിയെ കുരുക്കിലാക്കിയ വിവാദ പരാമർശങ്ങൾ ഇങ്ങനെയായിരുന്നു. ''ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനങ്ങളെ കൊള്ളയടിക്കാൻ പറ്റിയ ഭരണഘടനയാണ് എഴുതിവച്ചിരിക്കുന്നത്. ബ്രിട്ടീഷുകാരൻ പറഞ്ഞു തയാറാക്കി കൊടുത്ത ഒരു ഭരണഘടന ഇന്ത്യക്കാർ എഴുതിവച്ചു. അത് ഈ രാജ്യത്ത് 75 വർഷമായി നടപ്പാക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ഏതൊരാൾ പ്രസംഗിച്ചാലും ഞാൻ സമ്മതിക്കില്ല. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ കൊള്ളയടിക്കാൻ പറ്റിയ ഏറ്റവും മനോഹരമായ ഭരണഘടനയെന്നു ഞാൻ പറയും. അതിൽ കുറച്ചു ഗുണങ്ങൾ ഇട്ടിട്ടുണ്ട്. മതേതരത്വം, ജനാധിപത്യം, കുന്തം, കുടച്ചക്രം എന്നൊക്കെ സൈഡിൽ എഴുതിയിട്ടുണ്ട്. പക്ഷേ കൃത്യമായി കൊള്ളയടിക്കാൻ പറ്റുന്ന ഭരണഘടനയാണിത്...''

അന്ന് വിവാദ പ്രസംഗത്തിന്റെ പേരിൽ കേസെടുത്തപ്പോൾ രാജി പ്രഖ്യാപിച്ചുകൊണ്ട്, ''സ്വതന്ത്രമായ തീരുമാനമെടുക്കുന്നതിന് മന്ത്രിസ്ഥാനത്ത് തുടരുന്നത് ശരിയല്ല...''

**ഇപ്പോൾ രണ്ടു കാര്യങ്ങളാണ് സർക്കാരിനു മുൻപിലുള്ളത്. ഒന്നു കിൽ ഹൈക്കോടതി നിർദേശിച്ചതനുസരിച്ച് ക്രൈംബ്രാഞ്ചിന് അന്വേഷണം കൈമാറുക. അല്ലെങ്കിൽ, ഹൈക്കോടതി വിധിക്കെതതിരേ അപ്പീൽ നൽകി വിധിയിൽ വ്യക്തതവരുത്തുക. കേസിൽ പുനരന്വേഷണത്തിന് ഉത്തരവിട്ട ഹൈക്കോടതി, അന്വേഷണത്തിൽ പാളിച്ചകൾ ഉണ്ടായെന്നും സി.സി.ടി.വി ദൃശ്യങ്ങളും ഓഡിയോ ക്ലിപ്പുകളും പരിശോധിച്ചില്ലെന്നും അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തണമെന്നും ആണ് പറഞ്ഞിട്ടുള്ളത്.**

"എന്നാണ് സജി ചെറിയാൻ പറഞ്ഞത്. ഹൈക്കോടതി പുനരന്വേഷണം പ്രഖ്യാപിച്ചതോടെ ഈ സാഹചര്യം നിലനിൽക്കില്ലേയെന്നാണ് രാഷ്ട്രീയമായി ഉയരുന്ന ചോദ്യം.

''ഞാനുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയിൽ എന്റെ ഭാഗം കൂടി നീതിയെന്ന നിലയിൽ കേൾക്കേണ്ടിയിരുന്നു. പൊലീസ് അന്വേഷിച്ചാണ് റിപ്പോർട്ട് ഹൈക്കോടതിയിൽ നൽകിയത്. ആ റിപ്പോർട്ട് മാത്രമാണ് കോടതി പരിശോധിച്ചത്. പ്രസംഗത്തിന്റെ മറ്റ് ഉള്ളടക്കത്തിലേക്ക് കോടതി പോയിട്ടില്ല. വിഷയത്തിൽ അന്ന് ധാർമ്മിക ഉത്തരവാദിത്തമേറ്റെടുത്ത് രാജിവെച്ചു. അതിന്റെ സമയം കഴിഞ്ഞുപോയി...'' എന്നാണ് സജി ചെറിയാൻ ഇപ്പോൾ പറയുന്നത്.

അതേസമയം. ഇപ്പോൾ രണ്ടു കാര്യങ്ങളാണ് സർക്കാരിനു മുൻപിലുള്ളത്. ഒന്നുകിൽ ഹൈക്കോടതി നിർദേശിച്ചതനുസരിച്ച് ക്രൈംബ്രാഞ്ചിന് അന്വേഷണം കൈമാറുക. അല്ലെങ്കിൽ, ഹൈക്കോടതി വിധിക്കെതിരേ അപ്പീൽ നൽകി വിധിയിൽ വ്യക്തതവരുത്തുക. കേസിൽ പുനരന്വേഷണത്തിന് ഉത്തരവിട്ട ഹൈക്കോടതി, അന്വേഷണത്തിൽ പാളിച്ചകൾ ഉണ്ടായെന്നും സി.സി.ടി.വി ദൃശ്യങ്ങളും ഓഡിയോ ക്ലിപ്പുകളും പരിശോധിച്ചില്ലെന്നും അന്വേഷണം ക്രൈംബ്രാഞ്ച് നടത്തണമെന്നും ആണ് പറഞ്ഞിട്ടുള്ളത്. ഫോറൻസിക് റിപ്പോർട്ട് വരുന്നതിനു മുൻപേ അന്വേഷണ ഉദ്യോഗസ്ഥൻ ഫൈനൽ റിപ്പാർട്ട് സമർപ്പിച്ചു. സാക്ഷികളായ മാധ്യമ പ്രവർത്തകരുടെ മൊഴി എടുക്കാത്തത് തെറ്റാണ്. അന്വേഷണം ധൃതി പിടിച്ചാണ് പൂർത്തീകരിച്ചതെന്നും ആണ് കോടതി പറഞ്ഞിട്ടുള്ളത്.

എന്ത് സാഹചര്യത്തിലാണ് കുന്തം, കുടചക്രം എന്നുള്ള വാക്ക് ഉപയോഗിച്ചതെന്ന് പരിശോധിക്കണം. സത്യസന്ധനായ ഉദ്യോഗസ്ഥൻ കേസ് അന്വേഷിക്കുന്നുവെന്ന് ഉറപ്പാക്കണം. പ്രസംഗം കേട്ടവരുടെ മനസിൽ ഭരണഘടനക്കെതിരെ അവമതിപ്പ് ഉണ്ടാക്കിയോ എന്നും അറിയേണ്ടതാണ്. അന്വേഷണം കാലതാമസം ഇല്ലാതെ തീർപ്പാക്കണമെന്നും കോടതി ഉത്തരവിൽ പറയുന്നു.

***



ഭരണഘടനയോടുള്ള അനാദരവ് രാജ്യത്തോടുംജനാധിപത്യത്തോടുമുള്ള വെല്ലുവിളിയാണ്. സ്വാതന്ത്ര്യ സമരത്തിനൊടുവിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയത് 1947 ഓഗസ്റ്റ് 15-നാണെങ്കിലും രാജ്യം റിപ്പബ്ലിക് ആയി പ്രഖ്യാപിക്കപ്പെട്ടത് 1950 ജനുവരി 26-ന് മാത്രമാണ്. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും സ്വന്തമായി ഒരു ഭരണഘടനയോടുകൂടിയ ഭരണവ്യവസ്ഥ ഇന്ത്യയിൽ നിലവിൽ വന്നിരുന്നില്ല.

സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുതന്നെ 1946-ൽ രൂപീകരിച്ച കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി മൂന്നുവർഷം കൊണ്ടാണ് ഇന്ത്യയുടെ ഭരണഘടന എഴുതി തയാറാക്കുന്നത്. 1949 നവംബർ 26-ന് ഭരണഘടന പൂർത്തിയായെങ്കിലും 1950 ജനുവരി 26-ന് ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്നു. അതോടെ ഇന്ത്യ സ്വതന്ത്ര പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി മാറുകയും ചെയ്തു.

'''ഇന്ത്യയിലെ ജനങ്ങളായ നാം, ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ളിക്കായി സംവിധാനം ചെയ്യുവാനും; അതിലെ പൗരന്മാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും; ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും; പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും; അവരുടെയെല്ലാപേരുടെയുമിടയിൽ വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും സുനിശ്ചിതമാക്കിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ നമ്മുടെ ഭരണ ഘടനനിർമ്മാണ സഭയിൽ ഈ 1949 നവംബർ 26-ാം ദിവസം ഇതിനാൽ ഈ ഭരണ ഘടനയെ സ്വീകരിക്കുകയും അധിനിയമം ചെയ്യുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു...'' ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള കാലാതീതമായ പ്രഖ്യാപ നംതന്നെയാണ് നമ്മുടെ ഭരണഘടനയുടെ ഈ ആമുഖം.

ഇന്ത്യൻ ഭരണഘടനയുടെ ആദ്യ ഭാഗത്ത് വരുന്ന പ്രസ്താവനകളുടെയും തത്ത്വങ്ങളുടെയും ഭാഗമാണിത്. മറ്റുള്ള രേഖകളിൽ നിന്ന് വ്യത്യസ്തമായി ഭരണഘടനയുടെ ആമുഖം ജനങ്ങളുടെ അധികാരത്തെയും ഇന്ത്യൻ ഭരണഘടനയുടെ ഫിലോസഫിയേയും വ്യക്തമായി പ്രതിബാധിക്കുന്നതാണ്. രാജ്യത്തിന്റെ ജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും ആശയങ്ങളുമെല്ലാം രാജ്യത്തെ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്ന ഭരണഘടനയുടെ ഭാഗമാണിത്. ഇന്ത്യൻ ഭരണഘടനയുടെ സമഗ്ര ഭാഗങ്ങളെയും ചുരുക്കി വിവരിക്കുന്ന ഭാഗമാണിത്.


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com


42

# മുനമ്പം: മത പ്രീണനത്തിന്റെ അനന്തര ഫലം



നടപ്പാതയിൽ ഇന്ന് - 125
ബാബു പാറയ്ക്കൽ




കേരളത്തിൽ അറുനൂറോളം കുടുംബങ്ങൾ മാത്രം താമസിക്കുന്ന മുനമ്പം എന്ന ഒരു ചെറിയ പ്രദേശം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം എന്തുകൊണ്ടാണ് ഇന്ന് ഒരു വലിയ ദേശീയ പ്രശ്നം ആയത്? എന്താണ് മുനമ്പത്തിന്റെ പ്രശ്നം എന്ന് എല്ലാവർക്കും അറിയാം. വക്കഫ് ബോർഡിന്റെ അധീനതയിലുള്ള കുറച്ചു ഭൂമി വക്കഫ് അറിയാതെ മറ്റൊരു കൂട്ടർ കുറച്ചു പേർക്ക് മറിച്ചു വിൽക്കുന്നു. ആ ഭൂമി വില കൊടുത്തു വാങ്ങിയവർ നിയമം അനുസരിച്ചുള്ള തീറാധാരം രജിസ്റ്റർ ചെയ്തു നികുതി അടച്ചു താമസിച്ചനുഭവിച്ചു വന്നു. ഇപ്പോൾ വക്കഫ് പറയുന്നു ആ പ്രദേശം അവരുടേതാണെന്നും അവിടെ താമസിക്കുന്നവർ അനധികൃത കുടിയേറ്റക്കാർ ആയതിനാൽ അവർ ഒഴിഞ്ഞു പോയി ഭൂമി യഥാർത്ഥ ഉടമകളായ വക്കഫിനു തിരിച്ചു നൽകണമെന്നും.

അവർ ഉന്നയിക്കുന്നത് ന്യായമായ കാര്യമായതിനാൽ ഭൂമി വക്കഫിനു തിരിച്ചു കിട്ടണമെന്നും എന്നാൽ മാനുഷികമായ പരിഗണനയിൽ തലമുറകളായി അനുഭവിച്ചു വരുന്ന ഭൂമി ആയതിനാൽ അവരെ ഒഴിപ്പിച്ചു തെരുവിൽ ഇറക്കുന്നത് ന്യായമല്ലെന്നും അതുകൊണ്ടു സർക്കാർ അതിനു ബദലായി അവരെ പുനരധിവസിപ്പിക്കാൻ നടപടിയുണ്ടാകണമെന്നും പ്രമുഖ മുസ്ലിം സംഘടനകൾ ആവശ്യപ്പെട്ടു. മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ ഇതിൽ കൂടുതൽ എന്താണ് വേണ്ടത്? എന്നാൽ, മുനമ്പത്തെ നിവാസികൾ ഭൂരിഭാഗവും മത്സ്യത്തൊഴിലാളികളായ ലത്തീൻ കത്തോലിക്കർ ആയതുകൊണ്ട് ആ സഭയുടെ പിന്തുണയോടെ സർക്കാരിനെതിരായി സമരം ആരംഭിച്ചിരിക്കുകയാണ്. 1923 ൽ ബ്രിട്ടീഷ് ഭരണ കാലത്തു മുസ്ലിംകളുടെ ആവശ്യാനുസരണം പ്രാബല്യത്തിൽ വന്ന നിയമം പിന്നീട് പല തവണ കോൺഗ്രസ്സ് മന്ത്രിസഭകളുടെ കാലത്തു ഭേദഗതി ചെയ്തു പുനർനിർണ്ണയിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ ബിജെപി സർക്കാർ ഈ നിയമം കാര്യമായി ഭേദഗതി ചെയ്യാൻ തയ്യാറായി.

ഈ ഭേദഗതി റദ്ദാക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലെ നിയമസഭയിൽ 140 എം എൽ എ മാരും അനുകൂലിച്ചു പ്രമേയം പാസാക്കി. എങ്കിലും കേന്ദ്ര നിയമം ആകുമ്പോൾ കേരളത്തിനും അനുസരിച്ചല്ലേ പറ്റൂ. പക്ഷേ, ഇടതു വലതു മന്ത്രിസഭകൾ മാറി മാറി ഭരിക്കുന്ന കേരളത്തിൽ ഇത് നടപ്പാക്കില്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു തന്നെ ഈ മുനമ്പം വിഷയം ഒരു 'ടെസ്റ്റ് കേസ്' ആക്കി വക്കഫിനെതിരായി പ്രക്ഷോഭം മൂർച്ഛിക്കയാണ്. ഇവർക്ക് പിന്തുണ നൽകി വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ മുൻപോട്ടു വന്നു കൊണ്ടിരിക്കുന്നു. ഈ പ്രശ്നം നിരുപാധികം പരിഹരിക്കാനായി സർക്കാർ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിരിക്കുന്നു. അതും മുനമ്പംകാർ അംഗീകരിക്കാതെ പ്രക്ഷോഭം കടുപ്പിക്കയാണ്. എന്താണ് മുനമ്പംകാരെ ഭയപ്പെടുത്തുന്നത്? എന്ത് കൊണ്ടാണ് ഭരണഘടനാ അനുവദിക്കുന്ന വക്കഫ് നിയമങ്ങൾ അടിമുടി പൊളിച്ചെഴുതണമെന്ന് ഹിന്ദുക്കളും ക്രിസ്ത്യാനികളും ആവശ്യപ്പെടുന്നത്? ഈയിടെയായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മുസ്ലിം-ക്രിസ്ത്യൻ ധ്രുവീകരണം കൂടുതൽ വിള്ളലുണ്ടാക്കി കൊണ്ട് വളരുവാൻ തക്കവണ്ണം വക്കഫിന്റെതാണെന്നു പറഞ്ഞു കൂടുതൽ

**ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്ന നിയമങ്ങളും കരാറുകളും എല്ലാം ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതോടെ കാലഹരണപ്പെട്ടു. ഇസ്ലാമിക നിയമങ്ങളോടെ ഭരിക്കപ്പെടണമെന്ന ബോർഡുകളും സമിതികളും അധികാരങ്ങളും എല്ലാം പെറുക്കിയെടുത്തു പാക്കിസ്ഥാൻ എന്ന രാജ്യമായി ഇന്ത്യയുടെ ഒരു ഭാഗം വെട്ടിമുറിച്ചു ബ്രിട്ടീഷുകാർ അറുത്തു മാറ്റിയപ്പോൾ അവിടേയ്ക്കു കൂടു മാറ്റിയവർക്ക് ഇന്ത്യ എന്ന രാജ്യത്തെക്കാൾ സ്വന്തം മതത്തിനാണ് പ്രാധാന്യമുണ്ടായത്. എന്നാൽ അപ്പോഴും അവിടേയ്ക്കു പോകാതെ മാതൃരാജ്യത്തിൽ തന്നെ നിന്ന് തലമുറകളെ വാർത്തെടുക്കാൻ വിവേകമുണ്ടായവർ രാജ്യത്തിന് പ്രാധാന്യം കൊടുത്തവർ ആയിരുന്നു. എന്നാൽ, ചെറിയൊരു ന്യൂന പക്ഷം ഇവിടെത്തന്നെ നിന്ന് ഇവിടെ വീണ്ടും ഒരു പാക്കിസ്ഥാൻ ഉണ്ടാക്കിയെടുക്കണം എന്ന് ചിന്തിച്ചവർ ആയിരുന്നു.**

സ്ഥലങ്ങൾക്ക് പുതുതായി അവകാശങ്ങൾ എന്ത് കൊണ്ടാണ് ബോർഡ് ഉന്നയിക്കുന്നത്? കേന്ദ്ര സർക്കാർ കൊണ്ടുവന്ന വക്കഫ് നിയമ ഭേദഗതികൾ എന്തൊക്കെയാണെന്ന് പരിശോധിക്കപോലും ചെയ്യാതെ എന്തിനാണ് നിയമസഭ ത്വരിത ഗതിയിൽ ഈ ബില്ലിനെ എതിർത്തു പ്രമേയം പാസ്സാക്കിയത്?

ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്ന നിയമങ്ങളും കരാറുകളും എല്ലാം ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതോടെ കാലഹരണപ്പെട്ടു. ഇസ്ലാമിക നിയമങ്ങളോടെ ഭരിക്കപ്പെടണമെന്ന ബോർഡുകളും സമിതികളും അധികാരങ്ങളും എല്ലാം പെറുക്കിയെടുത്തു പാക്കിസ്ഥാൻ എന്ന രാജ്യമായി ഇന്ത്യയുടെ ഒരു ഭാഗം വെട്ടിമുറിച്ചു ബ്രിട്ടീഷുകാർ അറുത്തു മാറ്റിയപ്പോൾ അവിടേയ്ക്കു കൂടു മാറ്റിയവർക്ക് ഇന്ത്യ എന്ന രാജ്യത്തെക്കാൾ സ്വന്തം മതത്തിനാണ് പ്രാധാന്യമുണ്ടായത്. എന്നാൽ അപ്പോഴും അവിടേയ്ക്കു പോകാതെ മാതൃരാജ്യത്തിൽ തന്നെ നിന്ന് തലമുറകളെ വാർത്തെടുക്കാൻ വിവേകമുണ്ടായവർ രാജ്യത്തിന് പ്രാധാന്യം കൊടുത്തവർ ആയിരുന്നു. എന്നാൽ, ചെറിയൊരു ന്യൂന പക്ഷം ഇവിടെത്തന്നെ നിന്ന് ഇവിടെ വീണ്ടും ഒരു പാക്കിസ്ഥാൻ ഉണ്ടാക്കിയെടുക്കണം എന്ന് ചിന്തിച്ചവർ ആയിരുന്നു.

അവരുടെ പ്രീണനത്തിന് വഴങ്ങി അന്നത്തെ ഭരണാധികാരികൾ അവർക്കു വഴിവിട്ട പല സഹായങ്ങളും ചെയ്തു കൊടുത്തു. അങ്ങനെ വക്കഫ് നിയമം മുൻകാല പ്രാബല്യത്തോടെ ഉയർത്തെഴുന്നേറ്റു. 1953 ലും 1995 ലും 2013 ലും കോൺഗ്രസ്സ് മന്ത്രിസഭകൾ മുസ്ലിംകളുടെ വോട്ടു ബാങ്കിനെ ലക്ഷ്യം വച്ചുകൊണ്ട് യാതൊരു തത്വദീക്ഷയുമില്ലാതെ അവരെ പ്രീണിപ്പിക്കാനായി വക്കഫ് നിയമങ്ങൾ ഭേദഗതി ചെയ്തു കൊടുത്തു. തുടക്കത്തിൽ വക്കഫ് എന്നാൽ ഒരു മുസ്ലിം കാരുണ്യ പ്രവർത്തിക്കായി ദാനം ചെയ്യുന്ന സ്വത്തായിരുന്നു. ഒരിക്കൽ ദാനം ചെയ്താൽ തിരിച്ചെടുക്കാനാവില്ല. ആ ഭൂമി എന്നും വക്കഫിന്റേത് ആയിരിക്കും എന്നായിരുന്നു. എന്നാൽ പല ഭേദഗതികളും അതിൽ കുത്തിത്തിരുകി 1995 ൽ പരിഹരിച്ചത് ഞെട്ടിക്കുന്ന ചില പരിഷ്കാരങ്ങളോടെ ആയിരുന്നു.

അതിൽ പ്രധാനമായത്, വക്കഫ് നിയമം പരിച്ഛേദം 39 ഉപവകുപ്പ് 3 പറയുന്നത്: 'ഒരു കെട്ടിടമോ വസ്തുവോ ഇസ്ലാമിക കാരുണ്യ പ്രവർത്തനത്തിനോ മതപരമായ കാര്യങ്ങൾക്കോ മതാധ്യാപനത്തിനോ ആയി




ഉപയോഗിച്ചിട്ടുള്ള കെട്ടിടമോ വസ്തുവോ ആണെന്ന് വക്കഫ് ബോർഡ് വിശ്വസിക്കുന്നു എങ്കിൽ മുൻകാല പ്രാബല്യത്തോടെ അത് വക്കഫിന്റേത് ആയിരിക്കും' എന്നാണ്. ഇപ്പോഴാണ് മൂവാറ്റുപുഴ നിർമ്മലാ കോളേജിലും തൊടുപുഴ ന്യൂമാൻസ് കോളേജിലും നിസ്ക്കരിക്കാൻ മുറി ചോദിച്ചതിന്റെ അർത്ഥം മനസ്സിലാക്കേണ്ടത്. അധികൃതർ അനുവദിക്കാതിരുന്നതിനെ തുടർന്നുണ്ടായ പ്രശ്നങ്ങൾ മറക്കാറായിട്ടില്ലല്ലോ. ഏതു ഭൂമിക്കും ഉടമസ്ഥാവകാശം ഉന്നയിക്കാൻ വക്കഫിന് പ്രയാസമില്ല. ഇന്ത്യൻ പാർലമെന്റ് ഇരിക്കുന്ന സ്ഥലം പോലും വക്കഫിന്റേതാണെന്നു പറഞ്ഞു കഴിഞ്ഞു. കേരളത്തിൽ പല വസ്തുവകകളും വക്കഫിന്റേതാണെന്നു അവകാശമുന്നയിക്കപ്പെട്ടു കഴിഞ്ഞു. ഇതിൽ 1970 വർഷങ്ങൾ പഴക്കമുണ്ടെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന പാലിയൂർ പള്ളി ഇരിക്കുന്ന സ്ഥലവും ഉൾപ്പെടും.

ഈ നിയമം ഇപ്പോൾ ബിജെപി സർക്കാർ പരിഷ്കരിച്ചത് ഇങ്ങനെ. എം 1–43: 'കുറഞ്ഞത് 5 വർഷം എങ്കിലും മുസ്ലിം മതത്തിൽ ആയിരിക്കുന്ന ആൾ ബാധ്യതയില്ലാത്ത സ്വന്തം ആധാരത്തിൽ ഉള്ള ഭൂമിയോ സ്വത്തോ കാരുണ്യ പ്രവർത്തനത്തിനായി വക്കഫിനു ദാനം ചെയ്യുന്നത് വക്കഫ് സ്വത്തായിരിക്കും' എന്നാണ്. യഥാർത്ഥത്തിൽ നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. 1741 ൽ അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന അനിഴം തിരുനാൾ മാർത്താണ്ഡ വർമ്മ മഹാരാജാവ് കൊളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തിയതിനു ശേഷം 1749 ഡിസംബറിൽ തന്റെ രാജ്യം പൂർണ്ണമായി ശ്രീ പത്മനാഭന് സമർപ്പിച്ചു. അതനുസരിച്ചു പാളയം പള്ളിയും ക്ലിഫ് ഹൗസും സെക്രട്ടറിയേറ്റും മുനമ്പവും ഉൾപ്പെടുന്ന തിരുവിതാംകൂർ മുഴുവൻ ദേവസ്വം ബോർഡിന്റേതാണെന്നു പറഞ്ഞാൽ സർക്കാർ അംഗീകരിക്കുമോ? അതുപോലെ തന്നെ ഇപ്പോഴുള്ള നിയമത്തിൽ വക്കഫ് ഭൂമിയിന്മേലുള്ള തർക്കങ്ങൾ വക്കഫ് ട്രിബ്യൂണലിനു മാത്രമാണ് പരിശോധിച്ചു തീർപ്പു കൽപ്പിക്കാനുള്ള അധികാരം. പുതിയ നിയമ ഭേദഗതിയനുസരിച്ചു സിവിൽ കോടതികൾക്കായിരിക്കും അധികാരം.

രാജ്യത്തിന്റെ നന്മയെക്കരുതിയുള്ള ഈ ഭേദഗതി എന്തുകൊണ്ട് എതിർക്കപ്പെടുന്നു എന്നത് ചിന്തിക്കേണ്ടതാണ്. ഇപ്പോൾ ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിരിക്കുന്നു. ആരുടെ കണ്ണിൽ പൊടിയിടാനാണിത്? ശിവരാജ് കമ്മീഷന്റെ റിപ്പോർട്ട് എങ്ങനെ മാറ്റി എഴുതിച്ചു എന്ന കാര്യം ജനങ്ങൾ മറക്കാൻ സമയമായിട്ടില്ലല്ലോ. അധികാരത്തിൽ എത്താനുള്ള വോട്ടു ബാങ്ക് മാത്രം ലക്ഷ്യം വച്ചുള്ള രാഷ്ട്രീയ പാർട്ടികളുടെ ഈ നിലപാട് ജനങ്ങൾ മനസ്സിലാക്കി കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ഉയരേണ്ടത് അടുത്ത തലമുറകൾക്കു വേണ്ടിയെങ്കിലും നാം ചെയ്യേണ്ട കടമയാണ്. മുനമ്പം മുനമ്പംകാരുടേതാണ്. അവരുടേത് മാത്രം.

# ഫോമാ ഹെൽപ്പിങ് ഹാൻഡ്സ് പദ്ധതിക്ക് പുതിയ സാരഥികൾ :ബിജു ചാക്കോ ചെയർമാൻ, ജോർജി സാമുവേൽ സെക്രട്ടറി

**ഷോളി കുമ്പിളുവേലി**

**ഫോമാ ന്യൂസ് ടീം**








ന്യൂ യോർക്ക് : ഫോമയുടെ ചാരിറ്റി പദ്ധതിയായ 'ഹെല്പിങ് ഹാൻഡ്സിന്റെ' 2024 –26 വർഷത്തെ ചെയർമാനായി ബിജു ചാക്കോയും (ന്യൂയോർക് ) സെക്രട്ടറിയായി ജോർജി സാമുവേലും (ന്യൂ ജേഴ്സി ) തെരഞ്ഞെടുക്കപ്പെട്ടു.

ഗിരീഷ് പോറ്റി (മസ്സാച്ചുസെറ്സ്), ബിനു മാമ്പിള്ളി (ഫ്ലോറിഡ), ജിയോ മാത്യൂസ് കടവേലിൽ (കാലിഫോർണിയ), ഡെന്നിസ് മാത്യു (ഹ്യൂസ്റ്റൺ) എന്നിവരാണ് പുതിയ കോഓർഡിനേറ്റർമാർ.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ബിജു ചാക്കോ ഫോമാ ഹെല്പിങ് ഹാൻഡ്സിന്റെ മുഖ്യ ശില്പിയും മുൻ സെക്രട്ടറിയും ആണ്. ന്യൂയോർക്ക് ലോങ് ഐലൻഡിൽ പ്രവർത്തിക്കുന്ന 'എക്കോ' (ECHO) ചാരിറ്റി സംഘടനയുടെ ഓപ്പറേഷൻസ് ഡയറക്ടറായും പ്രവർത്തിക്കുന്നു. ഫോമയുടെ മുഖ്യധാര നേതാക്കളിൽ ഒരാളായ ബിജു, ന്യൂയോർക്കിലെ രാഷ്ട്രീയ - സാമൂഹിക രംഗങ്ങളിലെ നിറ സാന്നിധ്യമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജി ശാമുവേൽ റാക്ക് സ്പെയ്സ് ടെക്നോളോജിസ് എന്ന സ്ഥാപനത്തിലെ ഐ.ടി. എക്സിക്യൂട്ടീവ് ആയി പ്രവർത്തിക്കുന്നു. കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ സജീവ പ്രവർത്തകനായ ജോർജിയുടെ സാമൂഹിക -ജീവകാരുണ്യ മേഖലകളിലെ ഇടപെടലുകൾ ഇതിനോടകം തന്നെ ശ്രദ്ധനേടിയിട്ടുണ്ട്.


കോർഡിനേറ്റർ ആയി തെരഞ്ഞെടുക്കപ്പെട്ട ഗിരീഷ് പോറ്റി മസ്സാച്ചുസെറ്സിലെ ന്യൂ ഇംഗ്ലണ്ടിൽ താമസിക്കുന്നു. ന്യൂ ഇംഗ്ലണ്ട് മലയാളീ അസ്സോസ്സിയേഷൻ (NEMA) എന്ന സംഘടനയുടെ സജീവ പ്രവർത്തകനാണ്. മൈക്രോസോഫ്റ്റിലെ സോഫ്ട്‌വെയർ എൻജിനീയറായ ഗിരീഷിനാണ് ഹെല്പിങ് ഹാർഡ്സിന്റെ ഐ,ടി ചുമതല.

കോർഡിനേറ്റർ ആയ ബിനു മാമ്പിള്ളി ഫോമാ സൺഷൈൻ റീജിയൻ ആർ.വി.പി. ആയും അഡ്വൈസറി ചെയർമാനായും, ഫോമാ ക്രെഡൻഷ്യൽ കമ്മറ്റി സെക്രട്ടറി, ടാമ്പാ ബേ മലയാളീ അസ്സോസ്സിയേഷൻ പ്രസിഡൻറ് എന്നീ നിലകളിലും പ്രവർത്തിച്ചു സ്വന്തം വ്യക്തി മുദ്ര പതിപ്പിച്ച നേതാവാണ്.

മറ്റൊരു കോർഡിനേറ്റർ ആയ ജിയോ മാത്യൂസ് കടവേലിൽ സാക്രമെന്റോയിൽ കൊമ്മേഴ്സ്യൽ റിയൽ എസ്റ്റേറ്റ് ബിസിനെസ്സ് രംഗത്ത് പ്രവർത്തിക്കുന്നു. സാക്രമെന്റോ മലയാളി അസ്സോസിയേഷന്റെ മുൻനിര പ്രവർത്തകനായ ജിയോ, നാട്ടിലും അമേരിക്കയിലും വിവിധ ജീവകാരുണ്യ പ്രവത്തനങ്ങളിൽ പങ്കാളിയാണ്.

കോർഡിനേറ്റർ ആയി തെരഞ്ഞെടുക്കപ്പെട്ട ഡെന്നിസ് മാത്യു മലയാളീ അസ്സോസ്സിയേഷൻ ഓഫ് ഗ്രേയ്റ്റർ ഹ്യൂസ്റ്റൺ ഉൾപ്പെടെ വിവിധ സംഘടനകളുടെ നേതൃസ്ഥാനത്തു പ്രവർത്തിക്കുന്നു. കൂടാതെ സാമൂഹിക -ജീവകാരുണ്യ മേഖലകളിലും വ്യാപൃതനാണ്.

ഫോമയുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് ''ഹെല്പിങ് ഹാൻഡ്സ്''. പേര് അന്വർത്ഥം ആക്കുന്ന രീതിയിൽ, ഇതിനോടകം നിരവധി ആളുകൾക്ക് ഈ പദ്ധതിയിലൂടെ സഹായം എത്തിക്കുവാൻ ഫോമക്ക് സാധിച്ചതായി ഫോമാ പ്രസിഡൻറ് ബേബി മണക്കുന്നേൽ പറഞ്ഞു. പുതിയ ഭാരവാഹികളെ ഫോമ പ്രസിഡൻറ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡൻറ് ഷാലൂ പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും , ആശംസകൾ നേരുകയും ചെയ്തു.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# സിജിൽ പാലക്കലോടി: ഫോമാ ട്രഷറർ സ്ഥാനത്ത് കരുത്തനായ ജനനേതാവ്

**സൂരജ് കെ. ആർ**

ഏതൊരു ദേശീയ സംഘടനയുടെയും അമരത്തു മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ കാര്യപ്രാപ്തിയുള്ള ജനകീയനാണ് ഫോമായുടെ പുതിയ ട്രഷറർ സിജിൽ പാലക്കലോടി.

അമേരിക്കയിൽ ഉടനീളം സാമൂഹിക, സാംസ്കാരിക, കലാ, കായിക, രംഗങ്ങളിൽ സജീവ സാന്നിധ്യമായ സിജിൽ കൈവച്ച മേഖലകളിലൊക്കെ വിജയം കൈവരിച്ച ചുരുക്കം ചിലരിലൊരാളാണ്.

കർമ്മമാണ് ഏതൊരാളിന്റേയും കാര്യത്തിൽ പ്രസക്തിയുണ്ടാക്കുന്നത്. അവരുടെ കർമ്മങ്ങൾ അവരെ മാത്രം ബാധിക്കുന്നതല്ലെന്നും അത് സാമൂഹികമായ ചലനം സൃഷ്ടിക്കുകയും ചെയ്യുന്നുവെന്നതിന് ഉദാഹരണം കൂടിയാണ് സിജിൽ പാലക്കലോടി.

നേതൃത്വത്തിൽ ഒരിക്കലും ഉടഞ്ഞുപോകാത്ത വിശ്വാസ്യതയും അനിതര സാധാരണമായ അർപ്പണ ബുദ്ധിയുമാണ് സിജിലിന്റെ കൈമുതൽ.

പുത്തൻ ആശയങ്ങളുമായി ഫോമയുടെ ഉന്നതിക്കായി പ്രവർത്തിക്കുന്ന പുതുതലമുറയുടെ പ്രതീക്ഷയായിട്ടാമാണ് സിജിൽ പാലക്കലോടിയെ എല്ലാവരും നോക്കി കാണുന്നത്.

*ഫോമയുടെ ട്രഷറർ സ്ഥാനത്തേയ്ക്ക് മത്സരിക്കാനുള്ള തീരുമാനം എങ്ങനെയുണ്ടായി? വിജയത്തെപ്പറ്റി എന്താണ് പ്രവാസികളോട് പറയാനുള്ളത്?*

ഫോമയുടെ രൂപീകരണം മുതൽ ലോകത്തിലെ ഏറ്റവും വലിയ സംഘടനകളുടെ സംഘടനയായ ഫോമയിൽ പ്രവർത്തിച്ചുവരുന്നു. ഫോമയുടെ നാഷണൽ കമ്മിറ്റി മെമ്പറായും, റീജിയനൽ കമ്മറ്റികളിൽ വിവിധ സ്ഥാനങ്ങളിലും, ഫോമയുടെ വിവിധ കൺവെൻഷനുകളിലും പ്രവർത്തിച്ചുള്ള പരിചയവും, ഫോമയുടെ അംഗസംഘടനകളായ സൗത്ത് ഫ്ളോറിഡയിലെ നവകേരള ആർട്ട്സ് ക്ലബ്ബിന്റെ ജോയിന്റ് സെക്രട്ടറിയായും, അതിനുശേഷം സാക്രമെന്റോ മലയാളി അസോസിയേഷൻ ജോയിന്റ് ട്രഷറർ, സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചുള്ള പരിചയവും, ഫോമയിലെ വിവിധ നേതാക്കളുടെ അഭ്യർത്ഥന പ്രകാരവുമാണ് ഞാൻ ഫോമ ട്രഷറർ സ്ഥാനത്തേയ്ക്ക് മത്സരിച്ചത്. അക്കൗണ്ടിങ്ങിൽ അമേരിക്കയിൽ നിന്ന് മാസ്റ്റേഴ്സ് ബിരുദവും, കാലിഫോർണിയ സ്റ്റേറ്റിന്റെ വിവിധ വകുപ്പുകളിൽ അക്കൗണ്ടിങ് ഓഫീസർ സ്പെഷലിസ്റ്റ്, ഓഡിറ്റർ എന്നീ സ്ഥാനങ്ങൾ വഹിച്ച അനുഭവസമ്പത്തും ട്രഷറർ സ്ഥാനത്തേയ്ക്ക് വരാൻ പ്രേരിപ്പിച്ചു.

ഫോമയെന്ന സംഘടന അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഫോമയുടെ ബജറ്റും പ്രവർത്തനങ്ങളും കൂടിക്കൊണ്ടിരിക്കുന്നു. അതിനാൽ നോൺ പ്രോഫിറ്റ് സംഘടനയായ ഫോമയ്ക്ക് അക്കൗണ്ടിങ്ങിലും, ഫൈനാൻസിലും, പരിചയമുള്ള, മാസ്റ്റേഴ്സ് ബിരുദമുള്ള ഒരു ട്രഷറർ മുതൽക്കൂട്ടായിരിക്കുമെന്ന് സംശയമില്ലാത്തതിനാലാണ് ഫോമയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം ലഭിച്ച സ്ഥാനാർത്ഥിയായി വിജയിക്കാൻ സാധിച്ചത്.

*ട്രഷറർ എന്ന നിലയിലും, ടീം യുണൈറ്റഡിനൊപ്പം ചേർന്നും ഫോമയിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്?*

ടീം യുണൈറ്റഡ് എന്ന പേര് നൽകിക്കൊണ്ടാണ് ഞങ്ങൾ ആറ് പേരും ശ്രീ. ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ (ബൈജു വർഗീസ്, ശാലു പുന്നൂസ്, പോൾ ജോസ്, അനുപമ കൃഷ്ണനും ഞാനുമടങ്ങുന്ന ടീം) മത്സരത്തിനിറങ്ങിയത്. ശക്തമായ മത്സര



emalayalee.com



ത്തിലൂടെ ഞങ്ങൾ ആറ് പേരും വിജയിച്ചു. ഞങ്ങളുടെ എതിർ സ്ഥാനാർത്ഥികളും മിടുക്കരായിരുന്നെങ്കിലും ഞങ്ങളുടെ ആശയങ്ങളും, സൗഹൃദങ്ങളും കൂടുതൽ അംഗീകരിക്കപ്പെട്ടതുകൊണ്ടാണ് ഞങ്ങൾക്ക് വിജയിക്കാൻ സാധിച്ചത് എന്നതിൽ സംശയമില്ല. ഞങ്ങളെ ഒറ്റക്കെട്ടായി വിജയിപ്പിച്ചത് വഴി വലിയൊരു ഉത്തരവാദിത്തമാണ് ഞങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്. അമേരിക്കൻ മലയാളികൾക്ക് ഉപകാരപ്രദമായ വിവിധയിനം പദ്ധതികളുമായാണ് ഞങ്ങൾ നേതൃനിരയിലേയ്ക്ക് വന്നിരിക്കുന്നത്.

2024-26 കാലഘട്ടത്തിലേയ്ക്കാണ് ഞാൻ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഞങ്ങളുടെ പ്രവർത്തന ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ജനറൽ ബോഡിയിൽ, 2024-26 വർഷത്തേയ്ക്കുള്ള ബജറ്റും, 2024-26 വർഷത്തേയ്ക്കുള്ള പ്രൊജക്ടഡ് ബജറ്റും അവതരിപ്പിക്കുകയുണ്ടായി. രണ്ടര മില്യന്റെ ബജറ്റാണ് ഞാൻ അവതരിപ്പിച്ചത്. വടക്കേ അമേരിക്കയിലും കേരളത്തിലുമായി വിവിധ ചാരിറ്റി പ്രവർത്തനങ്ങൾ, സെമിനാറുകൾ, കാനഡ മിനി കൺവെൻഷൻ, വിമൻസ് സമ്മിറ്റ്, യൂത്ത് കൺവെൻഷൻ, കേരള കൺവെൻഷൻ, വിവിധ വിമൻസ് ഫോറം ആക്ടിവിറ്റീസ്, യൂത്ത് ആക്ടിവിറ്റീസ്, ഹെൽപ്പിങ് ഹാൻഡ്സ്, റീജിയണൽ ആക്ടിവിറ്റീസ് തുടങ്ങി പ്രവാസികൾക്കും, കേരളത്തിലെ ജനങ്ങൾക്കും ഉപകാരപ്രദമായ പ്രവർത്തനങ്ങളും, 2026-ൽ ഞങ്ങളുടെ പ്രവർത്തനങ്ങളുടെ കലാശക്കൊട്ടായ ഹ്യൂസ്റ്റൺ കൺവെൻഷനും ഉൾപ്പെട്ടതാണ് ഈ രണ്ടര മില്യൺ ഡോളറിന്റെ ബജറ്റ്. ട്രഷറർ എന്ന നിലയിൽ സുതാര്യമായും, കൃത്യതയോടുകൂടിയതുമായ കണക്കുകൾ അവതരിപ്പിക്കുകയെന്നത് എന്റെ ഉത്തരവാദിത്തമായാണ് ഞാൻ കരുതുന്നത്.

ഞങ്ങൾ ടീം യുണൈറ്റഡിലെ ആറ് പേരും വിവിധ സംഘടനകളിലും, വിവിധ രംഗങ്ങളിലും കഴിവ് തെളിയിച്ചവരാണ്. അടുത്ത രണ്ട് വർഷം ആത്മാർത്ഥമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകണമെന്ന ഉറച്ച താൽപര്യവുമായാണ് ഞങ്ങൾ ആറ് പേരും നേതൃനിരയിലേയ്ക്ക് വന്നിരിക്കുന്നത്. ഫോമയെന്ന പ്രസ്ഥാനത്തെ ഇനിയും ഉന്നതിയിൽ എത്തിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. കാലങ്ങളായി ഈ പ്രസ്ഥാനത്തെ വളർത്തിയ നേതാക്കളുടെ അനുഗ്രഹങ്ങളോടെ പുതിയ ആളുകളെ കൂടുതൽ ഭാഗഭാക്കാക്കിക്കൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഫോമയുടെ ബൈലോ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ള സ്വതന്ത്രമായ പ്രവർത്തനം നടത്താൻ കഴിഞ്ഞാൽ മാത്രമേ ഈ സംഘടനയെ പുതിയ തലത്തിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ.

*ഫോമ എന്ന സംഘടന പ്രവാസികൾക്കിടയിൽ എങ്ങനെയാണ് പ്രസക്തമാകുന്നത്?*

ഫോമയുടെ പ്രവർത്തനങ്ങൾ തന്നെയാണ് അമേരിക്കയിലെയും, കാനഡയിലെയും, കേരളത്തിലെയും ജനങ്ങൾക്കിടയിൽ ഫോമ എന്ന പ്രസ്ഥാനത്തിന് ഒരു പേര് നേടിക്കൊടുത്തതെന്ന് പറയാതാരിക്കാനാകില്ല. കേരളത്തിൽ വളരെയധികം പ്രോജക്ടുകൾ ഫോമ ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്ക സമയത്ത് 50-ഓളം വീടുകൾ വച്ച് നൽകി, കോവിഡ് സമയത്ത് വെന്റിലേറ്റർ അടക്കമുള്ള ഉപകരണങ്ങളും, മരുന്നുകളും കേരളത്തിൽ എത്തിച്ചു നൽകി, മെഡിക്കൽ ക്യാമ്പുകൾ,പഠനസഹായങ്ങൾ,തിരുവനന്തപുരം ക്യാൻസർ സെന്ററിൽ വാർഡ് നിർമ്മിച്ച് നൽകൽ, രോഗികൾക്കുള്ള അത്യാവശ്യ സഹായപദ്ധതിയായ ഹെൽപ്പിങ് ഹാൻഡ്സ് എന്നിവ ഏതാനും ചിലത് മാത്രമാണ്. അമേരിക്കയിലെയും, കാനഡയിലെയും മലയാളി സംഘടനകളെ ഏകോപിപ്പിക്കാനും, വരും തലമുറയിലേയ്ക്ക് കേരള സംസ്കാരവും തനിമയും പകരുന്നതിനും ഫോമ നടത്തിവരുന്ന പ്രവർത്തനങ്ങളും വടക്കേ അമേരിക്കൻ മലയാളികൾക്കിടയിൽ ഫോമ ഏറെ പ്രസക്തമാകാൻ കാരണമായിട്ടുണ്ട്.

*ഫോമയ്ക്ക് പുറമെയുള്ള സാമൂഹിക പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?*

കാലിഫോർണിയയിലെ സാക്രമെന്റോ മലയാളി അസോസിയേഷൻ പ്രസിഡന്റ്, ചെയർമാൻ, സെക്രട്ടറി, ജോ. ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. നവകേരള അസോസിയേഷൻ ജോ. സെക്രട്ടറിയും ആയിരുന്നു. ഇന്ത്യ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക പ്രഥമ ജോ. ട്രഷറർ, ചിക്കാഗോ സീറോ മലബാർ രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ എന്നീ സ്ഥാനങ്ങളും വഹിച്ചു.

ഇന്ത്യൻ അസോസിയേഷൻ ഓഫ് സാക്രമെന്റോ മുൻ ട്രഷററും, ചിക്കാഗോ സീറോ മലബാർ രൂപതാ എഫാർക്കിയൽ അസംബ്ലി മെമ്പറും ആയിരുന്നു. ലോക കേരള സഭയിൽ അമേരിക്കൻ പ്രതിനിധിയായും പങ്കെടുത്തു.

സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ നിലവിലെ പ്രസിഡന്റും, സാക്രമെന്റോ ഇൻഫന്റ് ജീസസ് ചർച്ച് ട്രസ്റ്റിയും ആണ്.

*ലോകകേരള സഭയിൽ അമേരിക്കൻ പ്രവാസികളെ പ്രതിനിധീകരിച്ച് പങ്കെടുത്ത അനുഭവം എങ്ങനെയായിരുന്നു?*

ലോകകേരള സഭയിൽ അമേരിക്കൻ പ്രവാസികളെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷം തോന്നുന്നു. പ്രവാസികളുടെ പ്രശ്നങ്ങളും, ആശങ്കകളും അവതരിപ്പിക്കാനും, പ്രവാസികൾക്ക് കേരളത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ള ഫലവത്തായ ചർച്ചകളും, നിർദ്ദേശങ്ങളും അവതരിപ്പിക്കാനുമുള്ള അവസരമൊരുക്കലായിരുന്നു ഈ സമ്മേളനം. മുഖ്യമന്ത്രിയും, സ്പീക്കറും, മന്ത്രിമാരും, എംഎൽഎമാരും, ഉദ്യോഗസ്ഥരും, പ്രവാസി പ്രതിനിധികളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹാരങ്ങളും, നിർദ്ദേശങ്ങളും സമർപ്പിക്കുന്ന രീതി വളരെ ഫലപ്രദമായിട്ടാണ് ഞാൻ കരുതുന്നത്. ഇത് ഒരു


48

പാഴ്ചെലവാണെന്ന് ഞാൻ കരുതുന്നില്ല. ഇത്തരത്തിലുള്ള സമ്മേളനങ്ങൾ പ്രവാസികൾക്ക് ലഭിക്കുന്ന അംഗീകാരമായിട്ടാണ് എനിക്ക് തോന്നിയത്. ലോകമെമ്പാടുമുള്ള പ്രവാസികൾ തമ്മിൽ നെറ്റ്‌വർക്ക് ഉണ്ടാക്കാനും ഈ സമ്മേളനത്തിന് സാധിച്ചു എന്നതിൽ സംശയമില്ല.

*അമേരിക്കൻ പ്രവാസിയായി മാറുന്നത് എങ്ങനെയാണ്?*

1999-ൽ ആണ് ഫ്ളോറിഡയിലെ മയാമി ആസ്ഥാനമായുള്ള കമ്പനിയിൽ ജോലിക്ക് വരുന്നത്. അതിനുശേഷം ഫൈനാൻസിൽ മാസ്റ്റേഴ്സ് ബിരുദം ചെയ്യുകയും, കാലിഫോർണിയ സ്റ്റേറ്റിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ഗവൺമെന്റ് ഉദ്യോഗസ്ഥനായി ജോലി ചെയ്യുകയും ചെയ്തു. ഇപ്പോൾ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നു. അമേരിക്കയിൽ വരുന്നതിന് മുമ്പ് ബാംഗ്ലൂർ ക്രൈസ്റ്റ് കോളജിൽ നിന്നും മാനേജ്മെന്റ് ബിരുദമെടുത്ത് സൗദി അറേബ്യയിൽ രണ്ട് വർഷക്കാലം ജോലി ചെയ്തിരുന്നു.

*പ്രവാസത്തിന് മുമ്പ് നാട്ടിൽ സംഘടനാ പ്രവർത്തനങ്ങളുണ്ടായിരുന്നോ?*

കേരളത്തിൽ വിദ്യാഭ്യാസകാലഘട്ടത്തിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിലും, സീറോ മലബാർ സഭയുടെ യുവജന സംഘടനയിലും പ്രവർത്തിച്ചിരുന്നു.


*പത്രപ്രവർത്തകനായി ജോലി നോക്കിയ കാലത്തെ കുറിച്ച് പറയാമോ? വർത്തമാനകാലത്ത് പത്രപ്രവർത്തകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?*

2000-ലാണ് ഫ്ളോറിഡയിൽ നിന്നും ആരംഭിച്ച 'മലയാളി മനസ്' എന്ന പത്രത്തിന്റെ മാനേജിങ് എഡിറ്ററായി പ്രവർത്തനമാരംഭിക്കുന്നത്. ചെറുപ്പകാലത്തെ പത്രപ്രവർത്തനം എന്ന സ്വപ്നം അങ്ങനെ സാക്ഷാത്കരിക്കപ്പെട്ടു. കൂടാതെ ദീപികയുടെ അമേരിക്കൻ റിപ്പോർട്ടർ, കൈരളി ടിവിയുടെ ന്യൂസ് റിപ്പോർട്ടർ എന്നീ നിലകളിലും പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്.

അമേരിക്കയിലെ പത്രപ്രവർത്തനം വർത്തമാനകാലത്ത് ഒത്തിരി ബുദ്ധിമുട്ടുകൾ നിറഞ്ഞതായി മാറിയിട്ടുണ്ട്. ഓൺലൈൻ മീഡിയയുടെയും, ദൃശ്യമാധ്യമങ്ങളുടെയും അതിപ്രസരം, ബൈവീക്കിലിയായോ, മന്ത്‌ലി ആയോ ഇറങ്ങുന്ന പത്രങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രിന്റഡ് മീഡിയയോടുള്ള ആളുകളുടെ താൽപര്യക്കുറവും, സാമ്പത്തിക പ്രതിസന്ധിയും കാര്യമായി തന്നെ ബാധിക്കപ്പെട്ടിരിക്കുന്നു.

*പ്രവാസി സമൂഹം, പ്രത്യേകിച്ച് ഇന്ത്യക്കാരും മലയാളികളും അമേരിക്കയിൽ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്? അവ പരിഹരിക്കാൻ പ്രവാസി കൂട്ടായ്മകൾക്ക് എന്തെല്ലാമാണ് ചെയ്യാൻ കഴിയുന്നത്?*

പ്രവാസി ഇന്ത്യക്കാരും മലയാളികളും വളരെയേറെ ബുദ്ധിമുട്ടിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടമാണിത്. ഇന്ത്യൻ പ്രവാസികൾ വടക്കേ അമേരിക്കയിൽ സാമ്പത്തികവും, സാംസ്കാരികവുമായി മുന്നിൽ നിൽക്കുന്നവരാണ്. പക്ഷേ ഇന്നത്തെ ഈ സാമ്പത്തികമാന്ദ്യഘട്ടത്തിൽ വളരെയധികം കഷ്ടപ്പെടുന്ന പ്രവാസികളെയും നമുക്ക് കാണാൻ സാധിക്കും. ഏറ്റവും വലിയ പ്രശനമായി കാണുന്നത് നമ്മുടെ രണ്ടാം തലമുറക്കാരും, മൂന്നാം തലമുറക്കാരും നമ്മുടെ സംസ്കാര പൈതൃകങ്ങളിൽ നിന്ന് മാറിപ്പോകുന്നതാണ്. ഇവിടെയാണ് പ്രവാസി കൂട്ടായ്മകളുടെ പ്രസക്തി ഞാൻ കാണുന്നത്.



ഫോമയുടെ അടുത്ത രണ്ട് വർഷത്തേയ്ക്കുള്ള പ്രോജക്കുകളിൽ യുജനങ്ങൾക്കും, സ്ത്രീകൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള വളരെയധികം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. വരും തലമുറകളിൽ നമ്മുടെ സംസ്കാരം നഷ്ടപ്പെടാതെ സൂക്ഷിക്കുകയെന്നതാണ് ഫോമയുടെ ലക്ഷ്യം.

കൂടാതെ ഫോമ മലയാളികളുടെ ആവശ്യങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നു എന്നത് വളരെ ആശ്വാസകരമാണ്. സംഘടനകളിൽ തുടങ്ങി, റീജിയണൽ ലെവലിലും, നാഷണൽ ലെവലിലും മലയാളികൾക്ക് ഒരു പ്രശ്നമുണ്ടാകുമ്പോൾ അവരുടെ കൂടെനിന്ന് പ്രവർത്തിക്കാൻ സാധിക്കുന്നു എന്നത് ചാരിതാർത്ഥ്യം നൽകുന്നതാണ്. ഫോമയുടെ ഒരു നേതാവെന്ന നിലയിൽ അമേരിക്കയിൽ വിവിധ സ്ഥലങ്ങളിൽ നിന്നും, കേരളത്തിൽ നിന്നും വളരെയധികം ഫോൺ കോളുകൾ ലഭിക്കാറുണ്ട്. ഫോമയെന്ന അമേരിക്കയിലുടനീളമുള്ള മഹത്തായ സുഹൃദ്‌വലയത്തിന്റെ സഹായത്താൽ അവരെ സഹായിക്കാൻ സാധിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

*വ്യക്തിജീവിതത്തെക്കുറിച്ചും, ഭാവി പദ്ധതികളെക്കുറിച്ചും?*

എന്റെ ജന്മസ്ഥലം കണ്ണൂർ ജില്ലയിലെ കാളിയന്തറ എന്നയിടത്താണ്. നാഷണൽ, സ്റ്റേറ്റ് അദ്ധ്യാപക അവാർഡ് ജേതാവായ പാലക്ക ജോർജ്ജ് സാറിന്റെയും, മലയാളം അദ്ധ്യാപികയായ മണികോമ്പേൽ ചിന്നമ്മ ടീച്ചറുടെയും മകനായി ജനിച്ചു. അമേരിക്കയിൽ വന്ന ശേഷം 2007-ൽ പാലാകുന്നേൽ മുരിയൻ കാവുങ്കൽ കുടുംബത്തിലെ സോണിയയെ വിവാഹം കഴിച്ചു. രണ്ട് കുട്ടികൾ ആൻഡ്രൂ (16), ആൻ (11). കാലിഫോർണിയയുടെ തലസ്ഥാനമായ സാക്രമെന്റോയിലെ ഫോൾസത്തിൽ താമസിക്കുന്നു.

ചെറുകിട വ്യവസായിയാണ്. അതിനെ വളർത്തിയെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം. കൂടാതെ ഫോമയിൽ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്തം കൃത്യതയോടും, നേരോടും കൂടി ചെയ്ത് ഫോമയെന്ന മഹത്തായ പ്രസ്ഥാനത്തെ കൂടുതൽ ജനോപകാരപ്രദമായ നിലയിലേയ്ക്ക് എത്തിക്കുകയെന്നതാണ് മറ്റൊരു ലക്ഷ്യം. വരുംകാലങ്ങളിൽ ഫോമ കൺവെൻഷൻ, ഫോമയുടെ വെസ്റ്റേൺ റീജിയൻ നേതാക്കളുമായി ചേർന്ന് വെസ്റ്റേൺ റീജിയനിലേയ്ക്ക് എത്തിക്കാനും ഉദ്ദേശിക്കുന്നു.

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

LENDING ALL ACROSS USA

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

*SBA 7a Loan Program **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

Member FDIC   EQUAL OPPORTUNITY LENDER   04/24

# സഫേൺ സെന്റ് മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ആവേശകരമായ തുടക്കം



**ഉമ്മൻ കാപ്പിൽ**

സഫേൺ (ന്യൂയോർക്ക്): ഫാമിലി & യൂത്ത് കോൺഫറൻസിൻറെ ഒരു പ്രതിനിധി സംഘം നവംബർ 17 ഞായറാഴ്ച, സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.

വികാരി റവ. ഡോ. രാജു വർഗീസ് വർഷങ്ങളായി ഫാമിലി യൂത്ത് കോൺഫറൻസിലൂടെ ലഭ്യമായ ആനുകൂല്യങ്ങളെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസ് ടീമിനെ സംസാരിക്കാൻ ക്ഷണിക്കുകയും ചെയ്തു. കോൺഫറൻസ് തീം, വേദി, രജിസ്ട്രേഷൻ എന്നിവയുടെ വിശദാംശങ്ങളെക്കുറിച്ച് കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ് സംസാരിച്ചു. യൂത്ത്, സൺഡേ സ്കൂൾ, ഫോക്കസ് ഗ്രൂപ്പുകൾക്കുള്ള പ്രത്യേക സെഷനുകളെക്കുറിച്ച് അദ്ദേഹം പരാമർശിക്കുകയും പ്രാസംഗികരെപ്പറ്റി ഒരു ലഘുവിവരണം നൽകുകയും ചെയ്തു. ഫിനാൻസ് കോർഡിനേറ്റർ ഫിലിപ്പ് തങ്കച്ചൻ സ്പോൺസർഷിപ്പ് വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ചു. ഫാമിലി കോൺഫറൻസ് പോലുള്ള പരിപാടികളിൽ യുവാക്കൾ ഇടപഴകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഫിനാൻസ് കമ്മിറ്റി അംഗം ബിന്ദു റിനു കോൺഫറൻസിനോട് അനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന സുവനീറിനെ കുറിച്ച് സംസാരിച്ചു. വ്യക്തിഗത, ബിസിനസ് പരസ്യങ്ങളുടെ വിശദാംശങ്ങളും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ എല്ലാ വീടുകളിലും സുവനീർ എത്തിച്ചേരുന്നതും ബിന്ദു റിനു ഓർമ്മിപ്പിച്ചു. രജിസ്ട്രേഷൻ കമ്മിറ്റിയുടെ ഭാഗമായ അജു എബ്രഹാം കോൺഫറൻസിലെ അനുഭവങ്ങൾ സംസാരിച്ചു. എന്റർടൈൻമെന്റ് സെഷന്റെ വിശദാംശങ്ങളും അദ്ദേഹം നൽകി.

ഇടവകയിലെ രജിസ്ട്രേഷന് ഫാ. ഡോ.



രാജു വർഗീസ് തന്നെ തുടക്കമിട്ടു. ഇതിനെത്തുടർന്ന് നിരവധി സ്പോൺസർഷിപ്പുകളും രജിസ്ട്രേഷനുകളും ലഭിച്ചു. ഗോൾഡ് സ്പോൺസർമാരായി സജി എം പോത്തൻ (മുൻ ഭദ്രാസന  കൗൺസിൽ അംഗ്ഗ), എബ്രഹാം പോത്തൻ (ഇടവക ട്രസ്റ്റി & ഘോഷയാത്ര കമ്മിറ്റി അംഗം), ഫിലിപ്പോസ് ഫിലിപ്പ് (മലങ്കര സഭ മുൻ മാനേജിംഗ് കമ്മിറ്റി അംഗം) ജീമോൻ വർഗീസ് (മുൻ കോൺഫറൻസ് ട്രഷറർ  & ഫിനാൻസ് കമ്മിറ്റി അംഗ്ഗ ) എന്നിവർ പിന്തുണ അറിയിച്ചു. ഗ്രാൻഡ് സ്പോൺസർമാരായി സാജു ജേർജ്, ജോൺ ജേക്കബ് (സൺഡേ സ്കൂൾ ഭദ്രാസന ട്രഷറർ) എന്നിവരും പിന്തുണ വാഗ്ദാനം നൽകി.

മുൻ കോൺഫറൻസ് സെക്രട്ടറി കൂടിയായ സൂസൻ വർഗീസ് (കൊച്ചമ്മ) യുവാക്കൾക്കിടയിൽ നേതൃത്വത്തെ വളർത്തുന്നതിൽ കോൺഫറൻസ്  വഹിച്ച സുപ്രധാന പങ്കിനെക്കുറിച്ച് പരാമർശിച്ചു. ജെറമിയ ജെയിംസ് (ഇടവക സെക്രട്ടറി), സാജു വർഗീസ് (ഇടവക ജോയിന്റ് സെക്രട്ടറി), അജിത് എബ്രഹാം (ഇടവക ജോയിന്റ് ട്രസ്റ്റി), ജോൺ വർഗീസ് (കോൺഫറൻസ് ഘോഷയാത്ര കമ്മിറ്റി അംഗം ), ബെന്നി കുര്യൻ (മുൻ സുവനീർ എഡിറ്റർ), ലിസി ഫിലിപ്പ് (ഭദ്രാസന എംഎംവിഎസ് ഓഡിറ്റർ) എന്നിവരും വേദിയിൽ ഉണ്ടായിരുന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം  ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ) , റവ. ഡീക്കൻ ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. ‘‘നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു’’(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

FYC/Registration link: www.fycnead.org

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595),  ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.

















# അബ്ദുൾ പുന്നയൂർക്കുളത്തിന് ഹ്യൂസ്റ്റൺ റൈറ്റേഴ്സ് ഫോറം പുരസ്കാരം സമ്മാനിച്ചു




അമേരിക്കയിലെ ഹ്യൂസ്റ്റൺ കേരളാ റൈറ്റേഴ്സ് ഫോറം ഏർപ്പെടുത്തിയ 2024ലെ സാഹിത്യത്തിനുള്ള സമഗ്രസംഭാവന പുരസ്കാരം, അബ്ദുൾ പുന്നയൂർക്കുളത്തിന് സമർപ്പിച്ചു.

എറണാകുളം പ്രസ്സ്ക്ലബിൽ വെച്ച് നടന്ന ചടങ്ങിൽ റൈറ്റേഴ്സ് ഫോറത്തിന്റെ ഔദ്യോഗിക പ്രതിനിധി ശ്രീ. മാത്യു നെല്ലിക്കുന്നിൽ നിന്ന് അബ്ദുൾ പുന്നയൂർക്കുളം പുരസ്കാരം ഏറ്റുവാങ്ങി.

നാടകകൃത്ത് ടി. മോഹൻ ബാബു ആമുഖഭാഷണം നടത്തി. ഹക്കീം വെളിയത്ത്, പ്രദീപ് നാരായണൻ, റഷീദ് കെ. മൊയ്തു, രാജൻ പുഷ്പാഞ്ജലി, സജീഷ് പെരുമുടിശ്ശേരി എന്നിവർ ആശംസകൾ നേർന്നു.

തുടർന്ന് കേരളാ റൈറ്റേഴ്സ് ഫോറത്തിന്റെ വാർഷിക പ്രസിദ്ധീകരണമായ 'ശരത്കാല സന്ധ്യയുടെ മണിമുഴക്കങ്ങൾ'എന്ന പുസ്തകം എം.വി. ജോസിന് നല്കിക്കൊണ്ട് മാത്യു നെല്ലിക്കുന്ന് പ്രകാശനം നിർവഹിച്ചു.



# ഫൊക്കാന കാനഡ റീജണൽ ഉൽഘാടനം ചരിത്രമായി



ഫൊക്കാനയുടെ കാനഡ റീജണൽ ഉൽഘാടനം റ്റി എം സി അസോസിയേഷൻ ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് സജിമോൻ ആന്റണി നിർവഹിച്ചു. ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ , ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ ബാരിയസ്റ്റർ ലത മേനോൻ , സോമൻ സ്കറിയ , മുൻ പ്രസിഡന്റും അഡ്വൈസറി ബോർഡ് ചെയർമാനുമായ ജോൺ പി ജോൺ, പൊളിറ്റിക്കൽ ഫോറം വൈസ് ചെയർ ബിജു ജോർജ് ,ഫൊക്കാന ഓഡിറ്റർ നിധിൻ ജോസഫ് , വിമെൻസ് ഫോറം വൈസ് ചെയർ ബിലു കുര്യൻ ,വിമെൻസ് ഫോറം നാഷണൽ കമ്മിറ്റി മെംബെർ ഷോജി സിനോയി യൂത്ത് കമ്മിറ്റി മെംബേഴ്സ് ആയ ഹണി ജോസഫ് , അനിത ജോർജ് , മുൻ സെക്രട്ടറി ടോമി കോക്കാട്ട് തുടങ്ങി നിരവധി വ്യക്തികൾ പങ്കെടുത്തു. റീജണൽ വൈസ് പ്രസിഡന്റ് ജോസി കാരക്കാട്ട് അധ്യക്ഷനായിരുന്നു.






അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ സംഘടനാ രംഗത്ത് സമാനതകൾ ഇല്ലാത്ത ഒരു പ്രവർത്തനമാണ് ഇന്ന് ഫൊക്കാന നടത്തുന്നത് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. അതിന് ഒരു ഉദഹരണമാണ് ഈ റീജിയന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു ഉൽഘാടന മീറ്റിങ്ങ് നടത്തുന്നത് . ഈ ഉൽഘാടന മീറ്റിംഗ് ചരിത്രത്തിന്റെ ഒരു ഭാഗമാവുകയാണ് . ഇത് പോലെ എല്ലാ റീജിയനുകളിലും മീറ്റിങ്ങുകൾ നടക്കുകയാണ്.

സമഗ്രവും വ്യത്യസ്തവുമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു മുന്നോട്ടു പോകാൻ വേണ്ട കാര്യ പ്രാപ്തയുള്ള ഒരു നേതൃത്വമാണ് ഇന്ന് ഫൊക്കാനക്ക് ഉള്ളത് .കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനക്ക് ഒരു സ്ഥാനം ഉണ്ട്. നമുക്ക് ശേഷവും അത് ഉണ്ടാവും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെ എണ്ണം കൂടുന്നു. അത് പോലെ 200 ഓളം വനിതാ ലീഡേഴ്സിന്റെ ഒരു ടീമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരു കാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് 74 യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത് അത് താമിസിയത് നൂറിൽ കൂടുതൽ ആകും. ഫൊക്കാനയിൽ 75 സംഘടനകൾ ഉണ്ട് . വളരെ അധികം പുതിയ സംഘടനകളുടെ അപേക്ഷ വരുന്നുണ്ട് എന്നും സജിമോൻ അഭിപ്രയപെട്ടു

റീജണൽ വൈസ് പ്രസിഡന്റ് ജോസി കാരക്കാട്ട് അധ്യക്ഷനായിരുന്നു. യുവാക്കൾക്കു മുൻതൂക്കം ഉള്ള ശക്തമായ ഒരു ഭരണസമയതിയാണ് ഇന്ന് ഫൊകാനയുടേതെന്ന് അതുകൊണ്ട് തന്നെ പ്രവർത്തനത്തിന് മുൻ തൂക്കം നൽകുന്ന ഒരു പ്രവർത്തനമാണ് ഇന്ന് നടക്കുന്നത് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ തന്റെ പ്രസംഗത്തിൽ മലയാളികളുടെ ശബ്ദം എവിടെയും മുഴങ്ങിക്കേൾക്കാനുള്ള സാഹചര്യം ഫൊക്കാന സംജാതമാക്കും എന്നും നാം ഇലക്ഷൻ സമയത്തു പറഞ്ഞ കാര്യങ്ങൾ എല്ലാം ചെയ്തുതീർക്കണം. അതിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കും പിന്നീടൊരു അവസരം ലഭിച്ചെന്നുവരില്ല. സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിജയകരമായി മുന്നോട്ട് പോകുന്നതിൽ സന്തോഷവും രേഖപ്പെടുത്തി.

അമേരിക്കയിലെയും ക്യാനഡയിലുമുള്ള മലയാളി യുവാക്കളുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി അവരെ അമേരിക്കയുടെയും ക്യാനഡയുടെയും മുഖ്യധാരാ രാഷ്ട്രീയത്തിലേക്കും സാമുഖ്യ സാംസ്കാരിക രംഗങ്ങളിലേക്കും കൊണ്ടുവരിക എന്നതുകൂടിയാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് ട്രഷർ ജോയി ചാക്കപ്പൻ അഭിപ്രായപ്പെട്ടു.

ഫൊക്കാനയെ വരും തലമുറയുടെ കൈകളിൽ എത്തിച്ചു കൊണ്ട് സംഘടനയുടെ ഭാവി സുരക്ഷിതമാക്കുകയാണ് ട്രസ്റ്റീ ബോർഡ് ചെയർമാൻ എന്ന നിലയിൽ തന്റെ ലക്ഷ്യമെന്നു ജോജി തോമാസ് അഭിപ്രായപ്പെട്ടു . യുവത്വത്തിന് കാതലായ പങ്കാളിത്തം ഉറപ്പുവരുത്തുകയും അതിന് വേണ്ടി യൂത്ത് കമ്മിറ്റി വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.. ഫൊക്കാനയുടെ മുഖച്ഛായ മാറ്റുന്ന പ്രവർത്തനങ്ങൾക്കാണ് ഇനിയുള്ള രണ്ട് വർഷങ്ങൾ സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് , വരാനിരിക്കുന്ന ദിവസങ്ങളിൽ വൻ തോതിലുള്ള പ്രവർത്തനങ്ങളും നേട്ടങ്ങളും കൈവരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു.

ഇന്ത്യൻ അമേരിക്കൻ-കാനഡ യുവാക്കളുടെ ഒരു എകികരണംകൂടിയാണ് ഈ ഭരണകാലത്തു ഫൊക്കാന ഉദ്ദേശിക്കുന്നത് എന്ന് ജോയിന്റ് സെക്രട്ടറി മനോജ് ഇടമന അഭിപ്രായപ്പെട്ടു.

അഡ്വൈസറി ബോർഡ് ചെയർമാനുമായ ജോൺ പി ജോൺ, പൊളിറ്റിക്കൽ ഫോറം വൈസ് ചെയർ ബിജു ജോർജ് ,ഫൊക്കാന ഓഡിറ്റർ നിധിൻ ജോസഫ് , വിമെൻസ് ഫോറം വൈസ് ചെയർ ബിലു കുര്യൻ ,വിമെൻസ് ഫോറം നാഷണൽ കമ്മിറ്റി മെംബെർ ഷോജി സിനോയി യൂത്ത് കമ്മിറ്റി മെംബേഴ്സ് ആയ ഹണി ജോസഫ് , അനിത ജോർജ് , മുൻ സെക്രട്ടറി ടോമി കോക്കാട്ട് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.




ബാരിസ്റ്റർ ലത മേനോൻ ഇതിൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി. കാനഡയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു റീജിണൽ ഉൽഘാടനം നടത്തുന്നത് എന്നും ഇനിയും കൂടുതൽ പ്രവർത്തങ്ങളുമായി നിങ്ങളോടൊപ്പം കാണുമെന്നും അവർ അറിയിച്ചു.

emalayalee.com


Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ഫോമ സെൻട്രൽ റീജിയൻ പ്രവർത്തനോൽഘാടനം പ്രൗഢഗംഭീരമായി




**സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു**

ഫോമ സെൻട്രൽ റീജിയന്റെ പ്രവർത്തനോൽഘാടനം സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് ആർ.വി.പി. ജോൺസൺ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഭദ്രദീപം കൊളുത്തി പ്രൗഢഗംഭീരമായ സദസിനെ സാക്ഷിയായി ഉൽഘാടനം ചെയ്യപ്പെട്ടു.

സെൻട്രൽ റീജിയണിലെ ആറ് അംഗ സംഘടനകളിൽ നിന്നുള്ള പ്രതിനിധികളും ചിക്കാഗോയിലെ ഫോമ അഭ്യുദയകാംക്ഷികളും, ഫോമാ എക്സിക്യൂട്ടീവ് മെമ്പേഴ്സ് പങ്കെടുക്കുകയുണ്ടായി. ആന്റോ കവലയ്ക്കലിന്റെ സ്വാഗത പ്രസംഗത്തോടു കൂടി തുടങ്ങിയ യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗത്തിൽ ഫോമ സമൂഹത്തിനുവേണ്ടി ചെയ്യുന്ന എല്ലാ നല്ല പ്രവർത്തികൾക്കും ആശംസകൾ നേരുകയും സ്നേഹത്തിന്റെയും കരുതലിന്റെയും സന്ദേശം സമൂഹത്തിലേക്ക് പകരുവാൻ സാധിക്കട്ടെ എന്ന് ആശംസിച്ചു.

തദവസരത്തിൽ ഇല്ലിനോയ്സ് സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കൽ യൂത്ത് ഫോറം ഉൽഘാടനം ചെയ്യുകയും, യുവജനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ഫോമാ സെൻട്രൽ റീജിയൺ ചെയ്യുന്ന പ്രവർത്തികളെ പ്രശംസിക്കുകയും എല്ലാ പിൻതുണകളും പ്രഖ്യാപിക്കുകയും ചെയ്തു.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ സെൻട്രൽ റീജിയൺ സീനിയർ സിറ്റിസൺ ഫോറം ഉൽഘാടനം ചെയ്യപ്പെടുകയും, മുതിർന്ന തലമുറയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും, ഫോമയുടെ വരുംകാല പ്രവർത്തനങ്ങളിലേക്കുള്ള സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.




ഫോമാ ട്രഷറർ തന്റെ ആശംസാപ്രസംഗത്തിൽ വരുന്ന രണ്ടു വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിതരൂപം നൽകുകയും, 2.5 മില്യൺ ഡോളറി ബഡ്ജറ്റ് ഓടുകൂടീ

വരുന്ന രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ ആയി അവതരിപ്പിക്കുകയും ഉണ്ടായി.

ഈ അവസരത്തിൽ ഫോമ സെൻട്രൽ റീജിയൺ വുമൺസ് ഫോറമിന്റെ ഉൽഘാടനം ഫോമ നാഷ്ണൽ കമ്മിറ്റി മെമ്പർ ആഷാ മാത്യൂ നിർവഹിച്ചു. ഫോമാ വുമൺസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

ഉൽഘാടന പ്രോഗ്രാമിന് 60 അംഗ കമ്മിറ്റി പ്രവർത്തിക്കുകയും, ജോസ് മണക്കാട്ട്, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യൂ ഡോ. സിബിൾ, രാജം തലവടി, ആന്റോ കവലയ്ക്കൽ

എന്നിവർ നേതൃത്വം നൽകി. വുമൺസ് ഫോറമിന്റെ പ്രവർത്തനങ്ങൾ ഡോ. റോസ് വടകരയും, സീനിയർ ഫോറമിന്റെ പ്രവർത്തനങ്ങൾ ജോർജ് ജോസഫ് കൊട്ടുകപള്ളിയും യൂത്ത് ഫോറമിന്റെ പ്രവർത്തനങ്ങളെ പറ്റി യൂത്ത് ഫോറം റപ്രെസെന്റേറ്റീവും വിശദീകരിക്കുകയുണ്ടായി.

ശാന്തി ജെയ്സൺ, സാറാ അനിൽ, ഡോ. റോസ് വടകര, ഡോ.സിബിൾ ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സംഗീതസന്ധ്യ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

തുടർന്നു നടന്ന റാഫിൾ പ്രോഗ്രാം ബിജു - ജോയിസ് എന്നിവർ നേതൃത്വം നൽകി.

ഈ അവസരത്തിൽ അംഗസംഘടനകളെയും ഫോമ നാഷ്ണൽ കമ്മിറ്റിയെയും പ്രതിനിധീകരിച്ച്, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, ഫാ.സിജോ മുടക്കോടിൽ, നാഷ്ണൽ കമ്മിറ്റി മെമ്പർ ജോർജ് മാത്യു, ഫോമാ ജുഡീഷ്യൽ ചെയർമാൻ ബെന്നി വാച്ചാച്ചിറി, അഡ്വൈസറി കൗൺസിൽ മെമ്പർ ജോസ് മണക്കാട്ട്, റീജിണൽ വുമൺസ് ചെയർ ഡോ.റോസ് വടകര, സി.എം.എ. പ്രസിഡന്റ് ജെസ്സി റിൻസി, ഐ.എം.എ. ജോയിന്റ് സെക്രട്ടറി ലിനി ജോസഫ്, കേരള അസോസിയേഷൻ പ്രസിഡന്റ് ആന്റോ കവലക്കൽ, മിഡ് വെസ്റ്റ് അസ്സോസിയേഷൻ പോൾസൺ കുളങ്ങര, മിനിസോട്ട മലയാളി അസോസിയേഷൻ ജിൽബി സുഭാഷ്, ചാരിറ്റി ചെയർമാൻ പീറ്റർ കുളങ്ങര, ഫോമാ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, സ്റ്റാന്റ്ലി വള്ളിക്കളം എന്നിവർ ആശംസാ പ്രസംഗം നടത്തി.

ഫുഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിഭവ സമൃദ്ധമായ ഭക്ഷണവും ഒരുക്കപ്പെട്ടു. ഈ പ്രോഗാമിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിച്ച എല്ലാവരോടും ഉള്ള നന്ദിയും സ്നേഹവും പ്രകാശിപ്പിച്ചുകൊള്ളുന്നു. പ്രസ്തുത ചടങ്ങിൽ, ഡയമണ്ട്, പ്ലാറ്റിനം, ഗോൾഡ് സ്പോൺസേർസ് പ്ലാക്ക് നൽകി ആദരിക്കപ്പെട്ടു. ഈ പ്രോഗ്രാമിന്റെ മാസ്റ്റർ ഓഫ് സെറിമണി സെന്റ്രൽ റീജിയൺ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യുവും ഡോ. സിബിൽ ഫിലിപ്പും ആയിരുന്നു.

ജനറൽ കോർഡിനേറ്റർ സൈബു കട്ടപ്പുറം നന്ദി രേഖപ്പെടുത്തുകയും ചെയ്തു.












# Blue Ocean
Wealth Solutions

A member of the MassMutual Financial Group



## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

# വൈസ്മെൻ ക്ലബ്ബ് ഓഫ് ന്യൂ യോർക്ക് ഗ്ലെൻ ഓക്സ് ഉത്ഘാടനം ചെയ്യപ്പെട്ടു




അതിർദേശീയ സേവന സംഘടനയായ വൈസ്മെൻ ഇൻറ്റർ നഷണലിന്റെ പുതിയ ക്ലബ്ബായ വൈ സർവീസ് ക്ലബ്ബ് ഓഫ് ന്യൂ യോർക്ക് - ഗ്ലെൻ ഓക്സ് ചാർട്ടറിംഗ് ചടങ്ങ് ക്ലബ്ബിന്റെ അന്തർദേശീയ പ്രെസിഡെന്റ് എ. ഷാനവാസ്ഖാൻറ്റെയും അന്തർദേശീയ സെക്രട്ടറി ജനറൽ ജോസ് വർഗീസിന്റെയും നേതൃത്വത്തിൽ ന്യൂ യോർക്കിലെ ഫ്ലോറൽപാർക്കിൽ നടത്തപ്പെട്ടു.

യു. എസ് ഏരിയയുടെ നോർത്ത് അറ്റ്ലാന്റിക് റീജിണൽ ഡയറക്ടർ കോരസൺ വർഗീസിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട ചാർട്ടർ ചടങ്ങിൽ വിവിധ ക്ലബ്ബ്കളിൽ നിന്നുമായി നിരവധിപേർ പങ്കെടുത്തു. കൃത്യം 102 വർഷങ്ങൾക്കു മുൻപ് ഒരു നവംബർ 17 നു ഒഹായിയോയിലെ ടോളിഡോയിൽ ജഡ്ജ് പോൾ വില്യം അലക്സാണ്ടറിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട ലോകത്തിലെ ഏറ്റവും വലിയ നോൺ ഗവേണ്മെന്റൽ

ഓർഗനൈസേഷനായ ഥങഇഅ യുടെ സേവന ഘടകമായ വൈസ്മെൻ ക്ലബ്ബ്, ഇന്ന് 80 രാജ്യങ്ങളിലായി പടർന്നു പന്തലിച്ചു, മറ്റൊരു ചരിത്രനിമിഷത്തിനു സാക്ഷിയാവുകയാണ് എന്ന് അന്തർദേശീയ പ്രസിഡന്റ് എ. ഷാനവാസ് ഖാൻ പറഞ്ഞു.

ലോകത്തെല്ലായിടത്തും ഈ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിരവധി പഴയകാല പ്രവർത്തകർ സജ്ജീവമായി പ്രവർത്തിക്കുന്നുണ്ട്. അവരെല്ലാം വളരെ ചെറുപ്പത്തിൽ തന്നെ ഈ പ്രസ്ഥാനത്തിൽ മുഴുകി. പുതിയ തലമുറ ഈ സേവന ശൃംഗലയുടെ ഭാഗമാകണം. അവർക്ക് ഈ പ്രസ്ഥാനത്തെ ഒരു പുതിയ തലത്തിലേക്ക് കൊണ്ടുപോകാൻ കഴിയുമെന്ന് അന്തർദേശീയ സെക്രട്ടറി ജനറൽ ജോസ് വർഗീസ് പറഞ്ഞു.

നോർത്ത് അറ്റ്ലാന്റിക് റീജിയൻ, മസാച്ചുസാറ്റിലെ 103 വർഷം പഴക്കമുള്ള വേക്ക്ഫിൽഡ്ക്ലബ്ബ് മുതൽ ഇന്ന് പിറന്നുവീണ ഗ്ലെൻ ഓക്ക്സ് ക്ലബ്ബ് വരെ നീളുന്ന 10 വ്യത്യസ്ത ക്ലബ്ബുകൾ ഉൾപ്പെടുന്നു. ഈ മേഖലയിലെ എല്ലാ ക്ലബ്ബുകളും അവരുടെ അയൽപക്കത്തിലും അന്താരാഷ്ട്ര ശ്രമങ്ങളിലും തങ്ങളുടെ കഴിവിന്റെ പരമാവധി നന്മകൾ ചെയ്യുന്നു. ഇന്ത്യയിലെ മണിപ്പൂരിൽ കുടിയിറക്കപ്പെട്ട ആളുകൾക്ക് കമ്പിളിയും മറ്റു സഹായങ്ങളും നേരിട്ട് നൽകി, പ്രകൃതി ദുരന്തങ്ങൾ ബാധിച്ച ഹവായ്, നോർത്ത് കരോലിന എന്നിവിടങ്ങളിലെ സഹജീവികൾക്ക് പ്രാദേശിക പിന്തുണ നൽകി. ഹാബിറ്റാറ് ഫോർ ഹ്യൂമാനിറ്റിയുടെ പ്രവർത്തങ്ങളിൽ സജ്ജീവ സാന്നിധ്യമായി, റീജിനൽ ഡയറക്ടർ കോരസൺ വർഗീസ് പറഞ്ഞു. മേഖലയിലും അന്തർദേശീയ ഇവന്റുകളിലും ഈ റീജിയൺ നല്ലനിലയിൽ പങ്കെടുക്കുന്നു എന്നും അദ്ദേഹം അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.




സ്വിറ്റസർലണ്ടിലെ ജനീവ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ആഗോള സേവന സംഘടനക്ക് ഇന്ത്യയിലും യൂറോപ്പിലും ഏഷ്യയിലും അമേരിക്കയിലും ആയിരക്കണക്കിന് ക്ലബ്ബുകൾ നിലവിലുണ്ട്. മലേറിയ നിർമാർജ്ജനം, ലോകത്തിലെ യുവജനങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തി സേ

വനത്തിന്റെ പൊതു നന്മയെക്കുറിച്ചു ബോധല്കരിച്ചു സജ്ജമാകുക, ഒറ്റപെടലുകളും ഏകാന്തതയും ഒഴിവാക്കി ലോകമെമ്പാടുമുള്ള പൊതു താൽപ്പര്യമുള്ള ആളുകൾ കൂട്ടായ പ്രവർത്തനത്തിലൂടെ നന്മയുടെ ഭാഗമാവുക എന്ന വിശാല ലക്ഷ്യമാണ് ഈ സംഘടനക്ക് ഉള്ളത്.

മുൻ റീജിണൽ ഡയറക്ടർ ഡോ. അലക്സ് മാത്യുവിന്റെ നേതൃത്വത്തിൽ പതാക ഘോഷയാത്രയും തുടർന്നു പ്രാർത്ഥനയും നടന്നു. സ്പോൺസർ ക്ലബ്ബായ ഫ്ലോറൽ പാർക്ക് പ്രസിഡന്റ് ചാർളി ജോണിന്റെ നേതൃത്വത്തിൽ ദീപം തെളിയിച്ചു ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. ഗ്ലെൻ ഒക്ക്സ് സെക്രട്ടറി പുതിയ അംഗങ്ങളെ വേദിയിലേക്ക് ക്ഷണിച്ചു, അവരുടെ ചാർട്ടർ രേഖകൾ കൈമാറി, റീജിണൽ ഡയറക്ടർ കോരസൺ അംഗങ്ങളെ ഇൻസ്റ്റാൾ ചെയ്തു. തുടർന്ന് , ഗ്ലെൻ ഓക്സ് ക്ലബ്ബ് പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ, സെക്രട്ടറി മാത്യു ജോഷ്വ, ട്രഷറർ അലക്സ് എസ്തപ്പൻ എന്നിവരെ അന്താരാഷ്ട്ര പ്രസിഡന്റ് എ. ഷാനവാസ് ഖാൻ പ്രതിജ്ഞ എടുപ്പിച്ചു സ്ഥാന മുദ്രകൾ അണിയിച്ചു. രാജ്യാന്തര സെക്രട്ടറി ജനറൽ ജോസ് വർഗീസ് ചാർട്ടർ രേഖ കൈമാറി.

ഗ്ലെൻ ഓക്സ് ക്ലബ്ബ് പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ സ്വീകരണ പ്രസംഗം നടത്തി. മുൻ ഏരിയ പ്രസിഡണ്ട് ഷാജു സാം, ഏരിയ പ്രസിഡണ്ട് ഇലക്ട് ജോസഫ് കാഞ്ഞമല, റീജിയണൽ ഡയറക്ടർ ഇലക്ട് ജോർജ്ജ് കെ ജോൺ, റീജിനൽ ട്രഷറർ ഷാജി സക്കറിയ, ക്ലബ്ബ് പ്രസിഡന്റുമാരായ ചാർളി ജോൺ, തോമസ് സാമുവൽ, വർഗീസ് പോത്താനിക്കാട്, ജോസ് മലയിൽ,കോർണേലിയസ് റൊസാരിയോ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. റീജിനൽ സെക്രട്ടറി ജിം ജോർജും യൂത്ത് ഡയറക്ടർ അലൻ അജിത്തും പരിപാടികൾ നിയന്ത്രിച്ചു. ഗ്ലെൻ ഓക്സ് ട്രഷറർ അലക്സ് എസ്തപ്പാൻ നന്ദി പറഞ്ഞു. തുടർന്നു ജേക്കബ് വർഗീസ് ഏകോപിപ്പിച്ച വെറൈറ്റി എന്റർടെയ്മെന്റ്സ് അരങ്ങേറി.















emalayalee.com


Y's Men International
NORTH ATLANTIC REGION
Faith Studio
516 418 8406


Faith Studio
516 418 8406




Y's Men International
NORTH ATLANTIC REGION

# ഫിലഡൽഫിയ സെന്റ് തോമസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് മികച്ച തുടക്കം



**ഉമ്മൻ കാപ്പിൽ**

ഫിലഡൽഫിയ (പെൻസിൽവേനിയ): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി / യൂത്ത് കോൺഫറൻസിന്റെ വിജയകരമായ കിക്കോഫ് മീറ്റിംഗ് നവംബർ 17 ന് ഫിലഡൽഫിയ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക വേദിയായി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ ഒരുമിച്ച് ചേരുന്ന ആധ്യാത്മീയ സമ്മേളനമാണ്. നാല് ദിവസം നീളുന്ന ഫാമിലി/ യൂത്ത് കോൺഫറൻസ്.

ഫാ. എം. കെ. കുറിയാക്കോസ് (വികാരി), ഫാ. സുജിത് തോമസ് (അസി. വികാരി), എന്നിവരുടെ സഹകാർമികത്വത്തിൽ നടന്ന കുർബാനയ്ക്കുശേഷം ഇടവക സെക്രട്ടറി ജോബിൻ റെജി ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. ജോൺ താമരവേലിൽ (ട്രഷറർ), ലിസ് പോത്തൻ (ജോയിന്റ് ട്രഷറർ), ജെയ്സി ജോൺ (സുവനീർ ചീഫ് എഡിറ്റർ), രാജൻ പടിയറ (പ്രൊസഷൻ കോർഡിനേറ്റർ), ദീപ്തി മാത്യു, ആഞ്ജലീന ജോഷ്വ, കെസിയ എബ്രഹാം, ഐറിൻ ജോർജ്ജ്, ജാസ്മിൻ കുര്യൻ, ജോഷിൻ എബ്രഹാം (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) ) എന്നിവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു. ജോബിൻ റെജി (ഇടവക സെക്രട്ടറി), അജിൻ ഏബ്രഹാം (ഇടവക ട്രഷറർ), ഭദ്രാസന അസംബ്ലി അംഗങ്ങളായ ബിന്നി ചെറിയാൻ, എബ്രഹാം വറുഗീസ് എന്നിവർ വേദിയിൽ ചേർന്നു.

ഉമ്മൻ കാപ്പിൽ തന്റെ ആമുഖ പ്രസംഗത്തിൽ, ഭദ്രാസനത്തിൻറെ വളർച്ചയ്ക്കും വികസനത്തിനുമായിട്ടുള്ള പുതിയ സംരംഭങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. സമ്പന്നമായ ഒരു ആത്മീയ അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കണമെന്ന് അദ്ദേഹം ഇടവകാംഗങ്ങളോട് അഭ്യർത്ഥിച്ചു.

തുടർന്ന് കോൺഫറൻസ് തീയതി , സ്ഥലം, പ്രാസംഗികർ എന്നിവയെക്കുറിച്ച് ദീപ്തി മാത്യു സംസാരിച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ നടപടികൾ വിശദീകരിച്ചു.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെ കുറിച്ച് ജെയ്സി ജോൺ സംസാരിച്ചു. സുവനീറിൽ ലേഖനങ്ങൾ, കഥകൾ, ചിത്രങ്ങൾ, പരസ്യങ്ങൾ, ആശംസകൾ എന്നിവ ഉൾപ്പെടുത്താൻ അവസരമുണ്ട്. കോൺഫറൻസിനെ പിന്തുണയ്ക്കാൻ ആകർഷകമായ സ്പോൺസർഷിപ്പ് അവസങ്ങളെപ്പറ്റി ലിസ് പോത്തൻ വിശദീകരിച്ചു. ഇടവകയുടെ ആദരണീയമായ പാരമ്പര്യം പിന്തുടർന്ന് എന്റർടൈൻമെന്റ് നൈറ്റിൽ പങ്കെടുക്കാൻ ജാസ്മിൻ കുര്യൻ ഇടവകാംഗങ്ങളെ ആഹ്വാനം ചെയ്തു. കെസിയ എബ്രഹാമും ആഞ്ജലീന ജോഷ്വയും മുൻ കോൺഫറൻസിൽ പങ്കെടുത്ത അനുഭവം പങ്കുവെക്കുകയും അനശ്വര സ്മരണകൾക്കായി പങ്കെടുക്കാൻ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഫാ. എം. കെ. കുറിയാക്കോസ് മുൻകാല സമ്മേളനങ്ങൾ നയിച്ചതിലും പങ്കെടുത്തതിലുമുള്ള തന്റെ സ്വന്തം അനുഭവത്തെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് എല്ലാവരേയും ഉദ്ബോധിപ്പിക്കുകയും ചെയ്തു.

ഫാ. എം. കെ. കുറിയാക്കോസും ഫാ. സുജിത് തോമസും രജിസ്ട്രേഷനും സുവനീറിന് ആശംസകളും നൽകി പിന്തുണ വാഗ്ദാനം ചെയ്തു. ഇടവകയെ പ്രതിനിധീകരിച്ച് ട്രഷറർ അജിൻ എബ്രഹാം സുവനീറിനുള്ള സംഭാവന കൈമാറി.

വർഗീസ് തോമസ് (Zindak Investments)) ഡയമണ്ട് ലെവൽ സ്പോൺസർ എന്ന നിലയിൽ തന്റെ പിന്തുണ വാഗ്ദാനം ചെയ്തു. ലിസ് & അലക്സ് പോത്തൻ ഗോൾഡ് സ്പോൺസർഷിപ്പും ലീലാമ്മ വർഗീസ് ഗ്രാൻഡ് സ്പോൺസർഷിപ്പും നൽകി. നൈനാൻ മത്തായി & മാത്യു സാമുവൽ (ലവ് ആൻഡ് ഗ്ലോറി ഹോം കെയർ സർവീസസ്), സുവർണ വർഗീസ് എന്നിവർ ബിസിനസ് പരസ്യങ്ങൾ നൽകി പിന്തുണ അറിയിച്ചു. കോൺഫറൻസിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തു സുവനീറിൽ വ്യക്തിപരമായ ആശംസകൾ ഉൾപ്പെടുത്തിക്കൊണ്ടും നിരവധി ഇടവക അംഗങ്ങൾ പിന്തുണ വാഗ്ദാനം ചെയ്തു.

ഫാമിലി കോൺഫറൻസിന് ഉദാരമായ പിന്തുണ നൽകിയ വൈദികർക്കും ഇടവക അംഗങ്ങൾക്കും കോൺഫറൻസ് ടീമിനെ പ്രതിനിധീകരിച്ച് ജോൺ താമരവേലിൽ നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ) , റവ. ഡീക്കൻ ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. ‘നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു’’(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.35666) എന്നിവരുമായി ബന്ധപ്പെടുക.




I am a proud FYC
Sponsor
#onthewayFYC2025




I am a proud FYC
Sponsor
#onthewayFYC2025










Brookhaven Heart
YOU are at the heart of everything we do
1-631-654-3278
Board-Certified Cardiologists in East Patchogue
New Hyde Park & Hicksville
Same Day Appointments
Evening Hours
Short Wait Times
Affordable Self Pay Fees
Satheesh Joseph MD
Adam Kruger MD
Bimal Patel MD
Deepu Alexander MD
Saurin Patel MD
Wasiq Rahman MD
Cardiac PET-CT Services
Quality Care
Exceptional Staff
Informed Patients
State-of-the-Art Treatment
Vein Clinic
Brookhaven Heart
PATCHOGUE OFFICE
Brookhaven Heart
325 East Main Street
Patchogue, NY 11772
Phone: (631) 654-3278
NEW HYDE PARK OFFICE
Brookhaven Heart PLLC
1710 Lakeville Rd
New Hyde Park, NY 11040
Phone:(516) 358-8100
HICKSVILLE OFFICE
Brookhaven Heart PLLC
380 South Broadway
Hicksville, NY 11801
Phone: 516-390-6288


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ചരിത്രം കുറിച്ച് ഫൊക്കാന അപ്പ്സ്റ്റേറ്റ് റീജിയൻ; ഉൽഘാടനവും കലാമേളയും വർണാഭമായി



ന്യു യോർക്ക്: വലിയ പങ്കാളിത്തവും ശ്രദ്ധേയമായ പ്രസംഗങ്ങളും മികച്ച കലാപരിപാടികളും കൊണ്ട് ഫൊക്കാന ന്യൂയോർക്ക് അപ്പ്സ്റ്റേറ്റ് റീജിയന്റെ (റീജിയൻ 3) പ്രവർത്തന ഉൽഘാടനവും കലാമേളയും വേറിട്ടതായി. സൗഹൃദകൂട്ടായ്മയുടെ ഏറ്റവും മികച്ച വേദി ഒരുക്കാൻ ആർ.വി.പി. ആന്റോ വർക്കിക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു. ഇത്തരമൊരു സംഗമം വളരെ വർഷങ്ങൾക്കിടയിൽ ആദ്യമാണെന്ന് പ്രാസംഗികരിൽ ചിലർ ചൂണ്ടിക്കാട്ടുകയും ചെയ്തു.

യോർക്ക് ടൌൺ ഹൈറ്റ്സിൽ സെന്റ് ഗ്രീഗോറിയോസ് ചർച്ചിന്റെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ആദ്യന്തം ഹൃദ്യമായ പരിപാടി. ചെണ്ടമേളത്തോടെ അതിഥികളെ വരവേറ്റു. സാജൻ മാത്യു ആമുഖ പ്രസംഗം നടത്തുകയും എംസി ഷൈനി ഷാജനെ പരിചയപ്പെടുത്തുകയും ചെയ്തു.

അമേരിക്കൻ ദേശീയഗാനം അലീന മാത്യുവും ഇന്ത്യൻ ദേശീയഗാനം അഖിൽ വിജയകുമാറും ആലപിച്ചു. ഫാ. നൈനാൻ ടി ഈശോ അനുഗ്രഹ പ്രഭാഷണം നടത്തി.

സൗഹൃദ സംഗമത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്ത ആർ.വി.പി ആന്റോ വർക്കി തന്നെ പിന്തുണച്ച എല്ലാവർക്കും നന്ദി പറഞ്ഞു. റീജിയണൽ തലത്തിലെ ഭാരവാഹികളെ മത്സരമില്ലാതെ തെരെഞ്ഞെടുക്കണമെന്ന നിർദേശവും അദ്ദേഹം മുന്നോട്ടു വച്ചു. റീജിയണൽ തലത്തിലാവുമ്പോൾ എല്ലാവരും സുഹൃത്തുക്കളും എന്നും കാണുന്നവരുമായിരിക്കും. അപ്പോൾ മത്സരം ഒരു കല്ലുകടിയായി കിടക്കും. ദേശീയ തലത്തിൽ എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കുന്നവരാണെങ്കിലും വിവിധ സ്റ്റേറ്റുകളിൽ നിന്നും കാനഡയിൽ നിന്നുമുള്ളവരാണ്. എന്നും കാണുന്നവരൊന്നുമല്ല. കലാപരിപാടികൾ അവതരിപ്പിക്കുന്ന ആറ് ഡാൻസ് സ്കൂളുകൾക്കും ഗായകർക്കും അദ്ദേഹം നന്ദി പറഞ്ഞു. ഓഡിറ്റോറിയം നൽകിയ സെന്റ് ഗ്രിഗോറിയസ് ചർച്ചിനും വികാരി ഫാ. നൈനാൻ ടി ഈശോക്കും നന്ദി പറഞ്ഞു.



ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, റോക്ക് ലാൻഡ് ലെജിസ്ളേറ്റർ ഡോ. ആനി പോൾ, ആന്റോ വർക്കി, മറ്റു ഭാരവാഹികൾ തുടങ്ങിയവർ നിലവിളക്ക് കൊളുത്തി പ്രവർത്തന ഉദ്ഘാടനം നിവഹിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ പ്രസംഗം സംഘടനയുടെ പ്രവർത്തന രൂപരേഖ വരച്ചു കാട്ടുന്നതായിരുന്നു

ഇലക്ഷൻ സമയത്ത് താനാണ് പറഞ്ഞ ഡ്രീം ഇന്ന് ഫൊക്കാന കുടുംബത്തിന്റെ ഡ്രീം ആണെന്ന് സജിമോൻ പറഞ്ഞു. നല്ലൊരു ഇലക്ഷൻ കഴിഞ്ഞു. ആന്റോ പറഞ്ഞപോലെ ഇലക്ഷനാകുമ്പോൾ ചിലർ ജയിക്കും ചിലർ തോൽക്കും. അതൊന്നും വലിയ കാര്യമല്ല. അതൊക്കെ അവിടെ തീർന്നു. അതിനു ശേഷം ഒറ്റ കുടുംബം എന്ന ആശയത്തിൽ അടിയുറച്ചു എല്ലാവരെയും ചേർത്തുനിർത്തി ഫൊക്കാന ജൈത്രയാത്ര തുടരുന്നു. ഇരുപതാമത്തെ ടീമിനെ ലീഡ് ചെയ്യാൻ എനിക്ക് ഭാഗ്യമുണ്ടായി. അതിനുമുമ്പ് ഇതിലൂടെ കടന്നുപോയ പത്തൊമ്പത് ടീം ലീഡേഴ്സിനെ ഓർക്കുന്നു. അവരെ നമിക്കുന്നു.





സ്റ്റാറ്റസ് ഓഫ് യൂണിയൻ ഓഫ് ഫൊക്കാന ഈസ് ഗ്രേറ്റ്. ഡ്രീമിനോടൊപ്പം പറഞ്ഞ രണ്ടാമത്തെ വാക്കാണ് കുടുംബം . അതോടൊപ്പം കൾച്ചർ അഥവാ സംസ്കാരം . നമ്മൾ ഇവിടെ വന്നത് ജോലി ചെയ്ത് കുടുംബത്തെ സംരക്ഷിക്കാനും സമൂഹത്തിനു നന്മ ചെയ്യാനുമാണ്. ഈ നാടിന് കോൺട്രിബ്യൂട്ട് ചെയ്യാനും വന്ന നാടിന് കോൺട്രിബ്യൂട്ട് ചെയ്യാനുമാണ്.

നമ്മുടെ സംസ്കാരം നിലനിർത്താനാണ് ഫൊക്കാനയെ പോലെയുള്ള കേന്ദ്ര സംഘടനകൾ. അതോടൊപ്പമുള്ള വാക്കാണ് സർവ്വീസ് അഥവാ സേവനം. നമ്മൾ ഓരോരുത്തരെയും ബന്ധിപ്പിക്കുന്ന വാക്ക്. സംസ്കാരവും സേവനവും എവിടെ ഉണ്ടോ അവിടെ മറ്റുള്ളവരോടുള്ള ആദരവ് ഉണ്ട്. അതില്ലാതെ പോകുമ്പോഴാണ് ചിലപ്പോൾ ചില ആളുകൾ ചില കോപ്രായങ്ങൾ കാട്ടി ഏതെങ്കിലും മീഡിയയിലൊക്കെ എഴുതി ഞെളിഞ്ഞിരിക്കുന്നത്. അതിനെയൊക്കെ പ്രോത്സാഹിപ്പിക്കരുത്. ഫൊക്കാനയിൽ 75 സംഘടനകൾ ഉണ്ട് . എട്ടോ പത്തോ പുതിയ സംഘടനകളുടെ അപേക്ഷ വരുന്നുണ്ട്.

കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനക്ക് ഒരു സ്ഥാനം ഉണ്ട്. നമുക്ക് ശേഷവും അത് ഉണ്ടാവും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെ എണ്ണം കൂടുന്നു. അത് പോലെ 200 ഓളം വനിതാ ലീഡേഴ്സിന്റെ ഒരു ടീമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരു കാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് 74 യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത്

ഫൊക്കാന മെഡിക്കൽ കാർഡ് രാജഗിരിക്കു പുറമെ പാല മെഡിസിറ്റി, ബിലീവേഴ്സ് ഹോസ്പിറ്റൽ തിരുവല്ല. എന്നിവയുമായി ധാരണയായി. രണ്ട് ഹോസ്പിറ്റൽ കൂടി ശ്രമിക്കുന്നു മാർത്താണ്ഡം ഹോസ്പിറ്റൽ തിരുവനന്തപുരം, കോഴിക്കോടുള്ള ബേബി മെമ്മോറിയൽ. അത് ഈ ഒരു മാസം കൊണ്ട് പൂർത്തിയാക്കി താങ്ക്സ് ഗിവിംഗ് സമ്മാനം അല്ലെങ്കിൽ ന്യൂഇയർ സമ്മാനമായി തുടങ്ങണമെന്നാണ് ആഗ്രഹം.

ഫൊക്കാന മെംബേഴ്സിനായി ക്ലബ് കാർഡ് ഉണ്ടാക്കുന്നുണ്ട്. ജോർജ് മലയിലിന്റെ നേതൃത്വത്തിൽ പത്തോളം ഹൈറ്റി ലീഡേഴ്സ് അറ്റ്ലാന്റയിൽ അതിനായി പ്രവർത്തിക്കുന്നു. അത് വഴി മെമ്പേഴ്സിന് കുറച്ചു ആനുകൂല്യങ്ങൾ കിട്ടും. യു.എസിലും കേരളത്തിലും

മൂന്നാമത്തേത് ഫൊക്കാന ഹെൽത്ത് ക്ലീനിക്കാണ്. അതിനു പ്രശ്നങ്ങളുണ്ട്. വിസിറ്റിംഗ് വിസയിൽ വരുന്നവർക്കും ഇൻഷുറൻസ് ഇല്ലാത്തവർക്കും ഒക്കെ വേണ്ടിയാണത്. എ.കെ.എം.ജിയുമായി സംസാരിച്ചപ്പോൾ ഇവിടെയൊക്കെ വന്നാൽ വഴക്കാണ് എന്നായിരുന്നു മറുപടി. അവരില്ലെങ്കിലും നമുക്ക് ചെയ്യാം. ഇവിടെയിരിക്കുന്നവരിൽ തന്നെ നഴ്സ് പ്രാക്ടീഷ്ണർ, മെഡിക്കൽപ്രാക്ടീഷ്ണർ, ഡയഗ്നോസിസ് സെന്റർ നടത്തുന്ന ഒത്തിരി പേരുണ്ടെന്ന് എനിക്കറിയാം. ആ ടീം ഉണ്ടായികൊണ്ടിരിക്കു





കയാണ്. ഇനിയും ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ കുറച്ചു സമയം ഫൊക്കാനയ്ക്കുവേണ്ടി മാറ്റിവച്ചാൽ വളരെ നല്ലതായിരിക്കും.

എവിടെയൊക്കെ സംഘടനകൾക്ക് ഓഫീസുണ്ടോ അവിടെയൊക്കോ ആഴ്ചയിലോ മാസത്തിലോ ഒരു ക്ലിനിക്ക് ചെയ്യാം എന്ന ആശയത്താൽ ആണ് മുന്നോട്ടു പോകുന്നത് .

ഇന്ന് കംപ്യൂട്ടറിലും മറ്റും നോക്കിയിരുന്നു ഒരുപാട് പേർ ഇന്ട്രോവേർട്ട് ആയി. പലർക്കും കമ്മ്യൂണിക്കേഷൻ കഴിവ് ഇല്ല. അതിനൊരു പരിഹാരമെന്ന നിലയിൽ ടോസ്റ് മാസ്‌ടെഴ്‌സുമായി സഹകരിച്ച് ക്ളാസുകൾ ആരംഭിക്കും.

ഇപ്പോൾ നമ്മുക്ക് ലീഗൽ ടീമുണ്ട്. ഇനി ഫൊക്കാനയ്ക്ക് എതിരെ ഒരു കേസ് വന്നാലും ആർക്കെങ്കിലും എതിരെ കേസ് കൊടുക്കേണ്ടി വന്നാലും നമ്മൾ പുറകോട്ട് പോകില്ല. ന്യായത്തിന്റെ കൂടെയാണെങ്കിൽ അതിന് നമ്മുടെ പിന്തുണ ഉണ്ടായിരിക്കും. അതിനുള്ള ലീഗൽ ടീം ഫൊക്കാനയ്ക്കുണ്ട്. കാരണം ചില കാര്യങ്ങൾ സമയത്ത് ചെയ്യാത്തതുകൊണ്ട് നമ്മൾ കുരിശിലേറ്റപ്പെട്ടിട്ടുണ്ട്. അത് ഇനി ഈ ടീമിനോ ഇനി വരാൻ പോകുന്ന ടീമിനോ ഉണ്ടാകാൻ അനുവദിക്കില്ല.

ഫൊക്കാന ഒന്നേ ഉള്ളൂ. അനാവശ്യമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ പുറത്തു നിർത്തണം-സജിമോൻ വ്യക്തമാക്കി.

ഡോ. ആനി പോളിന്റെ സന്ദേശത്തിൽ നേട്ടങ്ങളിലേക്കുള്ള പ്രയാണത്തിന് ഫൊക്കാനക്കുള്ള കരുത്ത് എടുത്തു കാട്ടി. ഈ സംഘടനയിലൂടെയാണ് താനും രാഷ്ട്രീയ രംഗത്ത് വന്നത്. കൂടുതൽ പേർ അതിനായി മുന്നിട്ടിറങ്ങണം. സജിമോൻ ആന്റണിയും ടീമും 22 ഇന പരിപാടിയുടെ എണ്ണം കൂട്ടുന്നു എന്നത് ചാരിതാർഥ്യ ജനകമാണ്.

പ്രശ്നങ്ങൾ നേരിടുന്നവർക്ക് ബന്ധപ്പെടാനായി ഒരു ഔട്ടറീച്ച് പേഴ്സണെ നിയോഗിക്കുന്നത് നല്ലതായിരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടു. ആരെ ബന്ധപ്പെടണം എന്ന് ഇപ്പോൾ വ്യക്തമല്ല. കമ്യൂണിക്കേഷൻ മെ




ച്ചപ്പെടുത്താനുള്ള സഹായം ഏറെ പ്രശംസ അർഹിക്കുന്നതാണ് അവർ പറഞ്ഞു.

ആശംസ അർപ്പിച്ച മുൻ പ്രസിഡന്റും ഫൊക്കാന ഇന്റർനാഷണൽ ചെയറുമായ പോൾ കറുകപ്പള്ളി പോയ കാലങ്ങളും ഭാവിയുടെ പ്രതീക്ഷകളും പങ്കുവച്ചു. താൻ രണ്ടു തവണ പ്രസിഡന്റായപ്പോൾ നേരിട്ട പ്രശ്നങ്ങൾ പലർക്കും അറിയില്ല. മത്സരമാണ് ഫൊക്കാനയെ ശക്തിപ്പെടുത്തുന്നത്. കഴിഞ്ഞ തവണ മത്സരത്തിന് 68 പേർ വന്നു. എന്നും മത്സരം ഉണ്ടാവും.

ആൽബനി കൺവൻഷനിൽ ഏറെ സഹായം ചെയ്ത ഫിലിപ്പോസ് ഫിലിപ് 2026-28 വർഷത്തെ പ്രസിഡന്റായി മത്സരിക്കുന്നു. ഹഡ്‌സൺ വാലി മലയാളി അസോസിയേഷനും റീജിയനും അദ്ദേഹത്തെ തുണക്കുന്നു. ലീല മാരേട്ട് മത്സരിക്കുന്നില്ല എന്ന് ഉറപ്പു വരുത്തിയ ശേഷമാണ് താൻ ഫിലിപ്പോസിനെ അനുകൂലിച്ചത്- പോൾ ചൂണ്ടിക്കാട്ടി.

ആശംസ പ്രസംഗത്തിൽ ഫിലിപ്പോസ് ഫിലിപ്പ് (ദേശീയ നിയമകാര്യ അധ്യക്ഷൻ) റീജിയണൽ സമ്മേളനം ഇത്ര വിപുലമായി നടത്തുന്നത് അടുത്ത കാലത്തൊന്നും കണ്ടിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി. അതിനു ഭാരവാഹികളെ അഭിനന്ദിക്കുന്നു.

ഫൊക്കാന ഒന്നേയുള്ളൂ. ഫൊക്കാനയുടെ ട്രേഡ് മാർക്കും ഫൊക്കാനയുടേതാണ്. അത് മറ്റാർക്കും എടുക്കാനാവില്ല. ചില സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് ലോഗോ ഇപ്പോൾ സ്റ്റേജിലെ ബോർഡിൽ കാണാത്തത്.

അമേരിക്കൻ മലയാളികൾക്ക് വേണ്ടി ഫൊക്കാന എക്കാലത്തും മുൻ നിരയിൽ ഉണ്ടാവും. വയനാട് ഉരുൾപൊട്ടൽ സമയത്തും കുവൈത്തിലെ തീപിടിത്തത്തിലും ഫൊക്കാന സഹായവുമായി എത്തിയതും അദ്ദേഹം ചൂണ്ടിക്കാട്ടി. 35 വർഷത്തെ സംഘടനാ പ്രവർത്തന പാരമ്പര്യവുമായാണ് തൻ ഫൊക്കാന പ്രസിഡന്റ് സ്ഥാനത്ത് മത്സരിക്കാൻ തീരുമാനിച്ചതെന്നും ഫിലിപ്പോസ് ഫിലിപ് ചൂണ്ടിക്കാട്ടി.

ജോയ് ചാക്കപ്പൻ (ഫൊക്കാന ട്രഷറർ),




IN NORTH AMERICA


FOKANA
FEDERATION OF KERALA


FOKANA




FOKANA


FOKANA
KERALA ASSOCIATIONS
STATE REGION














FOKANA



# ഫൊക്കാന വിമൻസ് ഫോറം ഉദ്ഘാടനം പ്രൗഢഗംഭീരമായി



ഫൊക്കാന വിമൻസ് ഫോറത്തിന്റെ ഉദ്ഘാടനം ന്യൂ യോർക്ക് അപ്പ്സ്റ്റേറ്റ് റീജിയന്റെ (റീജിയൻ 3) പ്രവർത്തന ഉൽഘടനത്തോടനുബന്ധിച്ച് പ്രൗഢഗംഭീരമായി നടന്നു. റോക്‌ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ . ഡോ. ആനി പോളാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്.

മറ്റു സ്റ്റേറ്റുകളിൽ നിന്നുള്ള അംഗങ്ങൾ പോലും ഉദ്ഘാടന കർമ്മത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്നതിന് ഫോറം ചെയറായ രേവതി പിള്ള ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചു. ഫോറം അംഗങ്ങളായായ സുബി ബാബു, സരൂപ അനിൽ എന്നിവർ എംസിമാരായിരുന്നു. ഒട്ടേറെ വനിതാ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

നടി മന്യ നായിഡുവിനെ ചടങ്ങിൽ ആദരിക്കുകയും ചെയ്തു. അവരുടെ അസാന്നിധ്യത്തിൽ ഫലകം ഡോ. ആനി പോളിൽ നിന്ന് രേവതി പിള്ള സ്വീകരിച്ചു.





ഈ മഹത്തായ ചടങ്ങിൽ പങ്കെടുക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഡോ. ആനി പോൾ പറഞ്ഞു. വിമൻസ് ഫോറം ചെയർ രേവതി പിള്ളയെ അഭിനന്ദിക്കുന്നു. ഒപ്പം ടീമിനെയും. വനിതാ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നിരവധി പ്രോഗ്രാമുകൾ നടത്താൻ നിങ്ങൾക്ക് പദ്ധതിയുണ്ടെന്ന് എനിക്ക് ഉറപ്പുണ്ട്.

ഫൊക്കാന പ്രസിഡന്റ് ഡോ. സജീമോൻ ആന്റണിക്ക്

ഫൊക്കാനയെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ട്. നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാനും ആ ലക്ഷ്യങ്ങൾ കൈവരിക്കാനും കഴിയും. ടീം വർക്ക് ആണ് സ്വപ്നത്തെ സഫലമാക്കുന്നത്.

ഫൊക്കാനയിൽ വിമൻസ് ഫോറം ചെയർ ഉൾപ്പെടെ നിരവധി സ്ഥാനങ്ങൾ ഞാൻ വഹിച്ചിട്ടുണ്ട്. പ്രാദേശിക നേതൃത്വത്തിലേക്കും രാഷ്ട്രീയത്തിലേക്കും വരാൻ അത് എന്നെ പ്രോത്സാഹിപ്പിച്ചു. നമ്മുടെ സമൂഹത്തിൽ നിന്ന് കൂടുതൽ രാഷ്ട്രീയ നേതാക്കളെ നമുക്ക് ആവശ്യമുണ്ട്. നമ്മൾ പരസ്പരം പ്രോത്സാഹിപ്പിക്കുകയും പരസ്പരം സഹായിക്കുകയും വേണം. താമസിക്കുന്ന കമ്മ്യൂണിറ്റി നൽകുന്ന നന്മക്ക് തിരികെ നൽകുവാൻ നമുക്ക് ബാധ്യതയുണ്ട്. ആദ്യം ചെയ്യേണ്ടത് സമൂഹത്തിൽ ഇടപെടുക എന്നതാണ്. വോളന്ററി വർക്ക് ആരംഭിക്കുക എന്നതാണ് ഏറ്റവും നല്ല കാര്യം..







സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ മുന്നിട്ടിറങ്ങുന്ന ഈ വനിതാ നേതാക്കൾക്കും ഫൊക്കാന നേതാക്കന്മാർക്കും അഭിനന്ദനം. നല്ല സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള മാറ്റത്തിന്റെ ഏജന്റുമാരാണ് സ്ത്രീകൾ. എല്ലാവർക്കും പ്രയോജനകരമാകുന്ന ക്രിയാത്മകവും പരിവർത്തനപരവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ അവർക്ക് കഴിവുണ്ട്.





ജീവിതത്തിൽ എല്ലാവരും വെല്ലുവിളികളും പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു. എങ്കിലും പിന്മാറരുത്. ചൂട് വെള്ളത്തിൽ വീഴുമ്പോഴാണ് ടീ ബാഗിന്റെ കടുപ്പം മനസിലാക്കുക. വെല്ലുവിളികളെ ആവേശത്തോടെ സമീപിക്കാൻ പോസിറ്റീവ് മാനസികാവസ്ഥ സഹായിക്കും . വെല്ലുവിളികളെ അവസരങ്ങളിലേക്കുള്ള ചവിട്ടുപടികളായി സ്വീകരിക്കുക, മാറ്റങ്ങൾക്ക് പൊരുത്തപ്പെടാൻ കഴിയുന്നവരായിരിക്കുക, ജിജ്ഞാസുക്കളായിരിക്കുക, അജ്ഞാതമായതിനെ പേടിച്ചു പിന്മാറാതിരിക്കുക.

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ പറഞ്ഞു, നിങ്ങൾക്ക് പറക്കാൻ കഴിയുന്നില്ലെങ്കിൽ ഓടുക, നിങ്ങൾക്ക് ഓടാൻ കഴിയുന്നില്ലെങ്കിൽ നടക്കുക, നിങ്ങൾക്ക് നടക്കാൻ കഴിയുന്നില്ലെങ്കിൽ ഇഴയുക, എന്നാൽ മുന്നോട്ട് തന്നെ പോകുക. പിന്മാറാതെ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുക .

മികച്ച പ്രവർത്തനം നടത്തിയതിന് ഈ ഊർജ്ജസ്വലരായ വനിതാ നേതാക്കളോടും ഫൊക്കാന നേതാക്കളോടും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു-ആനി പോൾ പറഞ്ഞു

രേവതി പിള്ളയുടെ പ്രസംഗം ഏറെ ശ്രദ്ധേയമായിരുന്നു. സ്ത്രീകൾക്ക് തങ്ങളുടെ മുഴുവൻ കഴിവും പുറത്തെടുക്കാൻ അവരെ പിന്തുണയ്ക്കുകയും ആവശ്യമുള്ളവർക്ക് സഹായഹസ്തം നീട്ടുകയുമാണ് ഫൊക്കാന വിമൻസ് ഫോറത്തിന്റെ പ്രാഥമിക ലക്ഷ്യമെന്നവർ ചൂണ്ടിക്കാട്ടി. 'സ്ത്രീകളുടെ കാഴ്ചപ്പാട്, വിദ്യാഭ്യാസം, ശാക്തീകരണം എന്നിവയ്ക്ക് ഊന്നൽകൊടുത്തുകൊണ്ടുള്ള പ്രവർത്തനം ഫോറം കാഴ്ചവയ്ക്കും. ശാക്തീകരണം എന്നത് ഒരു തിരഞ്ഞെടുപ്പല്ല, ആവശ്യമാണ്. യഥാർത്ഥ ശാക്തീകരണം ആരംഭിക്കുന്നത് സ്ത്രീകൾ തങ്ങളുടെ സ്വത്വത്തെ തിരിച്ചറിയുന്നതിലൂടെയാണ്.







സാമ്പത്തിക സ്വാതന്ത്ര്യമാണ് ശാക്തീകരണത്തിന്റെ അടിസ്ഥാന ശിലയെന്ന വിശ്വാസമാണ് ഫോറത്തിനുള്ളത്. സ്ത്രീകൾക്ക് അവരുടെ സാമ്പത്തിക കാര്യങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുമ്പോൾ, അവർക്ക് അവരുടെ ഭാവിയിൽ നിയന്ത്രണം ഉണ്ടാകും. ഇത് മനസ്സിൽ വെച്ചുകൊണ്ട്, സ്ത്രീകളെ അവരുടെ ജോലിസ്ഥലങ്ങളിലും സമൂഹത്തിന്റെ നാനാതുറകളിലും വിജയിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ നടപ്പാക്കുകയാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രാദേശിക വനിതാ ഫോറത്തിന്റെ നിരവധി പ്രഖ്യാപനങ്ങൾ നിങ്ങൾ കണ്ടിരിക്കാം. ഇതൊരു തുടക്കം മാത്രമാണ്. കരുത്തുറ്റ ഒരു ശൃംഖല കെട്ടിപ്പടുക്കുന്നത് ഇങ്ങനെയാണ്. ഈ സംരംഭത്തിന്റെ ഏറ്റവും പ്രചോദനം നൽകിയത് ന്യൂയോർക്ക് മുതൽ ജോർജിയ, ഫ്‌ലോറിഡ മുതൽ ചിക്കാഗോ, പെൻസിൽവാനിയ, ന്യൂജേഴ്സി, കാനഡ വരെ വിവിധ ഇടങ്ങളിലുള്ള കമ്മ്യൂണിറ്റി നേതാക്കളുടെ കാഴ്ചപ്പാടും അഭിനിവേശവും ആഴത്തി



ലുള്ള പ്രതിബദ്ധതയുമാണ്.

വിദ്യാഭ്യാസം ഒരു പ്രധാന സ്തംഭമാണെങ്കിലും, അതിനപ്പുറത്തേക്ക് സ്ത്രീകൾ ഇന്ന് അഭിമുഖീകരിക്കുന്ന പലതരം വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഫൊക്കാന വിമൻസ് ഫോറം സമർപ്പിതമാണ്. സ്ത്രീകളുടെ അവകാശങ്ങൾക്കും തുല്യ അവസരങ്ങൾക്കുമായി ഞങ്ങൾ ശക്തമായി വാദിക്കുകയും, ഓരോ സ്ത്രീക്കും അന്തസ്സോടെയും സുരക്ഷിതത്വത്തോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കാൻ കഴിയുന്ന സംവിധാനം ഉറപ്പാക്കുകയും ചെയ്യും. പ്രൊഫഷണലുകളെ കെട്ടിപ്പടുക്കാനും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കാനും കഴിയുന്ന കരിയർ വികസനം ഞങ്ങളുടെ മുൻഗണനകളിൽ ഒന്നാണ്. മാനസികാരോഗ്യ അവബോധം, പരിചരണം എന്നിവയ്ക്കും ശ്രദ്ധ നൽകും. ഞങ്ങൾ ഈ യാത്ര ആരംഭിക്കുമ്പോൾ, ഞങ്ങളോടൊപ്പം ചേരാൻ നിങ്ങളെ ഓരോരുത്തരെയും ഞാൻ ക്ഷണിക്കുന്നു.



വനിതാ ഫോറത്തിന്റെ ചടങ്ങുകളിൽ പുരുഷന്മാർ അപൂർവ്വമായി മാത്രമേ പങ്കെടുക്കാറുള്ളൂ. എന്തുകൊണ്ടെന്നറിയില്ല. ഇത് സ്ത്രീകളുടെ പ്രശ്നമാണെന്ന് നിങ്ങൾ കരുതും, അതിനാൽ ഞങ്ങൾ പങ്കെടുക്കേണ്ടതില്ല എന്ന് ചിന്തിക്കും. അത് ശരിയല്ല. കാരണം, പുരുഷന്മാരെന്ന നിലയിൽ, നിങ്ങളുടെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സ്ത്രീകളുടെ സാമീപ്യം ഉണ്ട്. നിങ്ങൾക്ക് ചുറ്റും നോക്കിയാൽ അമ്മ, നിങ്ങളുടെ സഹോദരി, നിങ്ങളുടെ മകൾ, നിങ്ങളുടെ ഭാര്യ, സഹപ്രവർത്തകർ, ജോലിക്കാർ എന്നിങ്ങനെ ധാരാളം സ്ത്രീകളെ കാണാം. അതിനാൽ അവരുടെ വെല്ലുവിളികൾ മനസ്സിലാക്കുകയും അവരെ പിന്തുണയ്ക്കുകയും ചെയ്യുക എന്നത് പുരുഷന്മാരുടെ അടിസ്ഥാന കടമകളിൽ ഒന്നാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ നിങ്ങളുടെ പിന്തുണയും പ്രോത്സാഹനവും സജീവമായ പങ്കാളിത്തവും ഈ ഫോറത്തിന്റെ അടിത്തറയാകും. വരും തലമുറകൾക്ക് പ്രതീക്ഷയുടെയും പുരോഗതിയുടെയും പ്രകാശഗോപുരമായി വർത്തിക്കാൻ നമ്മുടെ ഫോറം പ്രാപ്തമാകട്ടെ.

ഈ മനോഹരമായ ഉദ്ഘാടന പരിപാടിക്ക് ആതിഥേയത്വം വഹിച്ച ന്യൂയോർക്ക് മേഖലയ്ക്കും ആന്റോ വർഗീസ്, ഷൈനി സാജൻ, മത്തായി ചാക്കോ തുടങ്ങിയവർക്കും മറ്റ് നിരവധി പ്രാദേശിക നേതാക്കൾക്കും അവരുടെ ടീമിനും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വനിതാ ഫോറം ഉദ്ഘാടനം ചെയ്തതിന് ഡോ. ആനി പോളിനും നന്ദി. ‘

# ശശിധരൻ നായർക്കു മന്ത്ര 'ഭീഷ്മാചാര്യ' പുരസ്കാരം

**രഞ്ജിത് ചന്ദ്രശേഖർ**

അമേരിക്കയിലെ മലയാളീ  സംഘടനാ രംഗത്ത് ഇതിഹാസ തുല്യമായ സ്ഥാനം വഹിക്കുന്ന ശ്രീ ശശിധരൻ നായർക്കു മന്ത്ര (മലയാളീ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദുസ് ) ഭീഷ്മാചാര്യ പുരസ്കാരം സമ്മാനിച്ചു.

അമേരിക്കയിലെ മലയാളീ  സമൂഹത്തിനു സംഘടനാ രംഗത്ത് നൽകിയ സമാനതകൾ ഇല്ലാത്ത  സംഭാവനകൾ പരിഗണിച്ചു നൽകിയ പ്രസ്തുത പുരസ്കാരം  പ്രമുഖ കലാകാരനും ആർട്സ് അധ്യാപകനും, ഷാർലറ്റിലെ നൂറു കണക്കിന് കുട്ടികൾക്ക് ക്ലാസ് എടുക്കുന്ന സ്റ്റുഡിയോ ഓഫ് വിഷൽ ആർട്സ് ന്റെ ഉടമയുമായ ശ്രീ ഗിരീഷ് നായരിൽ നിന്ന് ഏറ്റു വാങ്ങി. ഷാർലറ്റിൽ വച്ചു നടന്ന ശിവോഹം കൺവെൻഷൻ ശുഭാരംഭം ചടങ്ങിൽ ആണ് അദ്ദേഹം പുരസ്കാരം ഏറ്റു വാങ്ങിയത്.

മന്ത്രയുടെ ഹ്യൂസ്റ്റൻ കൺവെൻഷന്റെ വിജയത്തിനു പിന്നിലെ ചാലക ശക്തിയായി നില കൊണ്ട ശ്രീ ശശി ധരൻ നായരെ പോലെയുള്ളവരെ ആദരിക്കുന്നതിൽ അഭിമാനിക്കുന്നു വെന്ന് പ്രസിഡന്റ് ശ്രീ ശ്യാം ശങ്കർ അറിയിച്ചു

.സമഗ്രവും വ്യത്യസ്തവുമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു മുന്നോട്ടു പോകാൻ വേണ്ട കാര്യ പ്രാപ്തി ഉള്ള യുവാക്കൾക്കു മുൻതൂക്കം ഉള്ള ശക്തമായ നേതൃ നിര മന്ത്രക്കു കൈമുതലായുണ്ട്  എന്ന് മറുപടി പ്രസംഗത്തിൽ ശ്രീ ശശി ധരൻ നായർ അഭിപ്രായപ്പെട്ടു


1979 ൽ  ഹ്യൂസ്റ്റണിൽ എത്തിയ അദ്ദേഹം പിന്നീട് സംഘടനാ പ്രവർത്തനങ്ങളിൽ വ്യാപതൻ ആയി..അദ്ദേഹത്തിന്റെ സാമൂഹ്യ പ്രവർത്തനങ്ങളിൽ എക്കാലത്തും ഭാര്യ ശ്രീമതി പൊന്നമ്മ നായർ  മികച്ച പിന്തുണ നൽകുന്നു .ഫോമാ ,ഫൊക്കാന ,കെ എച് എസ് ,കെ എച് എൻ എ ,കേരളാ കൾച്ചറൽ അസോസിയേഷൻ ഹ്യൂസ്റ്റൺ ,മലയാളീ അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹ്യൂസ്റ്റൺ തുടങ്ങീ അസംഖ്യം  സംഘടനകളുടെ പ്രെസിഡന്റ് സ്ഥാനം വഹിച്ച അദ്ദേഹം ഫോമയുടെയും ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം നിർമാണം  സാധ്യമാക്കിയ  കെ എച് എസിന്റെയും സ്ഥാപക പ്രസിഡന്റ് കൂടിയാണ് .

ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ പ്രാരംഭ ഘട്ടം മുതൽ  നേതൃ നിരയിൽ ട്രസ്റ്റീ ബോർഡ് ചെയർമാൻ ഉൾപ്പടെയുള്ള പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം വിവിധ കമ്മിറ്റികളിൽ നിസ്തുലമായ സേവനം അനുഷ്ഠിച്ചു വരുന്നു .അമേരിക്കയിലെ ഹൈന്ദവ ദേശീയ സംഘടനാ രംഗത്ത് വെല്ലുവിളികൾ നിറഞ്ഞ പല സാഹചര്യങ്ങളെയും നേരിട്ട് ഹ്യൂസ്റ്റണിൽ വിജയകരമായ കൺവെൻഷൻ നടത്തിയ പരിണിത പ്രജ്ഞൻ ആയ നേതാവ് കൂടി ആണ്  അദ്ദേഹം .

മലയാളി ബിസിനസ് സംരഭകരിൽ അമേരിക്കയിലെ തന്നെ ശ്രദ്ധേയമായ വ്യക്തിത്വത്തിനുടമയാണ് ശ്രീ ശശിധരൻ നായർ .മൂന്ന് പതിറ്റാണ്ടിൽ ഏറെയായി ബിസിനസ് രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച അദ്ദേഹം നിരവധി സംരഭങ്ങൾക്കു ചുക്കാൻ പിടിച്ചു .ഹെൽത്ത് കെയർ രംഗത്തും റിയൽ എസ്റ്റേറ്റ് രംഗത്തും ഒരു പോലെ തിളങ്ങിയ അദ്ദേഹം പിന്നീട് സംഘടനാ രംഗത്തും തന്റെ സാന്നിധ്യം ശക്തമാക്കികൊണ്ടു നിറഞ്ഞു നിൽക്കുന്നു .

ചരിത്രം സൃഷ്ടിച്ച  സംഘടനാ രംഗത്തെ നാലു പതിറ്റാണ്ടിലേറെയുള്ള അദ്ദേഹത്തിന്റെ അനുഭവ പരിചയം മന്ത്രക്കു കരുത്തു പകരും എന്ന് വിലയിരുത്തപ്പെടുന്നു .വിവിധ സംഘടനകൾ സങ്കീർണമായ സാഹചര്യങ്ങളിൽ കടന്നു പോയപ്പോൾ തന്റെ നേതൃ പാടവത്തിന്റെ മികവിൽ അതിനെ അതി ജീവിച്ച പാരമ്പര്യമുള്ള വ്യക്തിത്വത്തിനുടമയായ അദ്ദേഹത്തിന്റെ അഡ്വൈസറി ബോർഡിലെ സാന്നിധ്യം  ,മന്ത്രയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിന് മാർഗ ദീപം ആയിരിക്കും എന്ന് മന്ത്രയുടെ വിവിധ ഭാരവാഹികൾ അഭിപ്രായപ്പെട്ടു




HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# സി.വി. വളഞ്ഞവട്ടത്തിന്റെ 'സ്വപ്നങ്ങളുടെ കാമുകൻ' നോവലിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു

**രാജു മൈലപ്രാ**

പ്രശസ്ത സാഹിത്യകാരൻ സി.വി. വളഞ്ഞവട്ടത്തിന്റെ "സ്വപ്നങ്ങളുടെ കാമുകൻ" എന്ന നോവലിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു.


നവംബർ 17-ന് തിരുവല്ല വളഞ്ഞവട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ദേവാലയത്തിൽ കൂടിയ അനുമോദന സമ്മേളനത്തിൽ ഇടവക വികാരി റവ.ഫാ. ജോൺ ചാക്കോ, ബഹുമാനപ്പെട്ട റവ.ഫാ. എ.റ്റി വർഗീസിന് സമർപ്പിച്ച പുസ്തകം, മാനേജിംഗ് കമ്മിറ്റി മെമ്പർ ശ്രീ മത്തായി ടി. വറുഗീസിന് നൽകിക്കൊണ്ട്, അദ്ദേഹം പ്രകാശന കർമ്മം നിർവഹിച്ചു.

കഴിഞ്ഞ രണ്ട് ദശകങ്ങളിലധികമായി ന്യൂയോർക്കിലെ സ്റ്റാറ്റൻഐലൻഡിൽ സ്ഥിരതാമസമായിരുന്ന അദ്ദേഹം ഇപ്പോൾ, തിരുവല്ല വളഞ്ഞവട്ടത്ത് റിട്ടയർമെന്റ് ജീവിതം നയിക്കുന്നു.



അമേരിക്കൻ മലയാളികൾക്ക് സുപരിചിതനായ ശ്രീ വളഞ്ഞവട്ടം സ്റ്റാറ്റൻ ഐലന്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ്, സ്റ്റാറ്റൻഐലന്റ് സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് ട്രഷറർ, അമേരിക്കൻ ഭദ്രാസന കമ്മിറ്റി അംഗം, ഫൊക്കാനയുടെ പ്രഥമ കമ്മിറ്റിയിലെ അംഗം, അമേരിക്കയിലെ ആദ്യകാല മലയാള പ്രസിദ്ധീകരണമായ "അശ്വമേധ"ത്തിന്റെ സബ് എഡിറ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ വിവിധ ജീവിതാനുഭവങ്ങൾ, ഹൃദയസ്പർശിയായി അവതരിപ്പിച്ചിട്ടുള്ള ഈ നോവലിന്റെ അമേരിക്കൻ പ്രകാശനം 2025 ഏപ്രിൽ മാസത്തോടുകൂടി നടത്തപ്പെടുന്നതാണ്






# റോക്ക്‌ലാൻഡിൽ സെയിന്റ്സ് സിംഫണി ടാലന്റ് ഷോ വർണാഭമായി



ന്യൂയോർക്ക് : റോക്ക്‌ലാൻഡ് കൗണ്ടിയിലുള്ള സെയിന്റ്സ് സിംഫണി പിയാനോ&മ്യൂസിക് സ്കൂളിന്റെ നേതൃത്വത്തിൽ താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോ അതിപ്രൗഢമായി നടത്തപ്പെട്ടു. 2013-ൽ സ്ഥാപിതമായ സ്കൂളിന്റെ വാർഷികാഘോഷങ്ങൾ പിന്നീടുള്ള എല്ലാ വർഷവും നവംബർ മാസത്തിൽ താങ്ക്സ് ഗിവിംഗിനോടനുബന്ധിച്ച്, ടാലന്റ് ഷോ ആയി നടത്തി വരുന്നു. വിദ്യാർത്ഥികളുടെ പഠനത്തോടനുബന്ധിച്ചുള്ള പ്രസ്തുത കലാപരിപാടികളിലൂടെ, അവരുടെ നൈസർഗീകമായ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വേദിയായിട്ട് താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോ അവസരം ഒരുക്കുന്നു.

സെയിന്റ്സ് സിംഫണി വിദ്യാർത്ഥികൾ ഇവാന ഉമ്മൻ, മറിയ ജോർജ്, അലൈന വർഗീസ്, ശ്രേയ സാബു എന്നിവരുടെ അമേരിക്കൻ-ഇൻഡ്യൻ ദേശീയ ഗാനങ്ങളോടെ ആരംഭിച്ച ടാലന്റ് ഷോയിൽ പിയാനോ റിസൈറ്റൽ, ഗാനാലാപനങ്ങൾ, നൃത്തങ്ങൾ തുടങ്ങിയ കലാവാസനകൾ ഇടതടവില്ലാതെ വേദിയിൽ അരങ്ങേറിയത് ഹൃദ്യവും കർണ്ണാനന്ദകരവും ആയിരുന്നു.

മുഖ്യാതിഥികളെയും, വിദ്യാർത്ഥികളെയും മാതാപിതാക്കളെയും മറ്റ് അഭ്യുദയകാംക്ഷികളേയും സ്കൂൾ ഡിറക്ടർ ജേക്കബ് ജോർജ് സ്വാഗതം ചെയ്തു. മുഖ്യാതിഥി റോക്ലാൻഡ് കൗണ്ടി ലജിസ്ലേച്ചർ, ഡോ. ആനി പോൾ, തന്റെ ഉദ്ഘാടന പ്രസംഗത്തിൽ വിദ്യാർത്ഥികളിലുള്ള കലാവാസനയെ പ്രോത്സാഹിപ്പിക്കേണ്ടുന്നതിന്റെ ആവശ്യകതയും, അതിനായി മാതാപിതാക്കൾ എടുക്കേണ്ടുന്ന പരിശ്രമത്തിന്റെ പ്രാധാന്യവും എടുത്തു പറയുകയുണ്ടായി. കുഞ്ഞുങ്ങളിൽ നല്ല ശീലങ്ങൾ പരിശീലിക്കപ്പെടുകയും ഒപ്പം അവരുടെ ബുദ്ധിവികാസത്തിന് ഉതകുന്ന പഠനരീതിയുമാണ് ഇതിലൂടെ സാദ്ധ്യമാകുന്നത് എന്നും ഊന്നിപ്പറഞ്ഞു.

റവ.ജോൺ ഡേവിഡ്സൺ ജോൺസൻ, റവ.ഫാ. ജോബ്സൺ കോട്ടപ്പുറത്ത്, റവ. അജിത് വർഗീസ്, റവ.ഫാ.മാത്യൂ തോമസ്, പോൾ കറുകപ്പള്ളിൽ, ഫിലിപ്പോസ് ഫിലി



പ്പ്, ജോർജ് ജോസഫ്(ഇമലയാളി), ജോജി ടോം, ഫിലിപ്പ് ചെറിയാൻ, ടോം നൈനാൻ, കുരുവിള ചെറിയാൻ, റോയി ചെങ്ങന്നൂർ, സജി പോത്തൻ, ഷൈമി ജേക്കബ്, നോഹ ജോർജ്(ഗ്ലോബൽ കൊളിഷൻ), അജി കളീക്കൽ തുടങ്ങിയവർ വിവിധ സഭകളേയും, സംഘടനകളേയും, പ്രസ്ഥാനങ്ങളേയും പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി.

സെയിന്റ്സ് സിംഫണി സ്ക്കൂൾ ആരംഭിക്കുന്നതിന് താനൊരു പ്രചോദനമായി തീർന്നതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് ജേക്ക്സ് അക്കാഡമി ഓഫ് പബ്ളിക് സ്പീക്കിംഗ് ഡയറക്ടർ കൂടിയായ ഫാ.ജോബ്സൺ തന്റെ ആശംസാ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

ഡോ.ആനി സാമുവേൽ, സെയ്ന്റ്സ് സിംഫണി സ്ക്കൂളിനെ, റോക്ലാൻഡ് കൗണ്ടിയുടെ നെടുംതൂണായി വിശേഷിപ്പിക്കുകയും പിയാനോ, മ്യൂസിക് എന്നിവയിലൂടെ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് പ്രസ്തുത സ്ക്കൂളിലെ വിദ്യാർത്ഥിനി എന്ന നിലയിൽ തനിക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരം ലഭിച്ചുകൊണ്ടിരിക്കുന്നതായും തന്റെ ആശംസാ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു.

മൂന്ന് മണിക്കൂർ നേരം തുടർച്ചയായ കലാ വാസനകൾക്ക് ശേഷം സ്ക്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകി ആദരിക്കുകയുണ്ടായി. കൗണ്ടിയുടെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി ലഭിക്കുന്നതിൽ ഡോ.ആനി പോളിന്റെ നിസ്വാർത്ഥ സഹകരണം ലഭിച്ചു എന്നത് പ്രസ്താവ്യമാണ്. ന്യൂയോർക്ക് പ്ബ്ലിക്ക് സ്ക്കൂളിന്റെ നിസ്മാ(ചഥടടണഅ) പിയാനോ ഇവാലുവേഷനിൽ ഉയർന്ന മാർക്കു ലഭിച്ച വിദ്യാർത്ഥികൾക്ക് ട്രോഫികൾ നൽകുകയുണ്ടായി.

ദിവ്യാ ജേക്കബ് എം.സി.ആയിരുന്നു. ലിസാ ജോർജിന്റെ നന്ദി പ്രകാശനത്തിനും ഡിന്നറിനും ശേഷം ഈ വർഷത്തെ താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോയ്ക്ക് തിരശ്ശീല വീണു.


























SAINTS SYMPHONY
PIANO SCHOOL

















# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**










**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Serve in USA, Canada and India**

# നിര്യാതരായി



**ജെ.ജോസഫ്**

ഹൂസ്റ്റൺ: നീരേറ്റുപുറം തലവടി കണ്ടത്തിൽ ബഥനിയിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ റിട്ട. മാനേജർ ജെ.ജോസഫ് (ബേബി-88) ഹൂസ്റ്റണിൽ അന്തരിച്ചു. സംസ്കാരം ശനിയാഴ്ച ഹൂസ്റ്റണിൽ. ഭാര്യ: കൈതകുഴി വടക്കുംകര കിഴക്കേതിൽ അന്നമ്മ. മക്കൾ: ഡോ. ബിനി, ബിബി. മരുമക്കൾ: ഡോ.ലിമ, ഡോ.റജി.

**പി.ടി.തോമസ്**

ചിങ്ങവനം:പതിയിൽ പി.ടി.തോമസ് (കുഞ്ഞുഞ്ഞ് 85) അന്തരിച്ചു. ഭാര്യ: ഇറഞ്ഞാൽ വടാമറ്റം പരേതയായ ഏലിയാമ്മ. മക്കൾ: റെജി, റോയി, രാജു. മരുമക്കൾ: എൽസമ്മ മൂലയിൽ കുമരകം, സിൻസി തൈക്കൂട്ടത്തിൽ കല്ലിശ്ശേരി, സിനി അയിരൂർ കുറിച്ചി.




**കെ.വി. ജേക്കബ് കുന്തറ**

ചേർത്തല: പാണാപള്ളി പൂച്ചാക്കൽ കെ.വി. ജേക്കബ് കുന്തറ (100)അന്തരിച്ചു. അമേരിക്കൻ എഴുത്തുകാരൻ ബി. ജോൺ കുന്തറയുടെ വലിയമ്മാവനാണ് പരേതൻ. പാണാപള്ളി പൂച്ചാക്കലിൽ ചേർത്തല താലൂക്കിലെ ഒരു പ്രധാന ബിസിനസുകാരനായിരുന്നു. കൂടാതെ പൊതു രംഗങ്ങളിലും സാമൂഹിക തലത്തിലും വളരെ ബഹുമാനിതനായ ഒരു വ്യക്തി.നൂറാം ജന്മദിനം കഴിഞ്ഞദിവസം ആഘോഷിച്ചിരുന്നു. കേരളാ കോൺഗ്രസ്സിന്റെ ചേർത്തല താലൂക്ക് അധ്യക്ഷൻ ആയും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ത്രേസ്യാക്കുട്ടി അന്തരിച്ചു. മക്കൾ ചിന്നമ്മ (യു.എസ്.എ), ലില്ലി ക്കുട്ടി, ഔസേപ്പച്ചൻ, റോസ മ്മ,വർക്കിച്ചൻ (ഇന്ത്യ) കൊച്ചുറാണി



**പാസ്റ്റർ എബ്രഹാം പി. സാമുവേൽ**

ന്യൂയോർക്ക്: റാന്നി കീക്കോഴൂർ പൊട്ടകുളത്ത് പാസ്റ്റർ എബ്രഹാം പി. സാമുവേൽ (രാജൻ - 76) റോക്‌ലൻ ഡിൽ അന്തരിച്ചു .ഭാര്യ: സാറാമ്മ (പൊടിയമ്മ) സാമുവേൽ. മക്കൾ: ബിൻസി - ജിജിവർഗ്ഗീസ്, പാസ്റ്റർ ബിജോയി സാമുവേൽ -നിഷാ, പാസ്റ്റർ ജോൺ സാമുവേൽ - സിമി. കൊച്ചു മക്കൾ: സെലീന-മാർവിൻ, മെലിസ, ജെയ്സ്, അലിസ, എറിക്ക, ജൂഡ, ജോനാഥൻ സഹോദരങ്ങൾ: പരേതയായ ജെയിനാമ്മ കുരുവിള, ഫിലിപ്പോസ് എബ്രഹാം, എലിസബത്ത് തോമസ്, പാസ്റ്റർ ജെയിംസ് എബ്ര ഹാം, പരേതനായ ജോൺ എബ്രഹാം, സൈമൺ എബ്രഹാം, എസ്തർ സക്കറിയ, റൂത്ത് തോമസ്.



**മോഹൻ പി.പിള്ള**

വാഷിംഗ്ടൺ: കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ (കെഎജിഡബ്ല്യു) സ്ഥാപക അംഗവും 1980-ൽ പ്രസിഡന്റുമായിരുന്ന മോഹൻ പി.പിള്ള അന്തരിച്ചു. വൈക്കത്ത് ജനിച്ച അദ്ദേഹം 1971-ൽ അമേരിക്കയിലേക്ക് കുടിയേറി. സിവിൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദം നേടി. ഭാര്യ: ജയ മേനോൻ പിള്ള. മക്കൾ: ആനന്ദ് മോഹൻ പിള്ള, രവി പ്രഭാകരൻ പിള്ള. മരുമക്കൾ: ക്രിസ്റ്റിൻ സ്വെൻസൺ പിള്ള, എമിലി റോബ് പിള്ള. കൊച്ചുമക്കൾ: സോണ്ടേഴ്സ് മേനോൻ പിള്ള, ലിലിയൻ ആവണി പിള്ള, അഡിസൺ സ്വെൻസൺ പിള്ള, ബാങ്ക്സ് എഡ്വാർഡ് പിള്ള, ജൂൺ ജയ പിള്ള.



**ശ്യാം എസ്. മേനോൻ**


ഇരിഞ്ഞാലക്കുട/മെരിലാൻഡ്: ശ്യാം എസ്. മേനോൻ, 55, ഇരിഞ്ഞാലക്കുടയിൽ അന്തരിച്ചു.മേരിലാൻഡിലെ ബോയ്ഡ്സിലാണ് അദ്ദേഹം കുടുംബത്തോടൊപ്പം താമസിച്ചിരുന്നത്. ഭാര്യ രേഖ, മകൾ മൈഥിലി, അമ്മ അംബുജാക്ഷി.

**കെ.എ.ഏബ്രഹാം**

നെടുംകുന്നം:കോഴിമണ്ണിൽ കെ.എ.ഏബ്രഹാം (71) അന്തരിച്ചു. ഭാര്യ: കുളത്തൂർ മൂഴി പതാപറമ്പിൽ മോളി ഏബ്രഹാം. മക്കൾ: ജിജ, ജസ്റ്റിൻ. മരുമകൻ: ലിബിൻ അലക്സ് പടിഞ്ഞാറേ വീട്ടിൽ കുത്രപള്ളി.

**ശോശാമ്മ രാജു**

പാമ്പാടി: പരേതനായ രാജു കെ.ഏബ്രഹാമിന്റെ ഭാര്യ ശോശാമ്മ രാജു (സൂസി,73) അന്തരിച്ചു.




**ഡോ.എം.കെ ലൂക്കാ**

കോട്ടയം: സംക്രാന്തി: ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ കരിങ്കുന്നം ഓലിയാനിയ്ക്കൽ ഡോ.എം. കെ ലൂക്കാ (68) അന്തരിച്ചു. ഭാര്യ: കോട്ടയം കൊച്ചുപുരയ്ക്കൽ ലാലി അലക്സാണ്ടർ. മക്കൾ: അനൂജ് കുര്യൻ ലൂക്കോസ്, അമൽ സൈമൺ ലൂക്കോസ്, അലക്സാണ്ടർ കുരുവിള (എല്ലാവരും യു.എസ്.എ). ആദ്യ ഭാര്യ പരേതയായ കൊച്ചുത്രേസ്യാ കരിങ്കുന്നം വെൺമറ്റത്തിൽ കുടുംബാംഗമാണ്.

**ജോർജുകുട്ടി**

പുനലൂർ:വെട്ടിക്കാട്ട് (ബ്ലാവടി എസ്റ്റേറ്റ്) ജോർജുകുട്ടി (ജോർജ് തോമസ്71) അന്തരിച്ചു. ഭാര്യ: ഭരണങ്ങാനം മുണ്ടാട്ടുചുണ്ടയിൽ സുമ. മക്കൾ: തോമസ് ജോർജ്, മീര ജോർജ്. മരുമക്കൾ: അമ്മു ജെയ്മി പാടത്തിൽ (തൊടുപുഴ), വരുൺ ജോർജ്.



**ജയേഷ്**

കരിങ്കുന്നം: തോട്ടനാനിയിൽ ജയേഷ് (50) അന്തരിച്ചു.

**ജോർജ് സ്റ്റീഫൻ**

ചേനപ്പാടി:കുഴുപ്പിൽ പരേതനായ സ്റ്റീഫന്റെ മകൻ ജോർജ് സ്റ്റീഫൻ (വർക്കിച്ചൻ-53) അന്തരിച്ചു. ഭാര്യ: പട്ടിത്താനം പടിഞ്ഞാറേക്കുറ്റ് ഷിജി. മക്കൾ: മരിയ (ജർമനി), ആൻമേരി, സ്റ്റീഫൻ.

**ഇ.പി.രാജപ്പൻ**

കറുകച്ചാൽ:ഉമ്പിടി ഇ.പി.രാജപ്പൻ (80) അന്തരിച്ചു.ഭാര്യ: മാടപ്പള്ളി എഴോലിക്കൽ പി.എസ്.ലീലാമ്മ. മക്കൾ: ടി.ആർ.മോഹൻദാസ് (ചെങ്ങന്നൂർ), ടി.ആർ.ബിജു, ടി.ആർ.അജിത് കുമാർ. മരുമക്കൾ: കുഞ്ഞുമോൾ, ശോഭന, അഞ്ജലി.

**ചെല്ലമ്മ രാമൻ നായർ**

ഇളപ്പാനി:കൊന്നക്കൽ പരേതനായ എൻ.ജി.രാമൻ നായരുടെ ഭാര്യ ചെല്ലമ്മ രാമൻ നായർ (86) അന്തരിച്ചു.



**ചാക്കോ കുര്യൻ**

ഓണംതുരുത്ത്: മൈലടികുന്നേൽ (കുറുപ്പൻകിഴക്കേതിൽ) ചാക്കോ കുര്യൻ (87) അന്തരിച്ചു.

**സോഫിയാമ്മ കുര്യാക്കോസ്**

ഇഞ്ചിയാനി: മാപ്പിളക്കുന്നേൽ സോഫിയാമ്മ കുര്യാക്കോസ് (85) അന്തരിച്ചു. നെടുമുടി നടുവിലേപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ എം. കെ.കുര്യാക്കോസ്. മക്കൾ: ലാലിച്ചൻ, ലൗലി, ലാൻസി, ലിൻസൺ, ലൂസി ക്കുട്ടി, ലിഷ. മരുമക്കൾ: റോസമ്മ പ്ലാമ്പാനി (പൈക), റോയി നിറനാക്കൂട്ടിൽ, പരേതനായ വിത്സൺ മണ്ണ നാൽ, ടെൽമ അരിപ്ലാക്കൽ, വിത്സൺ പിച്ചാ ട്ടുകുടിയിൽ, അഡ്വ. ജോസി ആന്റണി

**ഭാരതി**

കുമരകം:പുത്തൻപറമ്പ് വീട്ടിൽ പരേതനായ പ്രഭാകരന്റെ ഭാര്യ ഭാരതി (84) അന്തരിച്ചു.



**അച്ചാമ്മ മാത്യു**

ചിങ്ങവനം: കൊണ്ടകശ്ശേരിൽ പരേതനായ റിട്ടയേർഡ് അധ്യാപകൻ കെ.എം മാത്യു സാറിന്റെ ഭാര്യ അച്ചാമ്മ മാത്യു (86) അന്തരിച്ചു. പരേത പുന്നത്തുറ നെല്ലിപുഴകുന്നേൽ പിള്ളവീട്ടിൽ കുടുംബാഗമാണ്. മക്കൾ: സണ്ണി, അന്നാമ്മ, എൽസമ്മ (റിട്ടയേർഡ് അദ്ധ്യാപിക). മരുമകൾ: കൂടല്ലൂർ ചിറവാലയിൽ എൽസമ്മ (റിട്ടയേർഡ് ഹെഡ്നേഴ്സ്), വാകത്താനം പ്ലാക്കുഴിയിൽ പരേതനായ തമ്പി, കരിങ്കുന്നം താഴത്തുറുമ്പിൽ ജോണി.

**ദാമോദരൻ നമ്പൂതിരി**

വൈക്കം:വെച്ചൂർ വൈകുണ്ഠപുരത്ത് ഇല്ലത്ത് ദാമോദരൻ നമ്പൂതിരി (89) അന്തരിച്ചു. ഭാര്യ: പരേതയായ സാവിത്രി അന്തർജനം. മക്കൾ: അജിതൻ നമ്പൂതിരി ആരതി അന്തർജനം. മരുമക്കൾ: ഉഷ അജിത്, അഡ്വ. സുബ്രഹ്മണ്യൻ നമ്പൂതിരി.



**യോഗഗുരു ശരത് ജോയ്സ്**

വിർജീനിയ: ട്രക്കിങ്ങിനിടെ ഹൃദയാഘാതം മൂലം യോഗഗുരു ശരത് ജോയ്സ് അന്തരിച്ചു.അഷ്ടാംഗ യോഗയുടെ പ്രയോക്താവും സെലിബ്രിറ്റി യോഗാ ഗുരുവുമാണ്. ഷാർലറ്റ്സിൽ സർവകലാശാലയുടെ കാമ്പസിനടുത്തുള്ള മല കയറുന്നതിനിടെ ഹൃദയാഘാതം സംഭവിക്കുകയായിരുന്നു. ഗ്വിനെത്ത് പാൽട്രോ,മഡോണ എന്നിവരെപ്പോലുള്ള സെലിബ്രിറ്റികൾ ഇദ്ദേഹത്തിന്റെ ശിഷ്യരായി രുന്നു. മൈസൂരുവായിരുന്നു ഇദ്ദേഹത്തിന്റെ ആസ്ഥാനം. ഒരു മാസത്തെ യുഎസ് ടൂറിന് എത്തിയതായിരുന്നു ശരത്. ലോകമെമ്പാടും ആയിരക്ക ണക്കിന് ശിഷ്യന്മാർ ശര ത്തിന്റെ വർക്ക്ഷോപ്പുകളിൽ പങ്കെടുത്തിരുന്നു, യോഗ പ്രോഗ്രാം മാനേജർ ജോൺ ബൾട്ട്മാനുമാണ് മരണം സ്ഥിരീകരിച്ചത്.


Pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News